**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, നമ്മുടെ സംസ്ഥാനത്തെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും അതുപോലെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സേവനങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് നിലവിൽ വന്നത്. സമീപകാലത്ത് വ്യാജ ഡോക്ടർമാരുമായി ബന്ധപ്പെട്ട ചില വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി ആക്റ്റ് പ്രകാരം എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിരിക്കണമെന്നുള്ളത് തീർച്ചയായും കേരളത്തിന്റെ ഒരു പൊതു ആവശ്യമായിതന്നെ നാം കാണേണ്ടതുണ്ട്. 2018-ൽ കേരള നിയമസഭ ഈ നിയമം പാസ്സാക്കിയെങ്കിലും അത് കോടതി വ്യവഹാരങ്ങളിലൂടെ മുന്നോട്ടുപോകുകയാണ്. ഇപ്പോൾ വിവിധ സംഘടനകളുമായി ചർച്ച ചെയ്ത് ഒരു സമന്വയമുണ്ടാക്കി ഈ ആക്റ്റ് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് സംസ്ഥാന

സർക്കാർ സ്വീകരിച്ചുവരുന്നത്. ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി സമഗ്രമായ ചട്ടങ്ങൾ രൂപീകരിക്കുകയും അവ സൂക്ഷ്മമായി പരിശോധന നടത്തുകയും ചെയ്ത വേളയിൽ പതിനഞ്ചാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ചൂണ്ടിക്കാണിച്ച ചില നിർദേശങ്ങളും അതോടൊപ്പം വകുപ്പ് കണ്ടെത്തിയ സാങ്കേതിക മാറ്റങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ഭേദഗതി സഭയ്ക്ക് മുമ്പാകെ അവതരിപ്പിച്ചത്. മറ്റ് കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചതിനുശേഷം പറയുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന്റെ പൊതുസത്തയോട് യോജിച്ചുകൊണ്ടാണ് ചില കാര്യങ്ങൾ സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നത്. കേന്ദ്ര സർക്കാർ 2012-ൽ ഈ ദൗത്യം ലക്ഷ്യമിട്ടുകൊണ്ട്

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം കൊണ്ടുവന്നു. അതിൽ രണ്ടുമൂന്ന് പ്രധാനപ്പെട്ട വിവരങ്ങൾ അതിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് വയ്ക്കുകയുമുണ്ടായി. അവ ഇന്ന് കരഗതമാക്കാൻ സാധിച്ചോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു ചർച്ചയും സന്ദേഹവും. ഇതിൽ 14-ാം വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ ഭേദഗതിയിൽ ' പ്രധാന ആക്റ്റിന്റെ 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ഡി), (ഇ) ഖണ്ഡങ്ങൾക്ക് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്' എന്ന ഭേദഗതിയിൽ പ്രധാനപ്പെട്ട മൂന്ന് മേഖലകളെ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ (ഐ.എസ്.എം.)-ലെയും ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെയും ജില്ലാ മെഡിക്കൽ ഓഫീസർമാരെയും സർക്കാർ നാമനിർദേശം ചെയ്യുന്ന ഒരു ഡെന്റൽ സർജനെയും ഉൾപ്പെടുത്തിട്ടുണ്ട്. അതിനെ പോസിറ്റീവായി കുറച്ചുകൂടി ബൃഹത്തായ രീതിയിലേക്ക് കൊണ്ടുവരാൻ നടപടികൾ സ്വീകരിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെ പ്രധാന ആക്റ്റിലെ 20-ാം വകുപ്പിന്റെ ഭേദഗതിയിൽ

"മൂന്ന്" എന്ന വാക്കിനുപകരം "അഞ്ച്" എന്നാക്കി മാറ്റി. അതായത് മൂന്ന് വർഷം എന്നുള്ളത് അഞ്ച് വർഷമാക്കി. അഞ്ച് വർഷം എന്നത് നീണ്ട കാലയളവാണ്. അതിൽ നിഷ്കർഷിക്കുന്ന വിവിധ തരത്തിലുള്ള വ്യവസ്ഥകളും ആദ്യത്തെ പരിശോധനാ സമയത്ത് നടത്തിയതിനുശേഷം പിന്നീട് അവർക്ക് അതിൽനിന്നും withdraw ചെയ്ത് വീണ്ടും പരിശോധനയുടെ സമയത്തേക്ക് കൊണ്ടുവരാൻ ഒരു ദീർഘമായ കാലാവധിയായി അത് ഉപയോഗപ്പെടുത്തുമോ എന്നുള്ള ഒരു സന്ദേഹം പങ്കുവയ്ക്കുകയാണ്. അതുകൊണ്ട് ഒരു interim arrangement നടത്തണം. പ്രോട്ടോക്കോൾ, പാരാമീറ്റേഴ്സ്, ക്വാളിറ്റി റിക്വയർമെന്റ്സ് എന്നിങ്ങനെ എന്തെല്ലാം കാര്യങ്ങൾ അവിടെ നിഷ്കർഷിച്ചിട്ടുണ്ടോ അത് മുഴുവൻ കൃത്യതയോടുകൂടി നടക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഒരു മെക്കാനിസം കൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണം എന്നുള്ളത് പ്രത്യേകമായി എടുത്ത് പറയാനാഗ്രഹിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധി എന്നത് നമുക്ക് എല്ലാ രീതിയിലുമുള്ള ടെക്നോളജിയും

ലഭ്യമാണെങ്കിലും സ്വകാര്യ മേഖലയിൽ സാധാരണക്കാർക്ക് നേരിടുന്ന മർമ്മ പ്രധാനമായ ബുദ്ധിമുട്ട് അവരുടെ സാമ്പത്തിക പ്രയാസങ്ങളാണ്. ഇന്ന് ഒരു ഫെയർ വാങ്ങുമ്പോൾ, ഒരു ചാർജ് ഈടാക്കുമ്പോൾ അതിൽ ഒരു ലെവൽ ഓഫ് സ്ലാബ് എല്ലാ മേഖലകളിലുമുണ്ട്. നിർഭാഗ്യവശാൽ നമ്മുടെ ആരോഗ്യ മേഖലയിൽ അത്തരമൊരു സാഹചര്യം നിലവിലില്ല എന്നുള്ളത് ഏറെ ഖേദകരമായ വസ്തുതയാണ്. അതിൽ ഓരോ ആശുപത്രികളിലും ക്യാഷ്വാലിറ്റിയിൽ ഓരോ തുകയാണ്, കോഴിക്കോട് IQRAA Hospital നല്ല ആശുപത്രിയാണ്, അവിടെ ക്യാഷ്വാലിറ്റിയിൽ പോയാൽ ആകെ 15 രൂപ മതി. ചില ആശുപത്രികളിൽ പ്രവേശിക്കുന്നതിനുപോലും 500-ഉം 1000-ഉം രൂപ വാങ്ങുന്നുണ്ട്. ഞാൻ ഒരു ആശുപത്രിയുടെയും പേര് പറയുന്നില്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിവിധ ആശുപത്രികളുമുണ്ട്. ഒരു പനി വന്നാൽ സാധാരണക്കാരൻ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നതുപോലെതന്നെ സ്വകാര്യ ആശുപത്രികളെയും ആശ്രയിക്കും. എന്നാൽ അവിടെ എത്തുമ്പോൾ നടത്താത്ത പരിശോധനകൾ കാണില്ല. തിരികെ വരുമ്പോൾ ലഭിക്കുന്ന ബില്ലിന് surety നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന ഒരു

എം.എൽ.എ.യാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിലെ എന്റെ നാട്ടിലെ.....

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ഒരുകാര്യംകൂടി കൂട്ടിച്ചേർക്കാൻ ഞാൻ ശ്രമിക്കുകയാണ്. പല ആശുപത്രികളിലും നഴ്സിങ് ചാർജ്ജുണ്ട്. ബിൽ വരുമ്പോഴാണ് ഒരു പ്രാവശ്യം മരുന്നുകൊടുത്തതിന് 100 രൂപ ചാർജ് ചെയ്യുന്നുണ്ടെന്ന് അറിയുന്നത്. ഇത് പകൽ കൊള്ളയാണ്. അതിന് ഏതെങ്കിലും തരത്തിൽ ഇടപെടാൻ കഴിയുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പറഞ്ഞുവന്ന വിഷയത്തിന്റെ മറ്റൊരു കണക്റ്റഡ് ഭാഗമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. വി. ശ്രീനിജിൻ പൂരിപ്പിച്ചത്. എല്ലായിടത്തും വ്യത്യസ്തമായ തുകയാണ് ഈടാക്കുന്നത്. ലാബിലെ പരിശോധനയുടെ തുക വ്യത്യസ്തമാണ്, ഡോക്ടർമാരുടെ ചാർജ് വ്യത്യസ്തമാണ്, നഴ്സുമാരുടെ ചാർജ് വ്യത്യസ്തമാണ്, എല്ലാ പരിശോധനകളുടെയും ചാർജ് വ്യത്യസ്തമാണ്. ഇതിലൊരു slabbing സിസ്റ്റമുണ്ടാകണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഒരേ ഡിഗ്രി പഠിച്ച,

ഒരേ പരിശോധനകൾക്കുള്ള കമ്പോണന്റ് ഉപയോഗിക്കുന്ന വ്യത്യസ്തമായ ആശുപത്രികളിൽ എങ്ങനെയാണ് വ്യത്യസ്തമായ ചാർജ് ഈടാക്കുക? അത് ഒരുകാരണവശാലും പാടില്ലാത്തതാണ്. രണ്ട് കാര്യം ഇവിടെ പ്രധാനമാണ്. ഒന്ന്; സ്വകാര്യ ആശുപത്രികളോട് മത്സരിച്ച് മുന്നോട്ടുപോകുന്നതിന് സർക്കാർ ആശുപത്രികളെ കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികൾക്ക് നേതൃത്വം കൊടുക്കണം. അതിന് ഈ ഗവൺമെന്റ് കുറേ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. എല്ലാ ഗവൺമെന്റുകളും നടത്തിവരുന്നുമുണ്ട്. ആരോഗ്യ സൂചികയിൽ നമുക്ക് മുന്നേറ്റമുണ്ട്. അതോടൊപ്പം കൃത്യമായ സ്ലാബ് നിജപ്പെടുത്തൽ അതിന്റെ ഭാഗമായുണ്ടാകണമെന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂടിയുണ്ട്, ലോകത്തെ വികസിത രാജ്യങ്ങളിൽ പലയിടത്തും ഒരു വ്യക്തിക്ക് ഒരു മെഡിക്കൽ ഫയലാണുള്ളത്. ഉദാഹരണത്തിന്; ശ്രീ. ടി. സിദ്ദിഖ് എന്ന ഞാൻ അമേരിക്കയിലോ ഫ്രാൻസിലോ ആണെങ്കിൽ എനിക്ക് ആ രാജ്യത്തിനകത്തും പുറത്തും എന്റെ മെഡിക്കൽ ഫയൽ സിംഗിളാണ്. ലോകത്ത് എവിടെ പോയാലും ആ ഫയൽ എനിക്കും എന്നെ പരിശോധിക്കുന്ന ഡോക്ടർമാർക്കും

ആക്സസ് ചെയ്യാൻ സാധിക്കും. എന്നാൽ കേരളത്തിൽ ഇത്തരം ഫയലുകൾ സ്വകാര്യ ആശുപത്രിയുടെ സമ്പത്താണ്. ഈ ഫയൽ പുറത്തുള്ള ആശുപത്രികൾക്ക് ആക്സസ് ചെയ്യാൻ സാധിക്കില്ല. എല്ലാ ആശുപത്രികളും ഒരുപരിധിവരെ കമ്പ്യൂട്ടറൈസ്ഡാണ്. നമ്മുടെ സർക്കാർ ആശുപത്രികളും അതനുസരിച്ച് മെച്ചപ്പെട്ടുവരുന്നുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിതമായി കൂടുതൽ മെച്ചപ്പെടാനുള്ള നടപടികളെടുക്കണം. ഒരു വ്യക്തിക്ക് ഒരു മെഡിക്കൽ ഫയൽ എന്നത് കൊണ്ടുവരണം. ഒരാൾ പെട്ടെന്ന് ബോധംകെട്ട് വീണു അല്ലെങ്കിൽ പെട്ടെന്ന് ഹൃദയസ്തംഭനം വന്നാൽ അദ്ദേഹം തൊട്ട് തലേദിവസം വരെ ആശുപത്രിയിൽ കാണിച്ചിട്ടുണ്ടാകും. അവിടെ അദ്ദേഹത്തിന്റെ ആരോഗ്യപരമായി ബന്ധപ്പെട്ട എല്ലാ ഫയലുകളുമുണ്ടാകും, ഇത് മറ്റ് ആശുപത്രിയിലെ ഡോക്ടർമാർക്ക് അക്സസ് ചെയ്യാൻ സാധിച്ചാൽ അതിലുള്ള എല്ലാ കാര്യങ്ങളും അറിയാൻ സാധിക്കും. പക്ഷെ കേരളത്തിൽ ഈ പരിശോധന ഒന്നുകൂടി ആദ്യം മുതൽ നടത്തുമ്പോഴേയ്ക്കും രോഗി മരിച്ചുകഴിഞ്ഞിരിക്കും. ഡാറ്റ/ഫയൽ/ഐ.ഡി. എന്നത് ഒരു കോമൺ ഐ.ഡി. ആയി മാറിയാൽ ആ വ്യക്തിയെ രക്ഷപ്പെടുത്താൻ സാധിക്കും.

അതീവഗൗരവമുള്ള ഒരു പ്രശ്നമാണിത്. നമ്മുടെ സംസ്ഥാനം അതിനുള്ള ക്രമീകരണത്തിലേയ്ക്ക് കടക്കണം. അതൊരു വ്യക്തിയുടെ അവകാശമാണ്. ഒരു വ്യക്തിയെ സംബന്ധിച്ച്....

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. യു. എ. ലത്തീഫ്)

ശ്രീ. ടി. സിദ്ദിഖ്: സർ, ചെയറിലെ പുതിയ രണ്ട് അംഗങ്ങളെ പ്രത്യേകം അഭിവാദ്യം ചെയ്യുന്നു.

എന്റെ ആരോഗ്യ പരിശോധനസംബന്ധമായ ഫയൽ എനിക്കും ഞാൻ ചികിത്സ തേടുന്ന എല്ലാ ആശുപത്രികൾക്കും accessible ആകണമെന്നത് ഒരു പൗരന്റെ ആരോഗ്യപരമായ അവകാശമാണ്. അത് നടപ്പാക്കാൻ സർക്കാർ തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന പ്രധാന കാര്യമാണ് ഇതിന്റെ ഭാഗമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ രണ്ടുമൂന്ന് കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. വൈത്തിരി താലൂക്ക് ആശുപത്രിയെക്കുറിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക്

അറിയാവുന്നതാണ്. വളരെ പ്രയാസകരമായ സാഹചര്യമായിരുന്നു അവിടെയുണ്ടായിരുന്നത്. അവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ സന്ദർശനമുണ്ടായി. ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി അവിടത്തെ ജനറൽ ആശുപത്രിയിലും വൈത്തിരി ആശുപത്രിയിലും വന്നതിനുശേഷം വെറ്റിനറി ആശുപത്രിയിലെ ഓഡിറ്റോറിയത്തിൽ നമ്മളെല്ലാവരുമായി ചേർന്ന് സംവദിച്ചു. അപ്പോൾ അവിടെയുള്ള രണ്ട് ഡോക്ടർമാരിൽ ഒരാളുടെ പേര് ഉൾപ്പെടെ പരാമർശിച്ച് അവരെ അടിയന്തരമായി മാറ്റണമെന്ന് പറഞ്ഞു. എന്നാൽ ഇന്ന് അവിടെയുള്ള ഡോക്ടർമാരെ മാറ്റരുതെന്നാണ് എന്റെ അഭിപ്രായം. അങ്ങയുടെ സന്ദർശനവും തുടർനടപടികളും അവിടെ വലിയ മാറ്റങ്ങളുണ്ടാക്കി. അവിടെ മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വളരെ ഗംഭീരമായി ഏറ്റവും കൂടുതൽ നടക്കുകയാണ്. അവിടെ ഞങ്ങൾക്ക് ചില ആവശ്യങ്ങളുണ്ട്. മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നുവെന്നുള്ളത് മാത്രമല്ല Plasma Rich Protein Therapy (PRT)...... ശ്രീചിത്ര തിരുനാൾആശുപത്രി ഉൾപ്പെടെ അതിപ്രധാനമായ ആരോഗ്യ സ്ഥാപനങ്ങളിലാണ് മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നത്.

അറുപതിലധികം തെറാപ്പി അവിടെ നടന്നു. Step-by-step ആയി ഞങ്ങൾ ഒന്നിച്ച് പോകുമ്പോഴാണ് എന്നോട് ഒരു CR machine (Computed Radiography) അടിയന്തരമായി ആവശ്യപ്പെട്ടത്. ഞാൻ ആ ദിവസംതന്നെ കളക്ടർക്ക് കത്ത് കൊടുത്തതിന്റെ ഫലമായി CR machine എത്തിച്ചു. പുതിയ കെട്ടിടം, പുതിയ ലാബ്, അനുബന്ധ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെ ആളുകളുടെ ആശ്രയമായി ആശുപത്രി വികസിക്കുകയാണ്. വൈത്തിരി ആശുപത്രിയെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഒന്ന്; അവിടെ മെഡിസിൻ കൺസൾട്ടന്റ് പോസ്റ്റും ഗൈനക് കൺസൾട്ടന്റ് പോസ്റ്റും 5 വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. ഒരു ആശുപത്രിയെ സംബന്ധിച്ച് ഈ രണ്ട് പോസ്റ്റുകളും പ്രധാനമാണ്. വൈത്തിരി ആശുപത്രിയുടെ പ്രത്യേകത അവിടെ വന്ന് കണ്ടതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. ചൂരൽമലയിലും മുണ്ടക്കൈയിലും അപകടമുണ്ടായപ്പോൾ നൂറുകണക്കിന് ആളുകളെ ചികിത്സിക്കാൻ നേതൃത്വം കൊടുത്ത സ്ഥാപനമാണത്. അവിടെ നിരവധി പോസ്റ്റ്മോർട്ടങ്ങൾ നടന്നു. പല രീതിയിലുമുള്ള പ്രയാസകരമായ

സാഹചര്യങ്ങളെ അതിജീവിച്ചു. പുതിയ ബ്ലോക്കിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടില്ലെങ്കിലും ഞങ്ങളത് ചെറിയ രീതിയിൽ ഉപയോഗിക്കാൻ തുടങ്ങിയതുകൊണ്ട് മാത്രം പിടിച്ചുനിൽക്കുകയാണ്. ഞാൻ DHS-നെ നേരിട്ട് കണ്ടിരുന്നു. ഞാൻ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും പ്രത്യേക താൽപര്യമെടുത്ത് അത് ഏകോപിപ്പിക്കാൻ എല്ലായിടത്തേതും പോലെ ബഹുമാനപ്പെട്ട മന്ത്രി അവിടെയും ശ്രമിച്ചു. ഈ രണ്ട് തസ്തികകളും അടിയന്തരമായി നിർവഹിച്ചുതരാനുള്ള നടപടിയുണ്ടാകണം. അതുപോലെ അവിടെ സ്റ്റാഫ് നഴ്സിന്റെ അഭാവമുണ്ട്. അവിടെ 18 സ്റ്റാഫ് നഴ്സുമാരാണുള്ളത്. കുറഞ്ഞത് 28 മുതൽ 30 സ്റ്റാഫ് നഴ്സുമാരുണ്ടെങ്കിലേ ആ സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുകയുള്ളൂ. നിലവിൽ അവിടെ ഒരൊറ്റ കിടക്കകളും ഒഴിവില്ല. സന്നദ്ധസംഘടനകളും ഞങ്ങളുമൊക്കെ ചേർന്ന് കുറേ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. സ്റ്റാഫ് നഴ്സിന്റെ strength-ഉം അനുബന്ധ സംവിധാനങ്ങളും ക്രമീകരിക്കാനുള്ള നടപടിയുണ്ടാകണമെന്ന് പ്രത്യേകം എടുത്തുപറയുകയാണ്. ഇന്ത്യാ രാജ്യത്ത് സോഷ്യൽ റെസ്പോൺസിബിലിറ്റി ഏറ്റവും സൂക്ഷിച്ച രത്തൻ ടാറ്റയുടെ പേരിൽ ഞാൻ ആദരാഞ്ജലികൾ

അർപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. സാമൂഹിക പ്രതിബദ്ധത ഇത്രയധികം പ്രകടിപ്പിച്ച ഒരു വ്യവസായി ഇന്ത്യാ രാജ്യവും ലോകവും കണ്ടിട്ടില്ല. അജ്മൽ അമീർ കസബിന്റെ നേതൃത്വത്തിൽ പാകിസ്ഥാൻ തീവ്രവാദികൾ മുംബൈ റെയിൽവേ സ്റ്റേഷനും താജ് ഹോട്ടലും ഉൾപ്പെടെ ആക്രമിച്ചപ്പോൾ അതിന്റെ തുടർച്ചയായി ആ മനുഷ്യൻ അവിടെ വന്ന് "എന്റെ സ്ഥാപനം സമ്പൂർണമായി പുനർനിർമ്മിക്കാൻ ഞാൻ സർക്കാരിന്റെ സഹായം തേടില്ല കാരണം ഇതെന്റെ ഉത്തരവാദിത്വമാണെന്നാണ് പറഞ്ഞത്. എന്റെ രാജ്യത്തിന് ഒരു കേടുപാടും പറ്റിയിട്ടില്ലെന്ന് ലോകത്തിന് മുമ്പിൽ തെളിയിച്ചുകൊടുക്കേണ്ട ബാധ്യത ഞാൻ നിർബന്ധമായും വ്യക്തിപരമായി ഏറ്റെടുക്കുകയാണെന്ന്" ആണ് അദ്ദേഹം പറഞ്ഞത്. തന്റെ വരുമാനത്തിന്റെ 65 ശതമാനം ഈ രാജ്യത്തെ പാവപ്പെട്ട ആളുകളുടെ ആരോഗ്യ മേഖല, സാമൂഹിക വികാസപ്രക്രിയ, വിദ്യാഭ്യാസക്രമം എന്നിവയ്ക്കൊക്കെ നേതൃത്വം കൊടുക്കുന്നതായിരിക്കുന്ന ആ വലിയ മനുഷ്യൻ വൈത്തിരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ലെവൽ ത്രീ ട്രോമാ കെയർ നിർമ്മിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്താൻ ഒരു ടീമിനെ

അയയ്ക്കുകയും ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ അവിടെ ലെവൽ ത്രീ ട്രോമാ കെയർ നടപ്പാക്കാൻ പോകുകയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, സംസ്ഥാനത്ത് പല സ്വകാര്യ ആശുപത്രികളും കേന്ദ്രീകരിച്ച് അവയവ കച്ചവടം നടക്കുന്നുവെന്ന ആക്ഷേപം വ്യാപകമായിട്ടുണ്ടെന്നും മസ്തിഷ്ക മരണം സംഭവിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്ന ആളുകളുടെ ശരീരമാണ് അതിന് വിധേയമാക്കുന്നത് എന്ന ആക്ഷേപങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയൊരു സാഹചര്യം പരിപൂർണ്ണമായും ഒഴിവാക്കപ്പെടുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഒരുനിലയിലുമില്ലെന്ന് ഉറപ്പുവരുത്തുന്നതിന് കർക്കശമായ നിയമവ്യവസ്ഥയും പരിരക്ഷയുമുണ്ടാകണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, തീർച്ചയായും ആർക്കും വിയോജിക്കാൻ കഴിയാത്ത പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഇവിടെ ചൂണ്ടിക്കാണിച്ചത്.

ടാറ്റ ഗ്രൂപ്പിന്റെ ഏറ്റവും വലിയ സമ്പത്ത് എന്താണെന്ന് ചോദിച്ചാൽ, ഒരു വ്യവസായിക്ക്/ഒരു സംരംഭകന് ഉണ്ടായിരിക്കേണ്ട ക്രാന്തദർശിത്വവും

ഉൾക്കാഴ്ചയും ദൂരക്കാഴ്ചയുമൊക്കെ അതീവപ്രകടമായിട്ടുള്ള ആ വലിയ മനുഷ്യൻ അമേരിക്കയിൽ ചർച്ചയ്ക്ക് പോയപ്പോൾ നിന്ദ്യനായിനിന്ന് തിരിച്ചുപോന്നു. ആ മനുഷ്യൻ ഇന്ന് കാർ കമ്പനിയുൾപ്പെടെയുള്ളവ വാങ്ങി ലോകത്തിന്റെ മുമ്പിൽ പ്രധാനപ്പെട്ട സർവമേഖലകളിലേയ്ക്കും വ്യാപിച്ചതായ വലിയ ബിസിനസ് സാമ്രാജ്യത്തിന് നേതൃത്വം നൽകി. കോവിഡ് കാലത്ത് താജ് പബ്ലിക് സർവീസ് വെൽഫെയർ ട്രസ്റ്റ് രൂപീകരിച്ച് 500 കോടി രൂപയുടെ വലിയ പ്രവർത്തനമാണ് അദ്ദേഹം നടത്തിയത്. ബാല്യകാലത്ത് അച്ഛനും അമ്മയും വേർപിരിഞ്ഞതിനുശേഷം അനുഭവിച്ച വേദനകൾ മുഴുവൻ ഒപ്പിയെടുത്ത് പൊതുസമൂഹത്തിനായി ജീവിച്ച ആ വലിയ മനുഷ്യൻ കാലയവനികയ്ക്കുള്ളിലേയ്ക്ക് നടന്നുപോകുമ്പോൾ, ദുരിതമനുഭവിച്ചപ്പോൾ അവിടേയ്ക്ക് പ്രതിനിധികളെ അയച്ച് ഏകോപന ചർച്ചകൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് ഒരൊറ്റ ചർച്ചയിൽത്തന്നെ തീരുമാനമെടുത്തപ്പോൾ അവരുടെ ടീം ചോദിച്ച ഒരു ചോദ്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ ആ ചോദ്യം വയ്ക്കാനാണ് ഞാൻ ഇക്കാര്യങ്ങളൊക്കെ പറഞ്ഞത്. "ഞങ്ങൾ എക്യുപ്മെന്റുകൾ നൽകാം, അതിനാവശ്യമായ ബിൽഡിങ് നിർമ്മിച്ച് നൽകാം, അനുബന്ധ

സംവിധാനങ്ങൾക്കൊക്കെ നൽകാം" എന്ന് പറഞ്ഞു. എന്നാൽ ലെവൽ ത്രീ ട്രോമാ കെയർ നടപ്പാകുമ്പോൾ നിങ്ങൾ അതെങ്ങനെ നടത്തിക്കൊണ്ടുപോകും എന്നതായിരുന്നു അവർ ചോദിച്ച ചോദ്യം. അവിടെ നിങ്ങൾക്ക് ആവശ്യമുള്ള സ്റ്റാഫിനെയും ഡോക്ടേഴ്സിനെയും ലഭിക്കുമോ; ലെവൽ ത്രീ ട്രോമാ കെയർ സെന്റർ വരുമ്പോൾ രണ്ട് ഓർത്തോ ഡോക്ടർമാരും രണ്ട് സർജറി ഡോക്ടർമാരും രണ്ട് അനസ്തസ്റ്റിസും നാഷണൽ ഗൈഡ് ലൈൻ അനുസരിച്ചുള്ള കാര്യങ്ങളുമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. നിലവിൽ ഓരോ ആളുകളാണ് വൈത്തിരി താലൂക്കാശുപത്രിയിലുള്ളത്. അത് ഓരോന്നും കൂട്ടുന്നതിനാവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി അവിടെയുണ്ടാകണമെന്ന് പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. ഹിന്ദുസ്ഥാൻ.......

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ബഹുമാന്യനായ അംഗം ശ്രീ. ടി. സിദ്ദിഖ് ആരോഗ്യമേഖലയുടെ പ്രശ്നങ്ങൾ വളരെ ഗൗരവത്തിൽ അവതരിപ്പിക്കുകയും അദ്ദേഹത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിലെ പേരാവൂർ താലൂക്കാശുപത്രിയുമായി

ബന്ധപ്പെട്ട് അവിടത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ എനിക്ക് ഇപ്പോൾ അയച്ച മെസേജ് ബഹുമാനപ്പെട്ട ചെയറിന്റെ അനുമതിയോടുകൂടി ചുരുങ്ങിയ സമയംകൊണ്ട് വായിക്കാം "പ്രിയമുള്ളവരെ, ഇന്നലെ നമ്മുടെ ലേബർ റൂമിൽ ഒരു കാര്യം നടന്നു. രണ്ടാമത്തെ പ്രസവത്തിനായി ഒരു ഗർഭിണി അഡ്മിറ്റായി. കുട്ടി പുറത്തുവരുന്നതിനുമുമ്പ് കുട്ടിയുടെ പൊക്കിൾക്കൊടി പുറത്തുവന്നു. അഞ്ച് മിനിട്ടിനുള്ളിൽ കുട്ടിയെ പുറത്തെടുത്തില്ലെങ്കിൽ കുട്ടി മരിക്കാൻ നൂറുശതമാനം സാധ്യതയുള്ള അവസ്ഥ. നമ്മുടെ ആശുപത്രിയിൽ മയക്കം കൊടുക്കാനുള്ള ഡോക്ടറില്ല. എന്ത് ചെയ്യും? ഡോ. രേഷ്മ (സൂപ്രണ്ട്) എന്നെ വിളിച്ച് രോഗിയെയുംകൊണ്ട് ആംബുലൻസിൽ മട്ടന്നൂരിലുള്ള സ്വകാര്യ ആശുപത്രിയിലേയ്ക്ക് പോകുകയാണെന്ന് പറഞ്ഞു. സർ പ്രാർത്ഥിക്കുമല്ലോ? ആശുപത്രിയിൽ സുരക്ഷിതമായി അമ്മയെ എത്തിച്ചു. അമ്മയും കുഞ്ഞും രക്ഷപ്പെട്ടു. രേഷ്മ ഡോക്ടറെയും ലേബർ റൂമിൽ അപ്പോഴുണ്ടായിരുന്ന സ്റ്റാഫിനെയും എത്ര പ്രശംസിച്ചാലും മതിയാകില്ല. അത് അവരുടെ ദൈനംദിന ഡ്യൂട്ടിയായി കാണാൻ കഴിയില്ല. Congratulations Dr. Reshma and team, you uplifted our institution to a level that we can all be proud of. "

ഇതാണ് അവസ്ഥ. ആ ഡോക്ടറെ അനുമോദിക്കുന്നു. താലൂക്കാശുപത്രിയിലെ സൂപ്രണ്ടിന്റെ അവസരോചിതമായ ഇടപെടലിനെ അഭിനന്ദിക്കുന്നതോടൊപ്പം അവിടെ ഒരു അനസ്തേഷ്യ ഡോക്ടർ ഇല്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ അങ്ങ് ശ്രമിക്കുമോ?

ഡോ. മാത്യു കുഴൽനാടൻ: സർ, പൊതുവെ കേരളത്തിൽ എല്ലാവരും അനുഭവിക്കുന്ന ഒരു കാര്യം ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരളത്തിലെവിടെയും ഹെപ്പറ്റൈറ്റിസ് ബി-ക്കുള്ള മരുന്ന് ലഭ്യമല്ല. ആറ് മാസമായിട്ട് ഹെപ്പറ്റൈറ്റിസ് ബി ഇഞ്ചക്ഷൻ എടുക്കാൻ കഴിയുന്നില്ല. ഹെപ്പറ്റൈറ്റീസ് ബി ഇഞ്ചക്ഷൻ എടുക്കാതെ ചിലർക്ക് വിദേശ രാജ്യങ്ങളിലേക്ക് പോകാൻ സാധിക്കാത്ത പ്രശ്നങ്ങളുണ്ട്. അതിനുള്ള മരുന്ന് ഇന്ത്യയിൽത്തന്നെ ലഭിക്കുമോയെന്ന് അറിയില്ല. കേരളത്തിലൊരിടത്തും ലഭിക്കാനില്ലെന്നാണ് എനിക്ക് ലഭിച്ച വിവരം. ഇതുപോലെ അത്യാവശ്യമായ മരുന്നുകളുടെ ക്ഷാമം കേരളത്തിലുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ ഗൗരവമായതും അടുത്തറിയുന്നതുമായ പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി പറഞ്ഞ കാര്യങ്ങളുടെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായും ഉൾക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി വയനാട്ടിൽ ഇടയ്ക്കിടെ വരികയും ആരോഗ്യ മേഖല സന്ദർശിക്കുകയും ഇടപെടുകയും ചെയ്യുന്നുണ്ട്. അങ്ങേയ്ക്ക് വയനാടിന്റെ സാഹചര്യങ്ങളെ സംബന്ധിച്ച് കുറെയെല്ലാം അറിയുന്നതാണ്. ഞങ്ങൾക്കൊരു അപകടം സംഭവിച്ചാൽ ചുരമിറങ്ങിപോകണം. വയനാട്ടിലെ ചൂരൽമലയിൽ ദുരന്തമുണ്ടായപ്പോൾ അവ്യക്ത് എന്ന കൊച്ചുമിടുക്കന്റെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ സംസാരിക്കുകയും മന്ത്രി അതിലിടപെടുകയും ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ കൂടിചേരൽ നടത്തി അതിൽ പങ്കെടുത്ത ആളാണ് ഞാൻ. ബഹുമാനപ്പെട്ട മന്ത്രി ഉടനെ അതിലിടപെട്ടതിന് ഞാൻ നന്ദി പറയുന്നു. അവ്യക്തിനെ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുമ്പോഴും മാർഗ്ഗതടസ്സമുണ്ടായി. എനിക്ക് എച്ച് വൺ-എൻ വൺ പനി ബാധിച്ചതിനെ തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് പോകുന്ന

വേളയിൽ മൂന്ന് സ്ഥലത്ത് ചുരം ബ്ലോക്കിൽപ്പെട്ടു. എണ്ണിയാലൊടുങ്ങാത്ത ആളുകൾ ചുരം ബ്ലോക്കിൽപ്പെട്ട് മരണമടഞ്ഞ ഒരു സ്ഥലമാണ് വയനാട് ജില്ല. ദുരന്തമുണ്ടായ സ്ഥലത്തുനിന്നും അവ്യക്തിനെ എടുത്തപ്പോൾ അവന്റെ മൂക്കിലും ചെവിയിലും ശ്വാസകോശത്തിലും ആമാശയത്തിലും ചെളിയായിരുന്നു. ആരോഗ്യ മേഖലയിലെ C.P.R. (Cardiopulmonary Resuscitation) അടക്കമുള്ള കാര്യങ്ങൾ അറിയുന്ന ഒരാളായതുകൊണ്ട് ഉടനെ അവന്റെ മൂക്കിൽനിന്നും ചെവിയിൽനിന്നും വായിൽനിന്നും മണ്ണ് വായ്കൊണ്ട് വലിച്ചെടുത്ത് അവന് ശ്വാസം നൽകി. അങ്ങനെയാണ് ആ കുട്ടി ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നത്.

<u>ചെയർപേഴ്സൺ</u>: ശ്രീ. ടി. സിദ്ദിഖ് 22 മിനിട്ടായി. അങ്ങ് കൺക്ലൂഡ് ചെയ്യാൻ ശ്രമിക്കണം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട ബില്ലായതുകൊണ്ടാണ് അധികസമയമെടുക്കുന്നത്. ഞാൻ താളം തെറ്റി പോയിട്ടില്ല. ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് ശ്രദ്ധിക്കാം. വളരെ അപകടകരമായ ആരോഗ്യ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ജില്ലയാണ്

വയനാട്. ഞങ്ങളുടെ മെഡിക്കൽ കോളേജിനെ ദുർബലാവസ്ഥയിൽനിന്നും മെല്ലെ കരകയറുന്നതിനുവേണ്ട ശ്രമങ്ങൾക്ക് ഗവൺമെന്റ് നേതൃത്വം കൊടുക്കുകയാണ്. ആരോഗ്യ മേഖലയിൽ ഇരുപത് ശതമാനത്തോളം വരുന്ന ട്രൈബൽ കമ്മ്യൂണിറ്റിയടക്കമുള്ള വളരെ fragile society-യുള്ള സ്ഥലമാണ് വയനാട്. ഞങ്ങൾക്ക് ആകെയുള്ളത് DMWIMS മെഡിക്കൽ കോളേജും **തലശ്ശേരി** മെഡിക്കൽ കോളേജുമാണ്. അവിടെ പ്രൈവറ്റ്-ഗവൺമെന്റ് സഹകരണം നല്ലതും കുറച്ചുകൂടി ശക്തി പ്രാപിക്കുകയും ചെയ്യുന്നതുകൊണ്ട് കുറെ കാര്യങ്ങൾ നടക്കുന്നു. അവർക്ക് അതിന്റേതായ ബുദ്ധിമുട്ടുകൾ വേറെയുണ്ട്. ഗവൺമെന്റ് സെക്ടറിൽനിന്ന് ലഭിക്കാനുള്ള കുറെ പണത്തിന്റെ പ്രയാസങ്ങളും പരിമിതികളുമുണ്ട്. അക്കാര്യം ഗവൺമെന്റിന് അറിയാവുന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ലെവൽ ത്രീ ട്രോമാ കെയറിനെ ഒരു എക്സലന്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾക്ക് ഞങ്ങൾ നേതൃത്വം കൊടുത്തു. സർക്കാർ അതിന് നേതൃത്വം നൽകുമോ; ഞങ്ങൾ അതിന്റെ ആത്മാവുമായി ബന്ധപ്പെട്ടുകൊണ്ടാണ് സംസാരിക്കുന്നത്. അങ്ങ് ഇതിന് പ്രത്യേകമായ മീറ്റിങ്

നടത്തി ആവശ്യമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ചെയർപേഴ്സൺ: പ്ലീസ്....... കൺക്ലൂഡ് .........

ശ്രീ. ടി. സിദ്ദിഖ്: സർ, അവിടെ സി.ടി. സ്കാൻ മെഷീൻ സ്ഥാപിക്കുന്നതിന് ഹിന്ദുസ്ഥാൻ ലാറ്റക്സ് സമ്മതിച്ചിരുന്നുവെന്ന കാര്യം ഗവൺമെന്റിന് അറിയാം. ഗവൺമെന്റിന്റെ മുമ്പിൽ അതിന്റെ ഫയലുണ്ട്. അതിന്റെ ഏകോപനം ഗവൺമെന്റ് നടത്തുന്നുണ്ട്. അവിടെ സി.ടി. മെഷീൻ സ്ഥാപിക്കണമെങ്കിൽ 160 കെ.വി. ജനറേറ്റർ ആവശ്യമാണ്. ആരോഗ്യ മേഖലയിൽ ഏറ്റവും പുറകിലായിരിക്കുന്ന ഒരു സൊസൈറ്റിയുള്ള സ്ഥലത്ത് അടിയന്തരമായി സി.ടി. സ്കാൻ മെഷീൻ സ്ഥാപിക്കേണ്ടതുണ്ട്. അത് ആവശ്യമാണെന്ന് ടാറ്റാ ഗ്രൂപ്പിന്റെ ചർച്ചയിലും പറഞ്ഞു. അതെല്ലാം ഓഫർ ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ പറഞ്ഞു. അതിന് 80-85 ലക്ഷം രൂപ ആവശ്യമാണ്. ഞങ്ങളെകൊണ്ട് സാധിക്കുന്നതെല്ലാം ഞങ്ങൾ ചെയ്യുന്നുണ്ട്. അത് അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

Chairperson: Shri T. Siddique, You please cooperate and try to conclude as soon as possible.

ശ്രീമതി ഉമ തോമസ്: സർ, തൃക്കാക്കര നിയോജകമണ്ഡലം ഒരു പഞ്ചായത്തുപോലുമില്ലാത്ത അർബൻ മണ്ഡലമാണ്. ഒരു താലൂക്കാശുപത്രിയിൽ പോകണമെങ്കിൽ ആലുവ മണ്ഡലത്തിലേയ്ക്കും ജനറൽ ഹോസ്പിറ്റലിനുവേണ്ടി എറണാകുളം മണ്ഡലത്തിലേയ്ക്കും മെഡിക്കൽ കോളേജിനുവേണ്ടി കളമശ്ശേരിയിലേക്കും പോകണം എന്നുള്ളതാണ് അവസ്ഥ. കിടത്തി ചികിത്സയ്ക്ക് സ്വന്തമായി ഒരാശുപത്രിപോലും തൃക്കാക്കര മണ്ഡലത്തിൽ ഇല്ലെന്നുള്ളത് ഖേദകരമാണെന്ന് പറയാൻ ആഗ്രഹിക്കുന്നു. അവിടെ ഒരു പബ്ലിക്ക് ഹെൽത്ത് സെന്ററിൽ ഏഴായിരം സ്ക്വയർഫീറ്റ് സ്ഥലമുണ്ടായിട്ടും അതൊന്ന് അപ്ഗ്രേഡ് ചെയ്തുനൽകാനോ ഡയാലിസിസ് യൂണിറ്റിനുവേണ്ടി 1.20 കോടി രൂപയുടെ എം.എൽ.എ. ഫണ്ട് മാറ്റി വച്ചിട്ടും അത് സ്ഥാപിക്കാനോ സാധിച്ചിട്ടില്ല. താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ടാണ് അത് സാധിക്കാത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടെങ്കിലും പതിനായിരക്കണക്കിനാളുകൾ പുറത്തുനിന്നുവന്ന് വസിക്കുന്ന തൃക്കാക്കര

മണ്ഡലത്തിൽ ഏതെങ്കിലും രീതിയിൽ അതിനുള്ള സൗകര്യം ചെയ്യാൻ കനിവുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വഴങ്ങുമോ......

ചെയർപേഴ്സൺ: ശ്രീ. ടി. സിദ്ദിഖ് ഇനി വഴങ്ങരുത്. സമയം 25 മിനിറ്റ് കഴിഞ്ഞു.

ശ്രീ. ടി. സിദ്ദിഖ്: സർ, എന്റെ സമയത്തിന്റെ ഏറിയപങ്കും ഇങ്ങനെ പോകുകയാണ്. ഞാൻ വഴങ്ങണോ;

ചെയർപേഴ്സൺ: ശ്രീ. ടി. വി. ഇബ്രാഹിം, അദ്ദേഹത്തിന്റെ സമയം 25 മിനിറ്റ് കഴിഞ്ഞു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു കാര്യംകൂടി ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അദ്ദേഹം എല്ലാക്കാര്യങ്ങളും പറയുകയാണ്. നേരത്തെ ശ്രീമതി ഉമ തോമസ് സൂചിപ്പിച്ചതുപോലെ, എന്തെങ്കിലും അത്യാവശ്യം വന്നാൽ മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നടക്കം കോഴിക്കോട് മെഡിക്കൽ കോളേജിലേക്കാണ് കുട്ടികളെയും

മുതിർന്നവരെയുമൊക്കെ കൊണ്ടുപോകുന്നത്. എന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിൽപ്പോലും ആവശ്യമായ ഉപകരണങ്ങളോ വെന്റിലേറ്ററോ കിടക്കകളോ ഇല്ലാത്തതിന്റെപേരിൽ അവിടെനിന്നും രോഗികളെ പുറന്തള്ളുകയാണ്. പാവപ്പെട്ട രോഗികൾക്ക് ആശ്രയിക്കാൻ കഴിയുന്ന പൊതുജനാരോഗ്യ മേഖലയില്ല. മലപ്പുറം ജില്ലയെക്കുറിച്ച് പറഞ്ഞാൽ, സംസ്ഥാനത്തെ ബെഡ് പോപ്പുലേഷൻ റേഷ്യോ എന്നത് 1:668 ആണ്. സംസ്ഥാനത്ത് 668 രോഗികൾക്ക് ഒരു ബെഡ് കൊടുക്കുന്നുണ്ട്. എന്നാൽ മലപ്പുറം ജില്ലയിലേയ്ക്ക് വന്നാൽ 2604 രോഗികൾക്ക് മാത്രമാണ് ഒരു ബെഡ് കൊടുക്കാൻ കഴിയുന്നത്. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്ന കാര്യത്തെക്കുറിച്ചുള്ള നിർദേശം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ചെയർപേഴ്സൺ: ശ്രീ. ടി. സിദ്ദിഖ് ഇനി ആർക്കും വഴങ്ങരുത്. സമയം 26 മിനിട്ട് കഴിഞ്ഞു. ദയവായി സഹകരിക്കണം. പ്ലീസ് കൺക്ലൂഡ്....

ശ്രീ. ടി. സിദ്ദിഖ്: സർ, ദുരന്തമുണ്ടായപ്പോൾ വൈത്തിരി താലൂക്കാശുപത്രി മോർച്ചറിയിൽ ബഹുമാനപ്പെട്ട മന്ത്രി വന്നതാണ്. എത്ര പോസ്റ്റ്മോർട്ടം....

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സബ്മിഷനിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾപോലും ബില്ലിന്റെ ചർച്ചയിൽ കൊണ്ടുവരികയാണ്. .......(മൈക്ക് ഓഫ്)....

ശ്രീ. ടി. സിദ്ദിഖ്: സർ, സബ്മിഷനിൽ ഉന്നയിക്കണോ അസംബ്ലിയിൽ ഏത് സമയത്തുപറയണമെന്നോയുള്ള ശ്രീ. പി. പി. ചിത്തരഞ്ജന്റെ ക്ലാസ് എനിക്ക് ആവശ്യമില്ല. ബില്ലിൽ എന്തൊക്കെ സംസാരിക്കണമെന്നുള്ളത് അങ്ങൊന്ന് പറഞ്ഞുതന്നാൽ നല്ലത്, അത് ആദ്യം പഠിക്കണം...... ഏറ്റവും പ്രധാനപ്പെട്ട കാര്യം പറഞ്ഞുകൊണ്ട് കൺക്ലൂഡ് ചെയ്യുകയാണ്. ആ മോർച്ചറിയുടെ ടെൻഡർ പതിനാറാം തീയതി ഓപ്പൺ ചെയ്യുകയാണ്. ആ മോർച്ചറിയിൽ ഒരു ഫോറൻസിക് സർജൻ ഉണ്ടാകണം. മെഡിക്കൽ കോളേജിൽ മാത്രമാണ് ഫോറൻസിക് സർജനുള്ളത്. താത്കാലികമായി ഒരു സർജൻ ബത്തേരി ആശുപത്രിയിലുണ്ട്. അദ്ദേഹവും ഇടയ്ക്ക് ഉണ്ടാകാത്ത സാഹചര്യവുമുണ്ട്. അതുകൊണ്ട് അതിനുള്ള നടപടികൂടി ഉണ്ടാകണം.

അതീവ പ്രാധാന്യമുള്ള ഈ ബില്ലിന്റെ ചർച്ചയിൽ, കേരളത്തിൽ നടക്കുന്ന ആകസ്മിക മരണങ്ങൾ നമ്മെ വളരെ ഭയപ്പെടുത്തുന്ന ഒന്നാണ്.

മരിച്ചുകഴിഞ്ഞതിനുശേഷം ടെസ്റ്റ് നടത്താൻ സാധിക്കില്ല. നമ്മളെല്ലാം പൊതുപ്രവർത്തകരായതുകൊണ്ട് ആകസ്മികമരണം നടക്കുന്ന പല വീടുകളിൽ പോകേണ്ടി വരുകയാണ്. ഇത്തരത്തിൽ എന്റെ മണ്ഡലത്തിലെ ചാരുമൂട്ടിൽ ഒരു വീട്ടിൽ സംഭവിച്ചു. അച്ഛന്റെ ചികിത്സയ്ക്ക് രണ്ടുമാസം ലീവെടുത്ത് വന്ന ഒരു ചെറുപ്പക്കാരൻ തിരിച്ചുപോകുന്നതിന് മുമ്പ് അച്ഛനോട് യാത്ര പറഞ്ഞ് അച്ഛനാവശ്യമുള്ള പണം ഈ കാർഡിലുണ്ട് എന്ന് പറഞ്ഞേല്പിച്ച് ആ കാർഡ് നീട്ടുന്ന സമയത്ത് ആ മകൻ അച്ഛന്റെ മുമ്പിൽ കുഴഞ്ഞുവീണ് മരിക്കുകയാണുണ്ടായത്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല, മറ്റ് പലയിടത്തും എന്തുകൊണ്ടാണ് ഇത്തരത്തിൽ മരണം സംഭവിക്കുന്നതെന്ന് അറിയാൻ സാധിക്കുന്നില്ല. വിവരാവകാശ നിയമമനുസരിച്ച് കുറെ പഞ്ചായത്തുകളിലെ ഡാറ്റകൾ ശേഖരിച്ച് ഞാൻ അതിന്റെ ഒരു പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. ആകസ്മിക മരണങ്ങൾ അതീവഗുരുതരമായ രീതിയിൽ നമ്മുടെ സമൂഹത്തിൽ പെരുകുന്നു. അമ്പതും അറുപതും വയസ്സിനുതാഴെയുള്ള ചെറുപ്പക്കാരാണ് അധികവും മരിക്കുന്നത്. അത് പ്രത്യേക പഠനത്തിന് വിധേയമാക്കണം. കോവിഡ് മരുന്നിന്റെ കാരണമല്ലെന്ന്

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടായ ഐ.സി.എം.ആർ. റൂൾഔട്ട് ചെയ്തതുകൊണ്ട് അതിനെ ചോദ്യം ചെയ്യാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, something is there, എന്തോ കാരണമുണ്ട്. അത് പരിശോധിക്കാനുള്ള അടിയന്തര നടപടികൂടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ ആശങ്കയുണർത്തുന്ന രീതിയിൽ കേരളത്തിലെ ആരോഗ്യരംഗമാകെ കുത്തഴിഞ്ഞുപോയിരിക്കുന്നുവെന്ന തോന്നലുളവാകുന്ന നിലയിൽ പല അഭിപ്രായങ്ങളും ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. ഇന്നലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി ശങ്കരനാരായണൻ തമ്പി ഹാളിൽവച്ച് സഭാ ടി.വി. ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചിരുന്നു. പ്രതിപക്ഷം എല്ലാത്തിനോടും മുഖംതിരിഞ്ഞ് നിൽക്കുന്നതുകൊണ്ട് അവർക്കതിൽ ഭാഗഭാക്കാവാൻ

സാധിച്ചിട്ടില്ല. ഡോ. മേരി പുന്നൻ ലൂക്കോസ് കേരളത്തിലെ ആദ്യത്തെ വനിതാ സർജൻ ജനറലായിട്ടുള്ള വ്യക്തിത്വമാണ്. 1924-ലാണ് അവർ നിയമസഭാംഗമാകുന്നത്. ഇപ്പോൾ നൂറുവർഷം പൂർത്തിയാകുകയാണ്. അന്ന് കേരള നിയമസഭയല്ല. അവരെക്കുറിച്ചുള്ള മനോഹരമായ ഡോക്യുമെന്ററിയാണ് ഇന്നലെ പ്രദർശിപ്പിച്ചത്. കേരളത്തിലെ ആരോഗ്യരംഗം ഇന്നലെ എങ്ങനെയായിരുന്നു; എങ്ങനെയാണത് മുന്നോട്ടുപോയത്; വർത്തമാനകാലത്ത് അതെങ്ങനെയാണ് പ്രവർത്തിച്ചുവരുന്നത്; എന്നതെല്ലാം വ്യക്തമാക്കുന്ന വളരെ ശ്രദ്ധേയമായ ഒരു ഡോക്യുമെന്ററിയാണ് ഇന്നലെ ഇവിടെ പ്രദർശിപ്പിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആരോഗ്യരംഗത്തിന്റെ ചരിത്രവും വർത്തമാനവും മനസ്സിലാക്കുന്നതിന് അത് കാണുന്നത് നല്ലതാണ്. സഭാ ടി.വി. അതിനുവേണ്ടിയുള്ള സൗകര്യം പ്രതിപക്ഷാംഗങ്ങൾക്കുവേണ്ടി ഒരുക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ആരോഗ്യമേഖലയിൽ ഗുണപരവും സമഗ്രവുമായ മാറ്റത്തിനുള്ള നടപടിക്രമങ്ങളാണ് മുന്നോട്ടുകൊണ്ടുപോകുന്നത്. ആദ്യത്തെ ഒരു നിയമമല്ല ഇവിടെ അവതരിപ്പിക്കുന്നത്. ഈ സമീപകാലത്ത്, 2023-ൽ കേരള

പൊതുജനാരോഗ്യ ആക്റ്റ് ഇവിടെ കൊണ്ടുവന്നു. 2021-ൽ കേരള സാംക്രമിക രോഗങ്ങൾക്കുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ആക്റ്റ് നടപ്പിലാക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചു. 2021-ലെ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ്, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് അക്രമവും സ്വത്തിനുള്ള നാശവും തടയുന്നതിന് പ്രത്യേകം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്റ്റാണ്. ഇന്ന് രാജ്യത്തുയർന്നുവരുന്ന ഏറ്റവും വലിയ സമരം, കൊൽക്കത്തയിൽനിന്നും രൂപപ്പെട്ടിട്ടുള്ളതാണെന്ന് കണ്ടിട്ടുണ്ട്. കൊൽക്കത്തയിലെ ഒരു ഡോക്ടർ മൃഗീയമായി ബലാത്സംഗം ചെയ്ത് കൊല ചെയ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ ഡോക്ടർമാരും വിദ്യാർത്ഥികളും പൊതുജനങ്ങളുമാകെ സമരരംഗത്ത് ഇറങ്ങിയിട്ടുള്ളത് നമ്മൾ കണ്ടിട്ടുള്ള കാര്യമാണ്. ഇങ്ങനെയെല്ലാമുള്ള ദേശീയപശ്ചാത്തലത്തോട് ഒരർത്ഥത്തിൽ മത്സരിച്ചുകൊണ്ടുതന്നെ ഏറ്റവും ആരോഗ്യപരമായിട്ടുള്ള സംവിധാനം കേരളത്തിൽ ഒരുക്കുന്നതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന കേരളത്തിലെ സർക്കാരിന്റെ പരിശ്രമങ്ങൾക്ക്

കിട്ടിക്കൊണ്ടിരിക്കുന്ന അംഗീകാരങ്ങൾ ആർക്കും തള്ളിപ്പറയാൻ സാധിക്കാത്തതാണ്. കേരളത്തിലെ ആരോഗ്യമേഖലയ്ക്ക് ഇക്കാലയളവിൽ 27 ദേശീയ പുരസ്കാരങ്ങളാണ് കിട്ടിയിട്ടുള്ളതെന്നത് ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. കേരളം ഭരിക്കുന്ന എല്ലാരാഷ്ട്രീയ കക്ഷികളുടെയും എം.എൽ.എ.മാരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായാണ് ഈ വലിയ മുന്നേറ്റം കേരളത്തിന് കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. 27 പുരസ്കാരങ്ങൾ നമ്മളെ തേടിയെത്തി. അന്തർദേശീയ തലത്തിലും ഏറ്റവും ശ്രദ്ധേയമായിട്ടുള്ള അംഗീകാരമാണ് കേരളത്തെ തേടിവന്നിട്ടുള്ളത്. ഞാൻ അതിന്റെ മുഴുവൻ വിശദാംശങ്ങളും ഇവിടെ അവതരിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നില്ല. ഈ ഒരു നിയമം മുന്നോട്ടേക്ക് വയ്ക്കുന്നത് ഇവിടെ മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആരോഗ്യരംഗം മൂന്ന് മേഖലയിലാണുള്ളത്. അതിൽ സർക്കാർ മേഖലയുണ്ട്, സഹകരണ മേഖലയുണ്ട്, അതോടൊപ്പംതന്നെ സ്വകാര്യ മേഖലയുമുണ്ട്. സർക്കാർ മേഖല ഈ രജിസ്ട്രേഷന്റെ ഭാഗമായി വരുന്നുണ്ട്. ഈ മേഖലയെ ഏറ്റവും ഫലപ്രദമായി കൊണ്ടുപോകുന്നതിന് വേണ്ടിയുള്ള നടപടിതന്നെയാണ് സർക്കാർ മുന്നോട്ട്

വയ്ക്കുന്നത്. അതിനുള്ള നല്ല പരിശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നടപ്പിലാകുന്നുണ്ട്. സഹകരണ മേഖലയും സ്വകാര്യ മേഖലയോട് മത്സരിച്ചുകൊണ്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യ പരിപാലന മേഖലയിലെ ജനകീയ ഇടപെടലായി ഉയർന്നുവരുന്നുണ്ട് എന്നുള്ളത് കേരളത്തിലെ എല്ലാ ജില്ലകളിലേയും സഹകരണ ആശുപത്രികളുടെ വർത്തമാനകാല സ്ഥിതി പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത നിലയിൽ അവയവമാറ്റ ശസ്ത്രക്രിയ വരെ ഏറ്റവും ശാസ്ത്രീയവും ഫലപ്രദവും നൂതനവുമായിട്ടുള്ള സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നടത്തുന്നതിന് കേരളത്തിലെ സർക്കാർ ആശുപത്രികൾക്ക് കഴിയുന്നുണ്ടെന്നുള്ളത് അഭിമാനകരമായ നേട്ടമായിത്തന്നെയാണ് നാം ഉയർത്തിപ്പിടിക്കേണ്ടത്. ഈ നേട്ടങ്ങളാകെ ഉണ്ടാകുമ്പോഴും സ്വാഭാവികമായും ചില ഒറ്റപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായിക്കൂടായ്കയില്ല. എല്ലാസമയത്തും എല്ലാ ആശുപത്രിയിലും എല്ലാ ഡോക്ടർമാരും എല്ലാ സൗകര്യങ്ങളുമുണ്ടാകണമെന്നുള്ളത് നമ്മുടെ

ആഗ്രഹമാണ്. അത് സാധിക്കണമെന്നില്ല. ഒറ്റപ്പെട്ട ഏതെങ്കിലുമൊരു കാര്യത്തെ....

ശ്രീ. നജീബ് കാന്തപുരം: സർ, വളരെ ശ്രദ്ധേയമായ തരത്തിലാണ് കേരളത്തിന്റെ ഏറ്റവും അഭിമാനകരമായിട്ടുള്ള ആരോഗ്യരംഗത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനതലത്തിൽത്തന്നെ ഏറ്റവും ശ്രദ്ധേയമായി പ്രവർത്തിക്കുന്ന ഒട്ടനവധി ആശുപത്രികൾ നമുക്ക് അഭിമാനകരമായിട്ടുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം പൊതുമേഖലയിൽ പ്രത്യേകിച്ച് സർക്കാർ മേഖലയിൽ നിരവധി ഇൻഫ്രാസ്ട്രക്ചർ സംവിധാനമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ സി.എച്ച്.സി. ഇതിൽ പ്രധാനപ്പെട്ടയൊന്നാണ്. കാരണം വർഷങ്ങൾക്കുമുമ്പേ കിടത്തി ചികിത്സയുണ്ടായിരുന്ന വളരെ നല്ലൊരു ആശുപത്രിയാണത്. താലൂക്ക് ആശുപത്രിയെന്ന നിലയിൽ ഉയർത്തിയ ആശുപത്രിയാണത്. പക്ഷേ ഇടക്കാലത്ത് ഡോക്ടർമാരുടെ അപര്യാപ്തതമൂലം അവിടെ കിടത്തി ചികിത്സ നടത്താൻ കഴിയാത്ത സാഹചര്യത്തിലേക്ക് പോയി. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, നമ്മുടെ സർക്കാർ ആശുപത്രിയിലെ ഇത്തരം

ഇൻഫ്രാസ്ട്രക്ചറിനെ കൂടുതൽ ഉപയോഗപ്പെടുത്താൻവേണ്ടി ഇനിയും ശക്തമായൊരു മാതൃക... ഇപ്പോൾത്തന്നെ അദ്ദേഹം പരാമർശിച്ച വളരെ പ്രധാനപ്പെട്ട കാര്യം, ആരോഗ്യരംഗത്ത് നമ്മുടെ ഏറ്റവും നല്ല ഇടപെടലുകൾ ഇന്ന് കേരളത്തെ അന്തർദേശീയ രംഗത്തുപോലും ശ്രദ്ധിക്കുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ട് എന്നാണ്. ഈ സാഹചര്യം നിലനിർത്താൻ കിടത്തി ചികിത്സ മുടങ്ങിപ്പോയ ഇത്തരം ആശുപത്രികളെ കൂടുതൽ ശ്രദ്ധിച്ചുകൊണ്ട് അവിടെ അതിനുള്ള അവസരമുണ്ടാക്കാൻ സാധ്യമായ ഇടപെടൽ നടത്താൻ അങ്ങ് അഭ്യർഥിക്കുമോ; ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വളരെ പോസിറ്റീവായിട്ടുള്ള അഭിപ്രായമാണ് ശ്രീ. നജീബ് കാന്തപുരം ഇവിടെ മുന്നോട്ടുവച്ചത്. കേരളത്തിലെ ആരോഗ്യരംഗം ഏറ്റവും നല്ലരീതിയിൽ മുന്നോട്ട് പോകുന്നു, ഗവൺമെന്റ് ഏറ്റവും നന്നായി ശ്രദ്ധിക്കുന്നു. അതിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ, ഇടക്കാലത്ത് നിന്നുപോയിട്ടുള്ള കിടത്തി ചികിത്സ പോലുള്ളത് വീണ്ടും ആരംഭിച്ചിട്ടുണ്ട്. അത് കുറേക്കൂടി ഫലപ്രദമായി മുന്നോട്ട്

കൊണ്ടുപോകണമെന്ന അഭിപ്രായം ശ്രദ്ധേയമാണ്. ഇവിടെ കോഴിക്കോട് മെഡിക്കൽ കോളേജിനെ ചൂണ്ടി ഒന്നുമില്ല, ഒന്നുമില്ലെന്ന് പറയുന്ന ഘട്ടത്തിൽ, മലപ്പുറം ജില്ലയിൽമാത്രം 38 കോടി രൂപയുടെ ഒരു പ്രോജക്ട് നമുക്ക് പൈലറ്റ് ചെയ്യാനായി കഴിഞ്ഞു. ആരുമത് പറഞ്ഞില്ല. ബഹുമാനപ്പെട്ട അംഗം ചർച്ചയിൽ പങ്കെടുക്കുമ്പോൾ അതുകൂടി പറയേണ്ടേ. 38 കോടി രൂപ നമ്മുടെ ജില്ലയിൽ ഒരു വലിയ പ്രോജക്ടിനുവേണ്ടി ലഭിച്ചിട്ടുണ്ട്. ഞങ്ങളത് മുന്നോട്ട് കൊണ്ടുപോകുകയാണ് എന്നുപറയുന്ന നിലയിൽ പോസിറ്റീവായി ഈ ചർച്ചയിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതല്ലേ ഗുണപരം. ശ്രീ. നജീബ് കാന്തപുരത്തിന്റെ അഭിപ്രായത്തെ സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അതുസംബന്ധിച്ച് ഇവിടെ വിശദീകരിക്കുമ്പോൾ കാര്യങ്ങൾ പ്രതിപാദിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. സർക്കാർ മേഖലയിലും സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും എങ്ങനെയാണ് കുറച്ചുകൂടി ഏകീകൃതമായ രീതിയിൽ ജനങ്ങൾക്ക് ഗുണകരമാകുന്ന, രോഗികൾക്ക് ഏറ്റവും ആശ്വാസത്തോടുകൂടി ആശ്രയിക്കാൻ കഴിയുന്ന നിലയിൽ ഒരു സ്ഥിരതയുള്ള സംവിധാനം ആരോഗ്യരംഗത്ത്

ഉണ്ടാക്കിയെടുക്കാൻ കഴിയുക. അതിനുള്ള വലിയ ഇടപെടലാണ് കേരളത്തിൽ ഈ നിയമത്തിലൂടെ യഥാർത്ഥത്തിൽ മുന്നോട്ടുവയ്ക്കുന്നത്. എല്ലാ കാര്യത്തിലും ഒരു പൊതുസ്ലാബ് ഉണ്ടാകണം. ആരോഗ്യ മേഖലയിലെ ഒരു പൊതുസ്ഥിതിയെടുക്കുമ്പോൾ അതിനെ ഒരു കള്ളിയിൽ ഇട്ട്, ഇന്നതിന് ഇത്ര രൂപ എന്ന് പറയുന്നതിന് ചില പരിമിതികളുണ്ട്. ആരോഗ്യമേഖലയിൽ ബന്ധപ്പെടുന്നവർക്ക് ആ കാര്യങ്ങൾ മനസ്സിലാകും. ഞാൻ സഹകരണമേഖലയിൽ ആശുപത്രിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന വ്യക്തിയാണ് എനിക്കത് നന്നായി അറിയാവുന്ന കാര്യമാണ്. വളരെ പ്രധാനപ്പെട്ടൊരു ഡോക്ടർ എന്നോട് പറഞ്ഞു; ഞാൻ ചെയ്യുന്നൊരു സർജറി ചിലപ്പോൾ മറ്റൊരു ഡോക്ടർ ചെയ്യും. പക്ഷേ, എനിക്കുള്ള ബിരുദവും അദ്ദേഹത്തിന്റെ ബിരുദവും താരതമ്യം ചെയ്യുമ്പോൾ ഞാൻ ചുമത്തുന്ന ചാർജ്ജ് മറ്റുള്ളവർക്ക് കൂടുതലായി തോന്നും പക്ഷേ, എന്റെ ബിരുദവുമായി താരതമ്യം ചെയ്യുമ്പോൾ എന്റെ കഴിവുമായി ചേർത്തുവയ്ക്കുമ്പോൾ ആ ഫീസ് കൂടുതലായി കാണാൻ കഴിയില്ല. ഒരു സ്ലാബെന്ന് പറയുന്നത് ഈ നിലയിൽ ആരോഗ്യരംഗത്ത് അങ്ങനെ യാന്ത്രികമായി നടപ്പിലാക്കാൻ സാധിക്കുന്ന

കാര്യമല്ല. എന്നാലും അതിലും ഏകീകൃതമായ നിലയിലേക്ക് കാര്യങ്ങൾ കൊണ്ടുപോകുന്നതിനുവേണ്ടി കഴിയേണ്ടതുണ്ടെന്നുള്ള സർക്കാരിന്റെ ശരിയായ കാഴ്ചപ്പാടിൽ നിന്നാണ് ഇത്തരമൊരു നിയമത്തിലേക്ക് സർക്കാർ മുന്നോട്ടേക്ക് പോകുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിൽ കേരളത്തിലെ പൊതുവായ ആരോഗ്യരംഗത്തെ വലിയ മുന്നേറ്റത്തെക്കുറിച്ച് പറഞ്ഞു. എന്റെ മണ്ഡലങ്ങളിലുൾപ്പെടെ വിവിധ മണ്ഡലങ്ങളിൽ.... ശ്രീ. ടി. വി. ഇബ്രാഹിമിന്റെ മണ്ഡലത്തിലെ 38 കോടി രൂപയുടെ കാര്യംപറഞ്ഞു. പക്ഷേ, നമ്മൾ നൂറുകണക്കിന് കോടി രൂപ മുടക്കി ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. പക്ഷേ കെട്ടിടങ്ങൾ നിർമ്മിച്ചുകഴിഞ്ഞാൽ അതിന് ആവശ്യമായ ഉപകരണങ്ങളും ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിച്ചുകൊണ്ട് അത് പ്രവർത്തനം ആരംഭിക്കുന്ന കാര്യത്തിൽ താമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നിർമ്മാണത്തോടൊപ്പം ഈ കാര്യങ്ങൾക്കും വേഗതയുണ്ടാക്കാൻ കഴിയുന്ന നിലയിലുള്ളൊരു ക്രമീകരണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത് ആരോഗ്യമേഖലയിൽ

ഇപ്പോൾ ഉണ്ടായിട്ടുള്ള വലിയ വളർച്ചയ്ക്ക് കൂടുതൽ ഊന്നലും വേഗതയും നൽകാൻ ഇടയാക്കുന്നതാണ്. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇവിടെ പറഞ്ഞതുമായി ബന്ധപ്പെട്ടാണ് പറയാനുള്ളത്. ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും പ്രത്യേകിച്ച് കെ.എം.സി.എൽ. അടക്കമുള്ള ഏജൻസികൾ വളരെ മന്ദഗതിയിലാകുന്നുണ്ട്. എന്റെ മണ്ഡലത്തിൽ ഒരു വർഷത്തിലധികമായി ഫണ്ട് അനുവദിച്ചിട്ടുള്ള ഡയാലിസിസ് സെന്റർ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ കെട്ടിടം ഇപ്പോൾ പഴയതായിത്തുടങ്ങി. പക്ഷേ, കെ.എം.സി.എൽ. സപ്ലൈ ചെയ്യുന്നില്ല. ഇതുപോലെ ഒന്നുരണ്ട് കാര്യങ്ങളുണ്ട്. നമ്മൾ ഫണ്ട് അനുവദിച്ചാലും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് പോസിറ്റീവായ പ്രവർത്തനങ്ങൾ ഉണ്ടാകുമ്പോഴും സപ്ലൈ ചെയ്യേണ്ടത് പല കാരണങ്ങൾകൊണ്ട് വൈകുന്നത് പലപ്പോഴും നമ്മുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ സ്റ്റാഫ് പാറ്റേൺ താലൂക്ക് ആശുപത്രിയടക്കമുള്ളതിലേക്ക്

പൂർണ്ണമായും എത്തിച്ചുകഴിഞ്ഞാൽ കുറച്ചുകൂടെ മികച്ച രീതിയിൽ മുന്നോട്ട് പോകാൻ കഴിയും. ആ ഒരു പ്രവർത്തനംകൂടി വേണ്ടതല്ലേ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഇവിടെ എം.എൽ.എ.-മാരായ ശ്രീ. പി. പി. ചിത്തരഞ്ജനും ശ്രീ. മുഹമ്മദ് മുഹസിനും സൂചിപ്പിച്ച കാര്യങ്ങൾ വളരെ ശരിയായ കാര്യങ്ങൾ തന്നെയാണ്. ആശുപത്രിയെ കുറേക്കൂടി ജനകീയവും ആധുനികവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇന്നുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തണം. കെ.എം.സി.എൽ.-ന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ആ വിഷയങ്ങളുണ്ട്. കുറേക്കൂടി വേഗത്തിൽ ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് പറയുന്നത് ശരിയായിട്ടുള്ളൊരു അഭിപ്രായമാണ്. കാരണം ഇന്ന് കേരളത്തിൽ ഏറെക്കുറെ സാർവത്രികമായി വന്നുകൊണ്ടിരിക്കുന്നൊരു കാര്യം ഡയാലിസിസ് രോഗികളുടെ എണ്ണം വൻതോതിൽ വർധിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ എല്ലാ കണക്ക് കൂട്ടലുകളും തെറ്റിക്കുന്ന നിലയിലുള്ള രോഗികളുടെ ആധിക്യമാണ് ഇന്ന് കേരളത്തിലുടനീളം കണ്ടുകൊണ്ടിരിക്കുന്നത്. വളരെ വിഷമകരമായിട്ടുള്ള സ്ഥിതിയാണത്. ഡയാലിസിസ് രോഗികളുടെ കുടുംബത്തിന്റെ സ്ഥിതി ഏറ്റവും

സങ്കടകരമാണ്. ഡയാലിസിസ് രോഗികളെയും അവരുടെ കുടുംബങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു കൂട്ടായ്മ സമീപകാലത്ത് പയ്യന്നൂർ മണ്ഡലത്തിൽ ഞാൻ സംഘടിപ്പിക്കുകയുണ്ടായി. ഓരോരുത്തരുടേയും പ്രശ്നങ്ങൾ അവർ അവിടെ അവതരിപ്പിച്ചു. മുന്നൂറിലധികം രോഗികളുണ്ടായിരുന്നു. അവർ പറഞ്ഞത്, ചിലർക്ക് ഡയാലിസിസിന് കിട്ടുന്ന സമയം രാത്രി ഒരു മണിയോ രണ്ട് മണിയോ മൂന്ന് മണിയോ ആയിരിക്കും. വളരെ ദൂരത്ത് നിന്നാണ് അവർക്ക് ഡയാലിസിസ് യൂണിറ്റിലേക്ക് പോകേണ്ടത്. ഒരു കുടുംബത്തിലെ ജീവിതംതന്നെ താളം തെറ്റും. ഉറക്കമില്ലാതാകുന്നു, ജോലിക്ക് പോകാൻ സാധിക്കാതെയാകുന്നു. ഭക്ഷണം ശരിയായ സമയത്ത് കഴിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുന്നു. അവർ കൂടുതൽ രോഗബാധിതരാകുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തും. പക്ഷേ, ശ്രദ്ധേയമായിട്ടുള്ളൊരു കാര്യം സന്നദ്ധ സംഘടനകളും വിവിധ പ്രസ്ഥാനങ്ങളും ഇന്ന് ഡയാലിസിസ് യൂണിറ്റുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് പരിശ്രമിക്കുന്നുണ്ട്. രാഷ്ട്രീയത്തിനതീതമായി എല്ലാവരും മുൻകൈ എടുത്ത് ശ്രദ്ധിച്ച് മുന്നോട്ട് കൊണ്ടുപോകുന്നു. പക്ഷേ ഇത്തരം യൂണിറ്റുകൾ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽനിന്ന്

ഉപകരണങ്ങൾ ലഭ്യമാക്കുന്നതിൽ കുറേക്കൂടി വേഗതയുണ്ടാകണമെന്ന ആവശ്യം ന്യായമായിട്ടുള്ളതാണ്. സ്റ്റാഫ് പാറ്റേണിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ആശുപത്രികളിലെ ചികിത്സാരീതികളെ ഏകരൂപത്തിൽ കാണാൻ കഴിയില്ല. കാരണം, ഇന്ത്യയിൽ അത്തരം സൗകര്യങ്ങളും സംവിധാനങ്ങളും വളരെ കുറവായാണ് കാണാൻ സാധിക്കുന്നത്. നമ്മുടെ ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ആർ.സി.സി.-യിലും എം.സി.സി.-യിലും കാൻസർരോഗികളുടെ ചികിത്സയ്ക്കുവേണ്ടി റോബോട്ടിക് സർജറി സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ എല്ലാ ആശുപത്രികളിലും അത്തരം സൗകര്യങ്ങളില്ല. എന്നാൽ സൗകര്യങ്ങളുള്ള ആശുപത്രികളുമുണ്ട്. എല്ലാത്തിനും ഒരേരീതിയിൽ കാര്യങ്ങൾ വരുമ്പോൾ ഏറ്റവും ആധുനിക സൗകര്യങ്ങളും വിലയേറിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തികൊണ്ടുള്ള ചികിത്സ എന്നിവയൊക്കെ വരുമ്പോൾ സ്വാഭാവികമായും ഏകരൂപത്തിൽ ചികിത്സയെ ക്രമീകരിക്കുകയെന്ന അഭിപ്രായം പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമായിരിക്കും. എന്നാലും ഈ നിയമത്തിന്റെ പരിധിയിൽ അത്തരം കാര്യങ്ങൾകൂടി ഉൾപ്പെടുത്തി മുന്നോട്ടുപോകണമെന്നുള്ള

അഭിപ്രായം ഗവൺമെന്റ് ശ്രദ്ധിക്കേണ്ടത് തന്നെയാണെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ഇവിടെ സൂചിപ്പിച്ചിട്ടുള്ള മറ്റൊരു കാര്യം, വളരെ ഗൗരവപൂർവം കാണേണ്ടതാണ്. ഒരു രോഗിയുടെ അവകാശമാണ് അവരുടെ രോഗാവസ്ഥ വ്യക്തമാക്കുന്ന ഫയൽ. ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ. പറഞ്ഞ കാര്യങ്ങളിൽ ഗവൺമെന്റ് ഗൗരവത്തോടുകൂടി എടുക്കേണ്ട ചില വിഷയങ്ങളുണ്ട്. അതൊരു സ്വകാര്യസ്വത്തായി ഈ ആശുപത്രികൾ കാണുന്നു, പ്രത്യേകിച്ചും സ്വകാര്യ ആശുപത്രികൾ. ഗവൺമെന്റ് ആശുപത്രികൾക്ക് അതിന്റെ ആവശ്യമില്ല. സഹകരണമേഖലയിലെ ആശുപത്രികളും അത്തരം നിലപാട് സ്വീകരിക്കുന്നില്ല. ഞാൻ എല്ലാ ആശുപത്രികളെയും കാടടച്ച് വെടിവയ്ക്കുന്ന രീതിയിൽ പറയുകയല്ല ചെയ്യുന്നത്. എന്നാൽ ചിലരെങ്കിലും ഒരു രോഗിയുടെ രോഗവിവരം ഉൾക്കൊള്ളുന്ന ഫയൽ സ്വകാര്യ സ്വത്താക്കി സൂക്ഷിക്കുന്നവരാണ്. രോഗികൾക്ക് അവകാശപ്പെട്ടത് അവരുടെ കൈകളിൽ ലഭിക്കാത്ത നിലപാട് സ്വീകരിക്കുന്ന സ്ഥിതിയുണ്ടാകുന്നുണ്ട്. ഈ നിയമം നടപ്പിലായിവരുമ്പോൾ, അത്തരം കാര്യങ്ങളിലും അതായത്, ഈ ഫയൽ

പൊതുഉടമസ്ഥതയിലുള്ളതാണെന്ന് ബോധ്യപ്പെടുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന അഭിപ്രായം ഒന്നുകൂടി അടിവരയിട്ട് സൂചിപ്പിക്കുകയാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി പുതിയ മാറ്റമുണ്ടാകും. ഇത് നേരത്തെ തുടങ്ങിയതാണ്, കുറച്ചുകൂടി സമഗ്രമായാണ് ഈ നിയമം ഭേദഗതിയോടുകൂടി മുന്നോട്ടുവരുന്നത്. കേരളത്തിന്റെ ആരോഗ്യരംഗത്ത് സമഗ്രവും അടിസ്ഥാനപരവുമായ മാറ്റത്തിന് വഴിയൊരുക്കുന്നതായിരിക്കും ഈ നിയമം എന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ആരോഗ്യമേഖലയിൽ സർക്കാർ മേഖല, സഹകരണ മേഖല, സ്വകാര്യമേഖല എന്നിങ്ങനെ മൂന്ന് പ്രധാനപ്പെട്ട ഭാഗങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചു. സഹകരണമേഖലയ്ക്ക് പ്രത്യേകമായ പരിഗണന നൽകി പ്രോത്സാഹിപ്പിക്കേണ്ട സാഹചര്യമില്ലേ? സഹകരണമേഖലയിലെ ആശുപത്രികൾക്ക് നേതൃത്വംകൊടുക്കുന്ന ഒരംഗം എന്നനിലയിൽ സഹകരണമേഖലയ്ക്ക് ഏതൊക്കെതരത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രത്യേക പരിഗണന ലഭിക്കേണ്ടതുണ്ടെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, തീർച്ചയായും. ദീർഘകാലമായി ഞങ്ങളൊക്കെ ആവശ്യപ്പെട്ടുവരുന്ന ഒരു കാര്യമാണത്. പക്ഷേ, സർക്കാരിന് ചില പരിമിതികളുണ്ട്. അതിവിപുലമായ സംവിധാനത്തെ കൈകാര്യം ചെയ്യുന്ന സർക്കാരിന് സഹകരണമേഖലയുടെ കാര്യങ്ങൾകൂടി നോക്കി നടത്തുകയെന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. എന്നാൽ സഹകരണമേഖലയ്ക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നല്ലരീതിയിലുള്ള ഇടപെടൽ ആവശ്യമാണെന്നാണ് അനുഭവങ്ങളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. 13227 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നടപടികളിലേയ്ക്ക് വന്നിട്ടുണ്ടെന്നാണ് ഗവൺമെന്റിൽനിന്നും മനസ്സിലാക്കുന്നത്. ഇപ്പോൾ 611 സ്ഥാപനങ്ങൾ സ്ഥിര രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളൊക്കെ ഗവൺമെന്റിന്റെ നിയന്ത്രണത്തിലേയ്ക്ക് വരുമ്പോൾ സ്വാഭാവികമായും കുറച്ചുകൂടി ചിട്ടപ്പെടുത്തൽ, മെച്ചപ്പെടൽ, സേവനരംഗത്ത് കുറച്ചുകൂടി ഗുണകരമായ മാറ്റങ്ങൾ എന്നിവ ഈ നിയമം നടപ്പിലാകുന്നതുവഴിയുണ്ടാകും എന്നുള്ളത് തന്നെയാണ് ഈ നിയമം

മുന്നോട്ടുവയ്ക്കുമ്പോൾ കാണുന്നത്. കേരളത്തിൽ ആരോഗ്യരംഗത്ത്, മുൻപ് ഈ ഗവൺമെന്റിന്റെ കാലത്ത് ഇപ്പോൾതന്നെ നടപ്പിലാക്കിയിട്ടുള്ള നിയമങ്ങളുടെ തുടർച്ചയായി, കുറച്ചുകൂടി ജനകീയ ഉള്ളടക്കമുള്ള ആരോഗ്യ പരിപാലന സംവിധാനം ഉറപ്പുവരുത്തുന്നതിന് ഈ നിയമം വഴിയൊരുക്കുമെന്ന പ്രതീക്ഷതന്നെയാണ് ഈ ഭേദഗതി മുന്നോട്ടുവയ്ക്കുമ്പോൾ സൂചിപ്പിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഇവിടെ സംസാരിച്ച ബഹുമാന്യരായ ശ്രീ. ടി. സിദ്ദിഖ്, ശ്രീ. ടി. ഐ. മധുസൂദനൻ എന്നീ രണ്ട് മെമ്പർമാരോടും നന്ദി പറയുന്നു. ഈ ബില്ലിൽ ഇടപെട്ട് സംസാരിച്ച് ചർച്ച സജീവമാക്കിയ എല്ലാ അംഗങ്ങളോടും നന്ദി പറയുന്നു. കേരളത്തിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരമുള്ള സേവനം ഉറപ്പുവരുത്തുന്നതിനും ഈ ഭേദഗതികൾ ആവശ്യമാണെന്നുള്ളതുതന്നെയാണ് ഈ സഭയുടെ പൊതുവായ അഭിപ്രായം. 2018-ൽ ഈ നിയമസഭ പാസാക്കിയ നിയമം പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള സമഗ്ര ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. അതിന്റെ ഭാഗമായാണ് സഭയിൽ വീണ്ടും ഈ

ഭേദഗതി ബിൽ അവതരിക്കപ്പെട്ടത്. ഈ ആക്റ്റുമായി ബന്ധപ്പെട്ട് ഇതിനുമുമ്പും ഭേദഗതി വന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. രണ്ടാം കേരള മാതൃകയിലേയ്ക്കാണ് ഇപ്പോൾ നമ്മൾ ഒന്നിച്ച് സഞ്ചരിക്കുന്നത്. ഒന്നാം കേരള മാതൃകയെക്കുറിച്ച് നമുക്കറിയാം. പതിറ്റാണ്ടുകളായ, ദീർഘവീക്ഷണത്തോടെ കൃത്യമായ നയങ്ങളുടെ അടിസ്ഥാനത്തിലുള്ള പൊതുജനാരോഗ്യ ഇടപെടലുകളുടെ ഭാഗമായാണ് ആഗോളതലത്തിൽ നവജാതശിശു മരണനിരക്കും മാതൃമരണനിരക്കും വളരെ കുറച്ചുനിർത്താൻ നമുക്ക് സാധിച്ചത്. 2030-ൽ Infant mortality ആയിരത്തിൽ ആറ് ആക്കണമെന്നാണ് ലോകാരോഗ്യ സംഘടന പറഞ്ഞത്. കേരളത്തിൽ 2021-ൽ അത് 6 ആയി. നമ്മൾ സംസാരിക്കുമ്പോൾ അത് ആയിരത്തിൽ നാലാണ്. നമ്മൾ മുന്നോട്ടുപോകുകയാണ്. നവകേരള കർമ്മപദ്ധതി-2 ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ നമ്മൾ വിഭാവന ചെയ്തിട്ടുള്ള 10 കാര്യങ്ങൾ പരിശോധിച്ചാൽ ക്വാളിറ്റിയാണ് പ്രധാനമായും കണ്ടിട്ടുള്ളത്. അടിസ്ഥാനസൗകര്യ വികസനത്തോടൊപ്പം സമൂഹത്തിലെ രോഗാതുരത കുറയ്ക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. രോഗനിർമ്മാർജ്ജനം

സാധ്യമാക്കുകയെന്നത് പ്രധാനപ്പെട്ടതാണ്. അതോടൊപ്പം വർത്തമാനകാല വെല്ലുവിളികൾ, ജീവിതശൈലീ രോഗങ്ങൾ, കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ നിയന്ത്രിക്കുന്നതിനും കൃത്യമായി ചികിത്സിക്കുന്നതിനും സംവിധാനം ഒരുക്കുകയെന്നതാണ്. വളരെ ക്രിയാത്മകമായ നിർദേശങ്ങളാണ് ഇവിടെ വന്നിട്ടുള്ളത്. ഒരു ആശുപത്രി തുടങ്ങുമ്പോൾ ആരോഗ്യവകുപ്പിന് അതിൽ കാര്യമായ റോളില്ല. തദ്ദേശസ്ഥാപനത്തിന്റെ ലൈസൻസും പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നും വേണ്ടതായ അനുമതികൾ.... എൽ.എസ്.ജി.ഡി.-യുടെ നിയമത്തിലുള്ള ഒരു ഭേദഗതിവഴി ലൈസൻസിനുള്ള അനുമതി നൽകുന്നതിന് ഒരു ചെക്ക് ലിസ്റ്റ് വച്ചിട്ടുണ്ട്. അതിൽ ഒരു ഭാഗം ഡി.എം.ഒ. അംഗീകരിക്കേണ്ടതാണ്. ഡ്രെയിനേജ്, വേസ്റ്റ് ഡിസ്പോസൽ അങ്ങനെയുള്ള കാര്യങ്ങൾ മാത്രമാണ് ഡി.എം.ഒ. അംഗീകരിക്കേണ്ടത്. എൻ.ഒ.സി.-യെന്ന നിലയിൽ അതൊരു ഭേദഗതിയലൂടെ വന്നതാണ്. അതിനപ്പുറത്തേയ്ക്ക് ഒരു സ്വകാര്യ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ചുള്ള ഇടപെടൽ ആരോഗ്യവകുപ്പിന് സാധ്യമാകും. ഞാൻ തുടക്കത്തിൽ പറഞ്ഞ, വ്യാജഡോക്ടറുടെ വിഷയംവരുമ്പോൾ ആരോഗ്യവകുപ്പിന്റെ പരിശോധന

സാധ്യമാകില്ലേ എന്നൊരു ചോദ്യം നിലനിൽക്കുന്നുണ്ട്. നിലവിലെ നിയമസാഹചര്യത്തിൽ അത് സാധ്യമല്ലെന്നുള്ളതാണ്. അവിടെയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റെ പ്രസക്തി നിലനിൽക്കുന്നത്. ഈ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനത്തിൽ മിനിമം സ്റ്റാൻഡേർഡ്സ്, ഇത്തരത്തിലുള്ള ഗുണനിലവാരങ്ങൾ ഉറപ്പാക്കപ്പെട്ടിരിക്കണം. അതിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സേവനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളുമുണ്ട്. അവിടെ ജോലിചെയ്യുന്ന ഹ്യൂമൺ റിസോഴ്സസിന്റെ (H.R.), ക്വാളിഫിക്കേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിലനിൽക്കുന്നുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഒരു സുപ്രധാനമായ ബില്ലിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. അതുമായി ബന്ധപ്പെട്ട നിർദ്ദേശമാണ് പറയാനാഗ്രഹിക്കുന്നത്. ഈ ബില്ലിൽ സജഷൻ വന്നിട്ടില്ല. ഞാൻ മിനിസ്റ്ററോട് സൂചിപ്പിച്ചതാണ്. നമ്മുടെ നാട്ടിൽ സാധാരണക്കാരായ ലക്ഷക്കണക്കിന് ആളുകളാണ് സ്വകാര്യ/സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് പോകുന്നത്. നിരവധി negligence കേസുകൾ വരുന്നുണ്ട്. ഇതിലൊന്നും കൃത്യമായ ഇടപെടൽ.... . കോടതിയിൽപോലും ഈ

കേസുകൾ വിജയിക്കാൻ കഴിയാത്തതിന് ഒരു പ്രധാനപ്പെട്ട കാരണം, പലപ്പോഴും കോടതികളിൽ വരുമ്പോൾ തെളിവുകൾ നശിപ്പിക്കപ്പെടുന്ന പ്രവണത ആശുപത്രികളിൽ കാണിക്കുന്നുണ്ട്. ഇത് മറികടക്കുന്നതിനുവേണ്ടി രോഗികൾക്ക് പ്രിസ്ക്രിപ്ഷൻ കൊടുക്കുന്നതോടൊപ്പംതന്നെ ബൈസ്റ്റാൻഡറെയോ രോഗികളെകൊണ്ടോ ഡെയ്‌ലി ഷീറ്റുകളിൽ കൗണ്ടർസൈൻ ചെയ്യിക്കാനുള്ള ഏതെങ്കിലുമൊരു നടപടി ഈ ബില്ലിന്റെ ഭാഗമാക്കാൻ കഴിയുമോയെന്ന് സർക്കാർ ആലോചിക്കണം.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാന്യനായ അംഗം എന്നോട് ഇക്കാര്യം സൂചിപ്പിച്ചിരുന്നു. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ നിയമത്തിന്റെ വ്യവസ്ഥയിൽ ഇതുസംബന്ധിച്ച ക്ലോസുകളില്ല. മെഡിക്കൽ negligence കേസുകൾ പരിശോധിക്കുമ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ഒരു സത്യമുണ്ടെന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങളിൽ സർക്കാരിന് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് നമുക്ക് തീർച്ചയായും പരിശോധിക്കാവുന്നതാണ്. ഇവിടെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമായി

ബന്ധപ്പെട്ടാണ് രജിസ്ട്രേഷനും നിയന്ത്രണവുമായി ബന്ധപ്പെട്ട ഈ ആക്റ്റ് നിലനിൽക്കുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം ഈ ബിൽ വീണ്ടും സഭയിൽ ചർച്ച ചെയ്യുമെന്നുള്ളതുകൊണ്ട് ഇവിടെ ബഹുമാന്യനായ അംഗങ്ങൾ പറഞ്ഞ വിഷയങ്ങളിലേയ്ക്ക് കടക്കുകയാണ്. ഒരു സ്ഥിരം രജിസ്ട്രേഷന്റെ സാധുത കാലയളവ് മൂന്ന് എന്നുള്ളതിൽനിന്നും അഞ്ച് വർഷമാക്കി ഉയർത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം വളരെ സദുദ്ദേശ്യപരമായാണ് അക്കാര്യം പറഞ്ഞിട്ടുള്ളത്. പക്ഷേ, ഈ ബില്ലിൽ സൂചിപ്പിക്കുന്ന ഒരു കാര്യം, സ്ഥിരം രജിസ്ട്രേഷന് മൂന്ന് വർഷമോ അല്ലെങ്കിൽ എവിടെ വരെയാണോ വാലിഡിറ്റി പീരിയഡ് എന്നുള്ളത് എപ്പോൾ വേണമെങ്കിലും അതോറിറ്റിക്ക് പരിശോധിച്ചശേഷം ഈ സ്റ്റാൻഡേർഡ്സ് പാലിക്കുന്നില്ലെങ്കിൽ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരമുണ്ടെന്നുള്ളതാണ്. കേന്ദ്ര സർക്കാർ പാസാക്കിയിട്ടുള്ള സമാനമായ ആക്റ്റിൽ 5 വർഷമാണ് കണക്കാക്കിയിരിക്കുന്നത്. ഓരോ മൂന്നുവർഷം കൂടുന്തോറും രജിസ്റ്റർ ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞതുകൊണ്ടാണ് അഞ്ച് വർഷമാക്കി ഉയർത്തിയിട്ടുള്ളത്.

താൽക്കാലിക രജിസ്ട്രേഷൻ എടുത്തവരുടെ എണ്ണം 13000-ത്തിൽ അധികമുണ്ടെങ്കിലും സ്ഥിരമായി രജിസ്ട്രേഷൻ എടുത്തവരുടെ എണ്ണം വളരെക്കുറവാണ്. എല്ലാവരെയും രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരികയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നതിനാൽ സ്ഥിരം രജിസ്ട്രേഷനുള്ള സാധുത കാലയളവ് മൂന്ന് വർഷമെന്നത് അഞ്ച് വർഷമെന്നാക്കുമ്പോഴും എപ്പോൾ വേണമെങ്കിലും അതോറിറ്റിക്ക് പരിശോധിച്ച് ലൈസൻസ് റദ്ദ് ചെയ്യാനുള്ള അധികാരം പ്രസ്തുത നിയമത്തിൽതന്നെ കൊടുക്കുന്നുണ്ട്.

ക്ലിനിക്കൽ സ്ഥാപനങ്ങളിൽ/ആശുപത്രികളിൽ തുകകളുടെ ഏകീകരണത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ആശുപത്രിയിൽ നൽകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും അവിടെ പ്രദർശിപ്പിക്കണമെന്നാണ് ഈ നിയമത്തിൽ പറയുന്ന പ്രധാനപ്പെട്ടൊരു കാര്യം. പക്ഷെ, വളരെ നിർഭാഗ്യകരമായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇത് സ്റ്റേ ചെയ്യപ്പെട്ടിരിക്കുകയാണ്. ഈ നിയമം പാസാക്കിയതിനോടൊപ്പംതന്നെ ഇതിന് സ്റ്റേ നേടിയിരുന്നു. ഈ നിയമം

നടപ്പാക്കണമെന്നുള്ളതുകൊണ്ട് സ്റ്റേ വെക്കേറ്റ് ചെയ്ത് മറ്റ് എതിർകക്ഷികളുമായി ഒരുമിച്ച് ചർച്ച ചെയ്ത് ഒരു അഭിപ്രായ സമന്വയത്തിലേയ്ക്ക് മുന്നോട്ടുപോകാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി IMA (Indian Medical Association) ചർച്ചയ്ക്കുവരികയും അവർ ഇതിലൊരു ലീഡ് റോൾ എടുത്ത് അടുത്ത ദിവസവും കഴിഞ്ഞ രണ്ടുമൂന്ന് ആഴ്ച മുമ്പും ചർച്ച ചെയ്ത് ധാരണയായിരിക്കുന്ന കാര്യം, ഒരു കിയോസ്ക് മുഖാന്തരം ഇലക്ട്രോണിക്കലി ഇക്കാര്യങ്ങൾ പ്രദർശിപ്പിക്കുക എന്നുള്ളതാണ്. ഉദാഹരണത്തിന്, ഞാനൊരു ആശുപത്രിയിൽ ചെല്ലുമ്പോൾ അവിടെ ഞാൻ രോഗിയായിരിക്കില്ല, ബന്ധുവായിരിക്കും. അവിടെ ചെല്ലുമ്പോൾ ഒരു ആൻജിയോ പ്ലാസ്റ്റിയോ അല്ലെങ്കിൽ മറ്റേതെങ്കിലുമൊരു പരിശോധനയോ നടത്തുമ്പോൾ ആശുപത്രയിൽനിന്നും നൽകുന്ന ഇത്തരം സേവനങ്ങൾക്ക് എത്ര തുകയാണ് ഈടാക്കുന്നതെന്ന് ടി കിയോസ്കിലൂടെ മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഒരുക്കുമെന്നതാണ്. വളരെ പ്രധാനപ്പെട്ടൊരു ചുവടുവയ്പ്പായാണ് സംസ്ഥാന സർക്കാർ ഇതിനെ കാണുന്നത്. ഉദാഹരണത്തിന്, ഹൃദയാഘാതവുമായി ആശുപത്രിയിലെത്തുന്ന ഒരാൾക്ക് സ്റ്റെന്റിന് ഇത്ര രൂപയാണെന്നും

ചികിത്സയ്ക്കായി ആകെ ഇത്ര രൂപ ചെലവായെന്നും പറഞ്ഞാൽ പിന്നെ ടി തുക അടയ്ക്കാൻ പറ്റില്ലെന്ന് പറഞ്ഞ് ആർക്കും മാറിനിൽക്കില്ലല്ലോ; രോഗിയുടെ ജീവൻ രക്ഷിക്കാനല്ലേ അവർ ശ്രമിക്കുകയുള്ളൂ. ആ നിസഹായതയിൽ നീതി ഉറപ്പാക്കുകയെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമായി കാണുന്നതുകൊണ്ടാണ് സർക്കാരിന്റെ വളരെ പ്രധാനപ്പെട്ടൊരു ചുവടുവയ്പായി കിയോസ്കുകളിലൂടെ വിശദവിവരങ്ങൾ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. IMA-യുമായുള്ള ചർച്ചയിലൂടെയാണ് സർക്കാർ അത്തരമൊരു സംവിധാനം നടപ്പാക്കാമെന്ന തീരുമാനമെടുത്തിട്ടുള്ളത്.

ആരോഗ്യ ഡാറ്റായെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പറയുകയുണ്ടായി. ഞാൻ ഏതെങ്കിലുമൊരു ആശുപത്രിയിലെത്തി ചികിത്സിക്കുകയാണെങ്കിൽ എനിക്ക് തന്ന മരുന്നുകളും ഞാൻ ചെയ്ത ടെസ്റ്റുകളും അതിന്റെ റിസൾട്ടും എന്താണെന്ന് അറിയുന്നത് എന്റെ അവകാശമാണ്; അത് ഒരു രോഗിയുടെ അവകാശമാണ്. അത് ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. അതുകൊണ്ട് എല്ലാവർക്കും ഇലക്ട്രോണിക്കലി ജനറേറ്റഡായിട്ടുള്ള ഒരു ഐ.ഡി. തയ്യാറാക്കി ഇ-ഹെൽത്തിലൂടെ നൽകാൻ സംസ്ഥാന സർക്കാർ

തീരുമാനിച്ചു. ആ ഐ.ഡി. പ്രകാരമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകുമ്പോൾ ഇത് ആർക്കുവേണമെങ്കിലും ആക്സസ് ചെയ്യാമോയെന്നും ഈ ഡാറ്റ എല്ലാവർക്കും കിട്ടുമോയെന്നുമുള്ള ചോദ്യം ഉന്നയിക്കപ്പെട്ടു. ഇത്തരം വിവരങ്ങൾ അറിയുകയെന്നത് രോഗിയുടെ അവകാശമായതിനാൽ രോഗിക്ക് മാത്രമേ കിട്ടുകയുള്ളൂ. എന്നാൽ, രോഗിയുടെ അനുവാദത്തോടുകൂടി ഡോക്ടർക്ക് ആക്സസ് ചെയ്യാൻ സാധിക്കും. ഞാനൊരു ദിവസം ഒരു ആശുപത്രിയിലും മറ്റൊരു ദിവസം വേറൊരു ആശുപത്രിയിലും പോയാൽ ആ ആശുപത്രിയിലെ ഡോക്ടർക്ക് എന്റെ അനുവാദത്തോടുകൂടി മാത്രമേ അത് ആക്സസ് ചെയ്യാൻ കഴിയുകയുള്ളൂ. എന്നാൽ അവിടെയും സാങ്കേതികമായൊരു തടസ്സം ഉണ്ടാക്കിയിരിക്കുന്നത് വളരെ നിർഭാഗ്യകരമാണ്. അത് പറ്റില്ലെന്നുള്ള നിലയിൽ ചില മേഖലയിൽനിന്നുള്ള കേസ് നിലനിൽക്കുന്നുണ്ട്. ഞാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിലും നെയ്യാറ്റിൻകര ആശുപത്രിയിലുമൊക്കെ പരിശോധന നടത്തിയെങ്കിൽ ഇ-ഹെൽത്തുമായി കണക്ടഡായിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ചികിത്സാ വിവരങ്ങൾ ആക്സസ് ചെയ്യാൻ സാധിക്കും. പക്ഷേ അതുപോര;

സ്വകാര്യമേഖലയെക്കൂടി ഇതിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവരണം. ഈ നിയമം പാസാക്കുന്നതുമായി ബന്ധപ്പെട്ട കേസ് ഈയൊരു ലക്ഷ്യത്തിന് അനുകൂലമായിത്തന്നെ തീരുമാനമാക്കപ്പെടുമെന്നുള്ളതാണ് പ്രതീക്ഷിക്കുന്നത്. കേസുണ്ടായിരുന്നില്ലെങ്കിൽ ആറ് മാസത്തിനുള്ളിൽ എല്ലാവർക്കും എവിടെപ്പോയാലും ഈ ചികിത്സാരേഖകൾ ലഭ്യമാകുന്ന നിലയിലുള്ള ഐ.ഡി. ജനറേറ്റ് ചെയ്തുകൊണ്ടുള്ള ഒരു സംവിധാനം സാധ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സർക്കാർ ആശുപത്രികളെ സംബന്ധിച്ചിടത്തോളം അത് പൂർണ്ണമായും സാധ്യമാക്കുന്നതിന് ഈയൊരു കാലയളവിൽ കഴിയുന്നതാണ്.

ഇവിടെ പറഞ്ഞ ചിലകാര്യങ്ങൾ അതത് പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ളതുകൂടിയാണ്. ബഹുമാനപ്പെട്ട അംഗം വൈത്തിരി ആശുപത്രിയുമായി ബന്ധപ്പെട്ട് മെഡിക്കൽ കൺസൾട്ടിന്റെയും ഗൈനക്ക് കൺസൾട്ടിന്റെയും കാര്യം പറഞ്ഞു. അക്കാര്യത്തിൽ DPC (Departmental Promotion Committee) കഴിഞ്ഞതിനാൽ ഉടൻതന്നെ അവിടെ കൺസൾട്ടന്റിനെ നിയമിക്കുന്നതാണ്. ട്രോമ കെയറുമായി ബന്ധപ്പെട്ട് 52 ആശുപത്രികൾ സംസ്ഥാന സർക്കാർ ഐഡന്റിഫൈ ചെയ്തിരുന്നു. വയനാട്

ജില്ലയിലെ വൈത്തിരി ആശുപത്രിയിൽ ട്രോമ കെയർ സംവിധാനമൊരുക്കുന്നതുമായി ബന്ധപ്പെട്ട് HR (Human Resource) സപ്പോർട്ട് ആവശ്യമായിട്ടുള്ളത് ചെയ്യുന്നതാണ്. ഒരു കാര്യംകൂടി പറയാനുള്ളത്, മരണപ്പെട്ട രത്തൻ ടാറ്റക്ക് സഭ മുമ്പാകെ ഞാനും ആദരാഞ്ജലികൾ അർപ്പിക്കുന്നു. കോവിഡ് മഹാമാരി സമയത്ത് കാസർഗോഡ് ജില്ലയിൽ TATA ഹോസ്പിറ്റൽ നിർമ്മിച്ചുനൽകിയത് അവരാണ്. ഉദുമ നിയോജകമണ്ഡലത്തിൽ 22.50 കോടി രൂപ ഉപയോഗിച്ച് ഒരു സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച ATELC (അപ്പക്സ് ട്രോമ ആൻഡ് എമർജൻസി ലേണിംഗ് സെന്റർ) എന്ന സ്ഥാപനത്തെപ്പറ്റി കഴിഞ്ഞ ദിവസം നീതി ആയോഗ്-ന്റെ സി.ഇ.ഒ. ആയ ഡോ. വി. കെ. പോൾ രാജ്യത്ത് മറ്റൊരിടത്തും ഇങ്ങനെ ഒരു സംവിധാനമില്ലെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഹെൽത്ത് വർക്കേഴ്സിന് മാത്രമല്ല; എല്ലാവർക്കും എമർജൻസി സാഹചര്യത്തിൽ എന്തൊക്കെ ചെയ്യണമെന്നത് സംബന്ധിച്ച് ട്രെയിനിംഗ് നൽകുന്ന സ്ഥാപനമാണിത്. അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ് ചെയ്യാൻ ടാറ്റായാണ്

സഹായിച്ചത്. അങ്ങനെ ഒട്ടനവധി മേഖലകളിൽ ടാറ്റയുടേതായ ഇടപെടലുകളുണ്ടായിട്ടുണ്ടെന്നുള്ളതുകൂടി ഈ അവസരത്തിൽ ഓർക്കുകയാണ്.

പേരാവൂർ ആശുപത്രിയിൽ Anaesthetist-ന്റെ തസ്തികയില്ലെന്ന് ബഹുമാനപ്പെട്ട അംഗം സണ്ണി ജോസഫ് ഇവിടെ പറയുകയുണ്ടായി. എന്നാൽ ജോലി ക്രമീകരണത്തിലൂടെ മൂന്ന് ദിവസത്തേയ്ക്ക് അവിടെ ഒരു അനസ്തേഷ്യ ഡോക്ടറെ നിയമിക്കുന്നുണ്ട്. ആറളം ഫാമിലെ ജീവനക്കാരുൾപ്പെടെ ആശ്രയിക്കുന്നൊരു ആശുപത്രിയാണ്. അവിടെയുള്ള ഡോക്ടേർമാരെയും എം.എൽ.എ.-യെയും ഇക്കാര്യത്തിൽ നേരിൽക്കണ്ട് ഞാൻ അഭിനന്ദിച്ചതാണ്. അത്ര ഡെഡിക്കേറ്റഡായിട്ടുള്ള ഡോക്ടർമാരാണ് അവിടെയുള്ളത്. മൂന്ന് ദിവസത്തേയ്ക്കാണ് ഇപ്പോൾ അവിടെ അനസ്തേഷ്യ ഡോക്ടറുള്ളത്. പോസ്റ്റ് ക്രിയേഷന്റെ ഭാഗമായി അവിടെയൊരു Anaesthetist-നെ കൊടുക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിൽ അന്തിമ അനുമതികളുണ്ടാകും.

യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷന്റെ ഭാഗമായി ഒരു കുഞ്ഞ് ജനിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിലാണ് 'ഹെപ്പറ്റൈറ്റിസ് ബി' വാക്സിൻ നൽകുന്നത്. ഹെൽത്ത് വർക്കേഴ്സിന് ആശുപത്രികളിൽ 'ഹെപ്പറ്റൈറ്റിസ് ബി'

വാക്സിൻ ഫ്രീയായി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രോഗ്രാമുണ്ട്. ഗവൺമെന്റ് തലത്തിൽ അഡൽറ്റിന് ഇപ്പോൾ വാക്സിനില്ല; യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷന്റെ ഭാഗമായി കുഞ്ഞുങ്ങൾക്കാണ് വാക്സിൻ നൽകുന്നത്. പക്ഷേ, ചില രാജ്യങ്ങളിൽ പോകുമ്പോൾ പ്രത്യേകമായി 'ഹെപ്പറ്റൈറ്റിസ് ബി' വാക്സിൻ എടുത്തിട്ട് പോകണമെന്ന വിഷയം ബഹുമാന്യനായ വടകര അംഗം കെ. കെ. രമ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ വടകര കാരുണ്യ ഫാർമസിയിൽ ഇത് നൽകിയിരുന്നു. നിലവിൽ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള 500-ൽ അധികം ഡോസ് വയൽസ് അവയിലബിൾ ആയതിനാൽ എവിടെയാണ് ആവശ്യമുള്ളതെന്ന് കണ്ടെത്തി അവിടെയൊക്കെ ഇത് എത്തിക്കാൻ സാധിക്കുന്നതാണ്.

ചുരമിറങ്ങാതെതന്നെ ആരോഗ്യമേഖലയിൽ വയനാട് ജില്ലയെ സ്വയംപര്യാപ്തമാക്കി മാറ്റണമെന്നതാണ് പൊതുവിൽ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളുവിന്റെ മണ്ഡലമായ മാനന്തവാടിയിൽ മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിച്ചുവെന്നത്

സന്തോഷമുള്ള കാര്യമാണ്. ഏതാനും ദിവസങ്ങൾക്കുമുമ്പ് ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട 81 വയസ്സുള്ള അമ്മിണിയമ്മക്ക് ആൻജിയോപ്ലാസ്റ്റി നടത്തുകയും ഇപ്പോൾ അവർ സുഖമായിരിക്കുകയും ചെയ്യുന്നു. കൂടാതെ, മൃഗങ്ങളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഞരമ്പുകൾ മുറിഞ്ഞ് സർജറി ആവശ്യമായി വരുമ്പോൾ Thoracic Surgeon, ന്യൂറോളജിസ്റ്റ്, ന്യൂറോ സർജൻ എന്നീ സൂപ്പർ സ്പെഷ്യാലിറ്റി തസ്തികകൾകൂടി അനുവദിച്ചുകൊണ്ടുള്ള ഓപ്പറേഷൻ തീയേറ്ററുൾപ്പെടെയുള്ള സംവിധാനം 2025 ഡിസംബറിനുമുമ്പ് വയനാട് മെഡിക്കൽ കോളേജിൽ സജ്ജീകരിക്കുന്നതാണ്.

കൽപ്പറ്റയിലെ സ്ഥലവുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം ഇടപെട്ടിട്ടുണ്ട്. കൂടാതെ, സുൽത്താൻ ബത്തേരിയിൽ പുതിയ ബ്ലോക്ക് പൂർത്തീകരിച്ചു. വൈത്തിരിയിൽ പുതിയ ബ്ലോക്ക് പൂർത്തീകരിച്ച് ഉദ്ഘാടനത്തിനുമുമ്പുതന്നെ പ്രവർത്തനം ആരംഭിക്കണമെന്ന് പറഞ്ഞു. അങ്ങനെ എല്ലായിടത്തും സജ്ജമാക്കിയിട്ടുണ്ട്.

ബഹുമാന്യയായ തൃക്കാക്കര എം.എൽ.എ. ശ്രീമതി ഉമ തോമസ് പറഞ്ഞ ഒരു വിഷയം, മണ്ഡലാടിസ്ഥാനത്തിലല്ല ആശുപത്രികളുടെ

സ്റ്റാൻഡേർഡൈഡേസേഷൻ നിർവ്വഹിക്കപ്പെടുന്നത്; താലൂക്ക് തലത്തിലൊരു താലൂക്ക് ആശുപത്രി, ജില്ലാ തലത്തിൽ ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, പഞ്ചായത്ത് തലത്തിൽ ആരോഗ്യകേന്ദ്രങ്ങൾ എന്നിങ്ങനെയാണ്. തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള ആരോഗ്യകേന്ദ്രത്തിൽ ഒരു ഡയാലിസിസ് സെന്റർ വേണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. 2018-ലെ സർക്കാർ ഉത്തരവുപ്രകാരം അത് സാധ്യമാകുന്നില്ല. നേരത്തെ അനുവദിച്ച ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യും മറ്റു ചില എം.എൽ.എ.-മാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി MoU വച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനാണ് ശ്രമിക്കുന്നത്. ശ്രീ. ടി. ഐ. മധുസൂദനൻ എം.എൽ.എ.-യുടെ നിയോജകമണ്ഡലമായ പയ്യന്നൂരിൽ അതിമനോഹരമായി പൂർത്തീകരിച്ചൊരു ആശുപത്രി കെട്ടിടമുണ്ട്. അത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കിഫ്ബിയിലൂടെയോ മറ്റേതെങ്കിലും ഫണ്ടിലൂടെയോ ഒരാശുപത്രിയുടെ നിർമ്മാണം അറുപത് ശതമാനം പൂർത്തിയാകുമ്പോൾ അവിടെയുള്ള

എക്യുപ്‌മെന്റ്സിനുവേണ്ടിയുള്ള ലിസ്റ്റ് കെ.എം.എസ്.സി.എൽ (കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ)-ന് കൊടുക്കണമെന്ന് കർശനമായി പറഞ്ഞിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പറഞ്ഞതുപോലെ തൊണ്ണൂറും നൂറും ശതമാനം പ്രവൃത്തി പൂർത്തിയായശേഷം ഇനി എക്യുപ്‌മെന്റ്സും കൊണ്ടുവരണമെന്ന് പറയുമ്പോൾ ടി എക്യുപ്‌മെന്റ്സ് പലതും അവിടെ വച്ചതിനുശേഷം വീണ്ടും സിവിൽ വർക്ക് ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. അതുകൊണ്ട് 60 ശതമാനം നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുമ്പോൾ എക്യുപ്‌മെന്റ്സിന് വേണ്ടിയുള്ള ലിസ്റ്റ് കെ.എം.എസ്.സി.എൽ. വഴി അത് പ്രൊക്യൂർ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ പട്ടാമ്പി എം.എൽ.എ. പറഞ്ഞ വിഷയത്തിൽ ഡയാലിസിസ് ഡി.എം.ഒ.-യാണ് അത് പ്രൊക്യൂർ ചെയ്യുന്നത്. അതിൽ റേറ്റ് കോൺട്രാക്ടിന്റെ ചില വിഷയങ്ങളുണ്ടായിരുന്നു. അത് പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നുകൊണ്ട് എച്ച്.ആർ.-ന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ നാട്ടിൽ നഴ്സിംഗ് കോളേജുകൾ

അനവധിയുണ്ട്. പക്ഷെ, കുട്ടികൾ ഇപ്പോഴും ആശ്രയിക്കുന്നത് മറ്റ് സംസ്ഥാനങ്ങളെയാണ്. ഇവിടെ പഠിക്കുന്ന കുട്ടികൾപോലും നിൽക്കുന്നതുമില്ല. വിദേശരാജ്യങ്ങളിലേക്ക് പെട്ടെന്ന് ജോലിക്ക് പോകുകയാണ്. പക്ഷെ അതുകാരണം നമ്മുടെ പ്രൈവറ്റ് ഹോസ്പിറ്റലിലും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റലുകളിലും നഴ്സുമാരുടെ വലിയ ഷോർട്ടേജാണ് സംഭവിക്കുന്നത്. ഹോസ്പിറ്റലുകളിലെ കാര്യം മാത്രമല്ല ലാബുകളുടെ കാര്യം പറയുകയാണെങ്കിൽ, ചെറിയ ലാബുകൾ ഈ ആക്റ്റിന്റെ പരിധിയിൽ വരുമ്പോൾ അവിടെ ബി.എസ്.സി., എം.എൽ.റ്റി. പോലുള്ള മിനിമം ക്വാളിഫിക്കേഷനുള്ള ഒരാളെങ്കിലുമുണ്ടാകണം. അതിനനുസരിച്ച് പാരാമെഡിക്കൽ കോഴ്സുകൾ നമ്മുടെ സംസ്ഥാനത്തുണ്ടോയെന്ന് പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തെ വിവിധ ആശുപത്രികൾ പ്രൈവറ്റെന്നോ ഗവൺമെന്റെന്നോ വ്യത്യാസമില്ലാതെ സിന്തറ്റിക് ഡ്രഗ്സ് ഉപയോഗിക്കുന്ന വ്യക്തികൾ നിരന്തരം ആക്രമണത്തിന് വരികയും മോഷണം നടത്തുകയും ചെയ്യുന്നുണ്ട്. കാറ്റഗറി 'ഡി'-ലുൾപ്പെടുന്ന മരുന്നുകൾ സംരക്ഷിക്കാൻ വലിയ രീതിയിലുള്ള വെല്ലുവിളികൾ ചെറിയ

ആശുപത്രികൾ നേരിടുകയാണ്. സർക്കാർ ഹോസ്പിറ്റലിൽപോലും കത്തികാട്ടി മരുന്ന് പ്രിസ്ക്രൈബ് ചെയ്യുന്ന വാർത്തയൊക്കെ നമ്മൾ അടുത്തിടെ കണ്ടതാണ്. ഇക്കാര്യത്തിൽ ഡോക്ടർമാർ മാത്രമല്ല മറ്റെല്ലാ സ്റ്റാഫുകളും വലിയ പ്രതിസന്ധി നേരിടുകയാണ്. ഇതിനെ നമുക്ക് എങ്ങനെയാണ് തരണം ചെയ്യാൻ സാധിക്കുക?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ഈ സർക്കാർ ചുമതലയേൽക്കുമ്പോൾ നഴ്സിംഗ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 491 സീറ്റാണ് ഈ മേഖലയിലുണ്ടായിരുന്നത്. ഇപ്പോൾ ഇത് 1100-ൽ അധികമാണ്. അതായത് ഏതാണ്ട് മൂന്നിരട്ടിയോളമടുക്കുന്നു. സ്വകാര്യ മേഖലയിലും പരിശോധിച്ചാൽ മനസ്സിലാകും, മാനദണ്ഡമുണ്ടെങ്കിൽ ഒരാളുടെയും അപേക്ഷ നിരസിച്ചിട്ടില്ലെന്നുള്ളതാണ്. മാനദണ്ഡപ്രകാരം എത്തിയിട്ടുള്ള, റിപ്പോർട്ടുകൾ അനുകൂലമായ എല്ലാ കേസുകളിലും സർക്കാർ എടുത്ത നിലപാട് വിദ്യാർഥികൾ പുറത്തുപോയി പഠിക്കേണ്ട ഇവിടെ പഠിക്കണമെന്നുതന്നെയാണ്. അതിനുവേണ്ട നിലപാടുകൾ എടുക്കുകയും നഴ്സിംഗ് കോളേജുകൾ അനുവദിച്ചിട്ടുമുണ്ട്. പാരാമെഡിക്കൽ കോഴ്സും അതുപോലെതന്നെയാണ്

അനുവദിച്ചിട്ടുള്ളത്. പക്ഷെ, മാനദണ്ഡത്തിൽ കോംപ്രമൈസ് ചെയ്യുന്നില്ല. റിപ്പോർട്ട് അനുകൂലമായി വരുന്ന എല്ലാ സാഹചര്യത്തിലും പ്രവേശനം നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ രണ്ട് നിപ കേസുകളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഒരു വിഷയവുമായി ബന്ധപ്പെടുത്തിയാണ് ഇത് സൂചിപ്പിക്കുന്നത്. അവിടെയൊരു മരണമുണ്ടായി. ആ മരണത്തിന് രണ്ട് കാരണങ്ങളാണ് ഡോക്ടർമാർ സംശയിച്ചത്. നേരത്തെ 'ഹെപ്പറ്റൈറ്റിസ്-എ' ഉണ്ടായിരുന്നുവെന്നായിരുന്നു സംശയിച്ചത്. അതിന്റെ ലക്ഷണങ്ങൾ പരിശോധിച്ചപ്പോൾ ചില ഘടകങ്ങൾ ഉയർന്ന് നിൽക്കുന്നതായി കണ്ടു. അതുകൊണ്ട് അതാണോയെന്ന് സംശയിച്ചു. രണ്ടാമതായി ബ്ലീഡിംഗുണ്ടായിരുന്നു. അത് ഡെങ്കിപ്പനിയാണോയെന്ന് സംശയിച്ചു. പക്ഷേ, യുവാവ് ദിവസങ്ങൾക്കുള്ളിൽ മരണപ്പെട്ടു. ഓരോ മരണമുണ്ടാകുമ്പോഴും എങ്ങനെയാണ് മരണമുണ്ടായതെന്ന് അന്വേഷിക്കുന്നുണ്ട്. അങ്ങനെ മരണത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന് സംശയമുണ്ടാകുകയും ഡിസ്ട്രിക് സർവ്വേലൻസ് ഓഫീസറെ അറിയിക്കുകയും

ഉടനതന്നെ നിപ ബാധയാണോയെന്ന് അറിയാൻ പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ പരിശോധന നടത്തിയപ്പോൾ പോസിറ്റീവാണെന്ന് കണ്ടെത്തുകയുണ്ടായി. ബഹുമാനപ്പെട്ട കൊണ്ടോട്ടി അംഗത്തിന്റെ മണ്ഡലത്തിൽ, അദ്ദേഹം വളരെ വിപുലമായ ഒരു സ്വാഗത സംഘത്തെ വിളിക്കുകയും കൊണ്ടോട്ടിയിൽ കിഫ്ബിയിലൂടെ 38 കോടി രൂപയുടെ പുതിയ കെട്ടിടം നിർമ്മിക്കാനുള്ള നടപടിയുടെ പ്രാരംഭഘട്ടത്തിലാണ്. മലപ്പുറത്തെ ഏകദേശം എല്ലാ നിയോജകമണ്ഡലങ്ങളിലും വളരെ വിപുലമായി ഫണ്ടുകൾ അനുവദിച്ച് നിർമ്മാണപ്രവർത്തനങ്ങൾ സാധ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കുറ്റിപ്പുറം ഹോസ്പിറ്റലിൽ ഒഫ്ത്താൽമോളജിയുടെ യൂണിറ്റ് പൂർത്തിയായി. അങ്ങനെ എല്ലായിടത്തും യൂണിറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയറും അവിടെ നിന്നുമുള്ള അംഗമാണ്. അങ്ങേയ്ക്കും അറിയാവുന്ന കാര്യമാണിത്. എല്ലാ ജില്ലകളിലും ആരോഗ്യരംഗവുമായി ബന്ധപ്പെട്ട്, ബഹുമാനപ്പെട്ട ടി. ഐ. മധുസൂദനൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ നമുക്ക് സാധ്യമായ രീതിയിലെല്ലാം കാര്യങ്ങൾ

ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. വളരെ മനോഹരമായി ഇൻഫ്രാസ്ട്രക്ചർ എക്യുപ്മെന്റ്സ് കൊണ്ടുവന്നു. അതിനനുസരിച്ചുള്ള എച്ച്.ആർ. കൂടി ലഭ്യമാക്കുന്നതിനാണ് ധനകാര്യവകുപ്പ് ശ്രമിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഇതുവരെ ഉണ്ടായിട്ടില്ലാത്തവിധത്തിൽ 270 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചു. ആയുർവേദരംഗത്ത് 45 വർഷങ്ങൾക്കുശേഷമാണ് ആയുർവേദ രംഗത്ത് ഡോക്ടർമാരുടെ ഉൾപ്പെടെ 140 ഓളം ഡോക്ടർമാരുടെ തസ്തികകൾ ഐ.എസ്.എം (ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ)-ൽ സൃഷ്ടിക്കുന്നത്. ഇപ്പോൾ ഡി.എച്ച്.എസ്.-മായി ബന്ധപ്പെട്ടിട്ടുള്ള പോസ്റ്റ് ക്രിയേഷൻ അതിന്റെ അവസാനഘട്ടത്തിലാണുള്ളത്. തീർച്ചയായും പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നാണ് ഞാൻ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപം. അതുമായി സംസാരിച്ച എല്ലാവരോടും നന്ദി പറഞ്ഞുകൊണ്ട് കേരളത്തിന്റെ പൊതുജനാരോഗ്യരംഗം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി ഞങ്ങൾ കൈകൾ കോർത്തുപിടിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതിൽ

വ്യത്യാസങ്ങളില്ല. എല്ലാവരോടും നന്ദി പറഞ്ഞുകൊണ്ട് ഈ ആക്റ്റ് പൂർണ്ണമായും നടപ്പാക്കുന്നതിനുവേണ്ടി ഒന്നിച്ചുനിൽക്കാമെന്ന് മാത്രം പറയാൻ ആഗ്രഹിക്കുകയാണ്.

ചെയർപേഴ്സൺ: ശ്രീ. ടി. സിദ്ദിഖ്, അങ്ങയുടെ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ചെയർപേഴ്സൺ : ശ്രീ. ടി. ഐ. മധുസൂദനൻ അങ്ങയുടെ 2(ബി) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല.)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2024-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) <u>2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ</u>

(iii) <u>2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ, 2024 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ എന്നിവ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV -ന്റെ പരിഗണയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് ചെറിയ ഭേദഗതി ബില്ലുകളാണ്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ

(ഭേദഗതി) ബില്ലിൽ രണ്ടാം ഖണ്ഡികയിൽ "കൈപ്പറ്റ് സാക്ഷ്യപത്രം" എന്ന പദം വരുന്നിടത്തെല്ലാം "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്നും മൂന്നാം ഖണ്ഡികയിൽ (iii)-ൽ (2)-ാം ഉപവകുപ്പിലെ "മൂന്ന് വർഷക്കാലയളവിൽ" വന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിൽ" എന്നുമുള്ള ഭേദഗതികളാണ് പ്രധാനമായും കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത സാക്ഷ്യപത്രത്തിന്റെ പ്രാബല്യം അത് നൽകിയ തീയതി മുതൽ മൂന്ന് വർഷവും ആറ് മാസത്തിനുള്ളിലാണ് ലൈസൻസ് തേടേണ്ടതെന്നാണ് സർക്കാർ നേരത്തെ തീരുമാനിച്ചത്. ആ പീരിയഡിൽ പൂർണ്ണമായും ഈ ലൈസൻസ് സ്വായത്തമാക്കാൻ ഉപയോഗിക്കാമെന്നുള്ളതാണ്. മറ്റുള്ളതെല്ലാം ചെറിയ സാങ്കേതിക ഭേദഗതികൾ മാത്രമാണ്.

ചെയർപേഴ്സൺ: രണ്ട് ബില്ലുകളുടെയും ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുരളി പെരുനെല്ലി: സർ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായ

ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും വ്യവസായ സ്ഥാപനങ്ങൾ വിപുലീകരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ആധുനീകവത്കരിക്കുന്നതിനും ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പുതുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ വേഗത്തിൽ നൽകുന്നതിന് വ്യവസായ നഗര പ്രദേശ വികസന അധികാരങ്ങളുടെ രൂപീകരണത്തിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ് 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ്. ഈ ആക്റ്റിൽ അനുയോജ്യമായ ചില ഭേദഗതികൾ വരുത്താനുദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

വ്യവസായത്തിനായി കേരളം തിരഞ്ഞെടുക്കരുതെന്നും ഇവിടുത്തെ സാഹചര്യം ഓഹരി വിപണിക്ക് സമാനമാണെന്നുമാണ് സഹപ്രവർത്തകർ ഇവിടെ പറഞ്ഞത്. പക്ഷെ, അനുഭവത്തിൽനിന്ന് പറയട്ടെ കേരള സർക്കാർ

വലിയ മാറ്റമാണ് ഈ രംഗത്ത് കൊണ്ടുവന്നത്. 'കേരളം വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സംസ്ഥാനം' ആണെന്നത് ആഗോള ഫാർമസ്യൂട്ടിക്കൽ മേഖലയിലെ പ്രമുഖ കമ്പനി ഭാരത ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡിന്റെ സി.എം.ഡി. പത്മഭൂഷൺ ഡോ. കൃഷ്ണ എല്ല അഭിപ്രായപ്പെടുകയുണ്ടായി. വ്യവസായ വകുപ്പ് സംഘടിപ്പിച്ച ബയോകണക്ട് കോൺക്ലേവിൽ വച്ചാണ് ഒൻപതാം ദിവസം തനിക്ക് വ്യവസായ അനുമതി ലഭിച്ചെന്നും ഇക്കാര്യത്തിൽ കേരളം തന്നെ അതിശയിപ്പിച്ചിരിക്കുന്നുവെന്നും കേരളത്തെപ്പറ്റി രാജ്യത്താകെ വ്യാജ പ്രചരണമാണ് നടത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുകയുണ്ടായി. ഏത് ഗ്രാമത്തിലും വ്യവസായ യൂണിറ്റ് സ്ഥാപിക്കാൻ സാധിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്ന കാര്യവും അദ്ദേഹം അടിവരയിട്ട് പറയുകയാണ്. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ ദിവസവും പച്ച നുണകളുടെ ഭാണ്ഡക്കെട്ടുമായി നിയമസഭയിൽ വന്ന് കെട്ടഴിക്കുമ്പോൾ ആ ഭാണ്ഡകെട്ടിൽനിന്ന് ഉതിർന്ന് വീഴുന്ന ദുർഗന്ധം അസഹനീയമായിതോന്നുമ്പോൾ പിടിച്ച് നിൽക്കാൻ സാധിക്കാതെ സഭ

വിട്ടോടുന്ന പ്രതിപക്ഷത്തെയാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. വ്യവസായ സൗഹൃദ സൂചികയിൽ ടോപ്പ് അച്ചീവർ പദവി നേടി രാജ്യത്തെ ഒന്നാം സ്ഥാനത്തെത്തിയ ഒരേയൊരു സംസ്ഥാനം സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന കേരളമാണെന്നത് എല്ലാവർക്കും കാണാൻ സാധിക്കുന്നുണ്ട്. എന്നാൽ ഊണിലും ഉറക്കത്തിലും പേടിച്ച് വിറച്ച് ഉരുവിടുന്ന ചിലർ ഈ മതനിരപേക്ഷ കേരളത്തെ തകർക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നിയമസഭയ്ക്കകത്ത് വരുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. വ്യവസായവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിക്ക് ചരിത്രത്തിൽ ആദ്യമായി ദേശീയതലത്തിൽ കേരളത്തിന് അംഗീകാരം ലഭിച്ചത് രണ്ടാം പിണറായി സർക്കാരിന്റെ കാലത്താണെന്ന കാര്യം നമ്മൾ മറന്നുപോകാൻ പാടില്ല. അതുമാത്രമല്ല, വ്യവസായ സൗഹൃദറാങ്കിങ്ങിൽ 28-ാം സ്ഥാനത്ത് നിന്നിരുന്ന നമ്മുടെ സംസ്ഥാനം 15-ാം സ്ഥാനത്തേയ്ക്കും ഇപ്പോൾ അവിടെനിന്ന് വൻകുതിപ്പ് നടത്തി ഒന്നാം സ്ഥാനത്തേയ്ക്കെത്തിയിരിക്കുന്നത് ചെറിയൊരു കാര്യമല്ല. ഈ അംഗീകാരം ലഭിച്ചത് കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പുമന്ത്രി ശ്രീ. പീയുഷ് ഗോയൽ വിളിച്ചുചേർത്ത വ്യവസായ

വകുപ്പുമന്ത്രിമാരുടെ യോഗത്തിലാണെന്നുള്ളത് കാണേണ്ടതുണ്ട്. മുൻകാല ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ ധാരാളം പൊതുമേഖല സ്ഥാപനങ്ങൾ നഷ്ടത്തിലായി അടച്ചുപൂട്ടുന്ന പ്രവർത്തനമാണ് നടന്നിരുന്നതെങ്കിൽ ഇന്ന് ഇരുപതിലധികം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരിക്കുകയാണ്. അത് ചെറിയൊരു മാറ്റമല്ല. ഈ സർക്കാർ വ്യവസായരംഗത്ത് കൊണ്ടുവന്നിരിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു മാറ്റമാണ്. അതുപോലെ കേന്ദ്ര സർക്കാർ അടച്ചുപൂട്ടൽ നിലപാടിലേയ്ക്ക് പോയ കേരള പേപ്പർ പ്രോഡക്റ്റ് ലിമിറ്റഡ് (കെ.പി.പി.എൽ.) ആ സ്ഥാപനം സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ഇന്നത് കേരളത്തിന് അഭിമാനമായി മാറിയിരിക്കുകയുമാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലേയ്ക്കും പേപ്പർ നൽകുന്ന ഒരു സ്ഥാപനമായി അത് മാറിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെ റബ്ബറധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബായി കേരളത്തെ മാറ്റുന്നതിന് 1,050 കോടി രൂപയുടെ കേരള റബ്ബർ ലിമിറ്റഡ് എന്ന പുതിയ സ്ഥാപനം ഇവിടെ ആരംഭിച്ചിരിക്കുകയാണ്. അതുവഴി കുറെ ആളുകൾക്ക് തൊഴിൽ ലഭിച്ചിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യ International GenAI Conclave

ഇവിടെ സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ വിശദാംശത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതുപോലെ കേരളത്തിൽ ആദ്യത്തെ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് ഇവിടെ സംഘടിപ്പിക്കുകയുണ്ടായി. കൊച്ചി-ബാംഗ്ലൂർ വ്യവസായിക ഇടനാഴിക്ക് അനുമതി നൽകിയത് വ്യവസായരംഗത്ത് വലിയൊരു മുന്നേറ്റം നേടിത്തന്ന ഒരു കാര്യമാണ്. അത് കേരളത്തിൽ വലിയൊരു മാറ്റമുണ്ടാക്കാൻ പോകുകയാണ്. എം.എസ്.എം.ഇ. മേഖലയിൽ ബെസ്റ്റ് പ്രാക്ടീസായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പങ്കെടുത്ത യോഗത്തിൽ ദേശീയ അംഗീകാരം നേടിയ സംരംഭകവർഷം ഈ സർക്കാരിന്റെ ഉല്പന്നമാണെന്നുള്ളത് നാം മറക്കാൻ പാടില്ല. ടി പദ്ധതിയിലൂടെ 2,85,627 സംരംഭങ്ങളാരംഭിച്ചു. 18,505/- കോടി രൂപയുടെ നിക്ഷേപവും 6,07,632 തൊഴിലവസരങ്ങളും ഇതിന്റെ ഭാഗമായി ലഭിച്ച സ്ഥിതി വിശേഷമുണ്ടായിട്ടുണ്ട്. സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുകയും അവയുടെ സംഭാവനകൾ അംഗീകരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഇൻഡസ്ട്രീസ് അവാർഡ്സ് സംഘടിപ്പിച്ചിട്ടുണ്ട്. കേരള വ്യവസായ വാണിജ്യ നയം 2023-ൽ സർക്കാർ പ്രഖ്യാപിച്ചതിന്റെ ഭാഗമായി എം.എസ്.എം.ഇ.

വ്യവസായങ്ങൾക്ക് കേരളത്തിൽ അഞ്ച് വർഷത്തേയ്ക്ക് വൈദ്യുതി ചാർജ് ഏർപ്പെടുത്തിയിട്ടില്ല. അത് വലിയൊരു മാറ്റമാണ് വ്യവസായരംഗത്ത് കൊണ്ടുവരുന്നത്. അതുപോലെ സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ സംരംഭകർക്കും സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും വലിയ ഇളവ് അനുവദിച്ചിട്ടുണ്ട്. വ്യവസായപുരോഗതിക്കുവേണ്ടി സംസ്ഥാന സർക്കാർ ഇടപെടുന്നതിന്റെ തെളിവാണിത്. വലിയ വ്യവസായങ്ങൾക്ക് ജി.എസ്.ടി. നികുതിയുടെ സംസ്ഥാന വിഹിതം സംരംഭകർക്ക് തിരികെ നൽകുകയാണ്. ആ നിലയിലും വലിയ മാറ്റം വരുത്താൻ സാധിച്ചിട്ടുണ്ട്. കേരളം വലിയ വ്യവസായങ്ങൾക്ക് പത്ത് കോടി രൂപ വരെ  സബ്സിഡി നൽകുന്നുണ്ട്. എം.എസ്.എം.ഇ. സംരംഭകർക്ക് അന്താരാഷ്ട്ര വാണിജ്യ ഫെയറിൽ പങ്കെടുക്കാനുള്ള ആനുകൂല്യവും സർക്കാർ നൽകുന്നുണ്ട്. ആഗോള ആയുർവേദ ഗ്രാമവും ബയോ ടെക്നോളജി ഇൻകുബേഷൻ സെന്ററും സ്ഥാപിക്കുകയാണ്. മറ്റ് പല നിലയിലുമുള്ള മാറ്റങ്ങൾ ഈ രംഗത്ത് നടപ്പിലാക്കുന്നുണ്ട്. ഗ്രഫീൻ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുകയാണ്. ഉയർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കാവശ്യമായ സ്ഥാപനങ്ങളും മാരിടൈം മേഖലയിൽ ക്ലസ്റ്റർ

പ്രോജക്ടിനൊപ്പം മാരിടൈം ടെക്നോളജി ഹബ് രൂപീകരിക്കുകയാണ്. മെഡിക്കൽ അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുകയാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിൽ കെ-സിഫ്റ്റിലൂടെ അഞ്ച് മിനിട്ടുകൊണ്ട് 50 കോടി രൂപ വരെയുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പ്രത്യേക നയം നടപ്പാക്കിയിട്ടുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സംരംഭക വികസന വർഷത്തിൽ നിരവധി നിയമപരിഷ്കാരങ്ങൾ ഈ മൂന്നുനാല് വർഷങ്ങൾക്കുള്ളിൽ വ്യവസായ മേഖലയിൽ നടന്നിട്ടുണ്ട്. മുൻകൂർ ലൈസൻസില്ലാതെ ഒരു സംരംഭം ആരംഭിക്കാൻ സാധിക്കുന്നൊരു അപൂർവ നിയമമാണ് യഥാർത്ഥത്തിൽ ഇപ്പോഴുള്ളത് എന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. പക്ഷേ, അതിനോടൊപ്പം ചേർത്തു വായിക്കേണ്ടൊരു കാര്യം ലൈസൻസ് ഇല്ലാതിരിക്കുമ്പോൾ പ്രധാനമായി ശ്രദ്ധിക്കേണ്ട വിഷയം നിലവിലുള്ള നിയമങ്ങൾ പാലിക്കാതെ വ്യവസായമാരംഭിച്ച് മൂന്നര വർഷം ആകുമ്പോഴേയ്ക്കും

അതായത്, ലൈസൻസെടുക്കാനുള്ള സമയമാകുമ്പോൾ അത് ലഭിക്കാതെ വരുന്നൊരു സാഹചര്യമുണ്ടാകുന്നുവെന്നത് നാം മുൻകൂട്ടി കാണണം. അതുകൊണ്ട് അതിനാവശ്യമായൊരു ഗൈഡ്ലൈൻ നൽകുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. സുജിത് വിജയൻപിള്ള: സർ, തീരദേശപ്രദേശങ്ങളിൽ എന്റെ നിയോജകമണ്ഡലമായ നീണ്ടകര പോലുള്ള പ്രദേശങ്ങളിൽ രണ്ട് വിഷയങ്ങളാണുള്ളത്. ഒന്ന്, കൊല്ലം വികസന അതോറിറ്റി വികസന മേഖലയായി പ്രഖ്യാപിച്ചതിനാൽ അഞ്ച് എച്ച്.പി. മോട്ടോറിനുമുകളിലുള്ള സ്ഥാപനങ്ങളൊന്നും അവിടെ നിർമ്മിക്കാൻ അനുവാദം ലഭിക്കാറില്ല. സംസ്ഥാനത്തുതന്നെ ഏറ്റവും കൂടുതൽ മത്സ്യവ്യാപാരം നടക്കുന്ന മേഖലയായ നീണ്ടകരയിൽ ചില്ലർ പ്ലാന്റുകളും ഐസ് പ്ലാന്റുകളും വേണമെന്നുള്ളത് വലിയ ആവശ്യമാണ്. പക്ഷെ, വളരെ മന്ദഗതിയിലാണ് ആ കൺവേർഷൻ പ്രോസസ് നടന്നുകൊണ്ടിരിക്കുന്നത്. രണ്ട്, സി.ആർ.ഇസഡ്.-ന്റെ പ്രശ്നമുണ്ട്. ഈ പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ടാണെങ്കിൽ സി.ആർ.ഇസഡ്.-ന് സിങ്കിൾ

വിൻഡോ ക്ലിയറൻസ് ലഭിക്കില്ലെന്നുള്ളത് അറിയാം. ഈ പ്രശ്നം എങ്ങനെ മറികടക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞ വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട മറുപടി ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി തന്നെ വിശദീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ പല നിയമങ്ങളും മാറിവരേണ്ടതുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. നമ്മുടെ എഞ്ചിനീയറിംഗ് മേഖലയിൽ ഗവേഷണ വികസനം സാധ്യമാക്കാനുള്ള വലിയ ഇടപെടലാണ് സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇലക്ട്രോണിക് വാഹനങ്ങളിലേയ്ക്കുള്ള മാറ്റംതന്നെ വലിയൊരു വികസനമാണ്. കേരളത്തിൽ വ്യവസായ രംഗത്ത് വലിയ അഭിവൃദ്ധിയുണ്ടാകണമെങ്കിൽ പശ്ചാത്തലസൗകര്യ മേഖലയിൽ വൻവികസനമുണ്ടാകേണ്ടത് അനിവാര്യമാണ്. അതുകൊണ്ട് ആ രംഗത്ത് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പശ്ചാത്തല സൗകര്യമേഖലയിൽ വലിയൊരു മുന്നേറ്റമാണ് കേരളത്തിൽ ഇപ്പോൾ കാണാൻ സാധിക്കുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അതിനൊരു ഉത്തമ തെളിവാണ്. വിഴിഞ്ഞം

അന്താരാഷ്ട്ര തുറമുഖം നടപ്പാക്കാതിരിക്കാനാവശ്യമായ എന്തെല്ലാം സമരാഭാസങ്ങളാണ് അവിടെ നടന്നതെന്ന് നിയമസഭ തന്നെ ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. ഏതായാലും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർഥ്യമാവുകയും അതിന്റെ ഭാഗമായി വ്യവസായ രംഗത്ത് വലിയൊരുമാറ്റമുണ്ടാവുകയുമാണ്. അതുപോലെ പശ്ചാത്തലസൗകര്യ രംഗത്ത് കേരളം ആറേഴ് വർഷങ്ങൾക്കുമുമ്പ് വളരെ പിന്നിലായിരുന്നെങ്കിൽ ഇന്ന് കേരളം വമ്പിച്ച പുരോഗതി നേടുകയാണ്. അതിനുവേണ്ടി സംസ്ഥാന സർക്കാർ കിഫ്ബി പോലുള്ള പദ്ധതി തയ്യാറാക്കി ആ രംഗത്ത് മുന്നോട്ട് പോകാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ഹൈവെ എന്നത് ചെറിയൊരു കാര്യമല്ല. വ്യവസായ വികസനത്തിന് നിയമങ്ങളുണ്ടായാൽ മാത്രം മതിയാകില്ല അതിനാവശ്യമായ വഴി സൗകര്യങ്ങളൊക്കെയുണ്ടാകേണ്ടതായുണ്ട്. നാഷണൽ ഹൈവെയുടെ പൂർത്തീകരണഘട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ സംസ്ഥാന സർക്കാർ ഏകദേശം 5,500 കോടി രൂപയോളം ചെലവഴിച്ചുകൊണ്ടാണ് ഭൂമിയേറ്റെടുക്കൽ പ്രക്രിയ നടപ്പാക്കി

മുന്നോട്ടുപോയ്ക്കോണ്ടിരിക്കുന്നത്. ആ നാഷണൽ ഹൈവെ യാഥാർഥ്യമാകുമ്പോൾ കേരളത്തിന്റെ മുഖച്ഛായ തന്നെ വലിയ തോതിൽ മാറും. വ്യവസായ രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാകും. കേരളം വ്യവസായത്തിന് അനുയോജ്യമല്ലെന്ന പദപ്രയോഗം തന്നെയില്ലാതാക്കി വ്യവസായത്തിന് അനുയോജ്യമായ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളം എന്ന നിലയിൽ മാറുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയ ജലപാത ഇവയെല്ലാം ശരിയായ രീതിയിൽ യാഥാർഥ്യമാകുമ്പോൾ, കേരളത്തിന്റെ വ്യവസായ മേഖലയിൽ വമ്പിച്ച മുന്നേറ്റവും അതിന്റെ ഭാഗമായി നിരവധി തൊഴിലവസരങ്ങളുമുണ്ടാകുന്ന നിലയിലേയ്ക്ക് കേരളം വലിയൊരു മാറ്റം വന്ന്, ഇന്ത്യക്ക് മാതൃകയായിക്കഴിയും. കേരളം ഇന്ത്യയിൽ പല രംഗത്തും മാതൃക കാണിക്കുമ്പോൾ വ്യവസായ രംഗത്തും വലിയ മാതൃകയാകുന്ന നിലയിലേയ്ക്ക് മാറുമെന്നത് തർക്കരഹിതമായ കാര്യമാണ്. ഈ ബില്ലിൽ വളരെ ചെറിയൊരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യവസായ വകുപ്പുമന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി.

കേരളത്തിൽ വ്യവസായ പാർക്കുകൾ പുതിയ തരംഗം സൃഷ്ടിക്കുന്നുണ്ട്. 28 വ്യവസായ പാർക്കുകൾക്ക് നിർമ്മാണാനുമതി ലഭിച്ചുകഴിഞ്ഞു. ഇതിൽ രണ്ട് പാർക്കുകളുടെ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി തൃശ്ശൂർ പുഴയ്ക്കലിലും ഒരു വ്യവസായ പാർക്ക് പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഇന്ത്യയിലാദ്യമായി അമേരിക്കയിലെ വാൾമാർട്ടിലേയ്ക്ക് ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന സംസ്ഥാനമെന്ന നിലയിൽ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ കയർ കോർപ്പറേഷൻ കയർ ഉൽപന്നങ്ങൾ വാൾമാർട്ടിലേയ്ക്ക് അയയ്ക്കുകയുണ്ടായി. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല മേഖലകളിലും വൻകിട സ്ഥാപനങ്ങൾക്ക് ഗുണകരമായ വിധത്തിലുള്ള സ്ഥിതിവിശേഷമാണ് മുൻകാലങ്ങളിൽ ഉണ്ടായിരുന്നതെങ്കിൽ, ഇപ്പോൾ വ്യവസായമേഖലയിൽ വ്യവസായികൾക്ക്

ഗുണകരമായ നിലയിൽ കേരളം വലിയ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്.

വീഡിയോ ഗെയിം കളിച്ച് അവസാനം മരണത്തിൽ അവസാനിക്കുന്ന കുട്ടികളെ സംബന്ധിക്കുന്ന ധാരാളം വാർത്തകൾ ഈയടുത്ത കാലത്ത് പത്രങ്ങളിൽ വായിക്കുകയുണ്ടായി. അതിനേക്കാൾ അപകടകരവും മാരകവുമായ കളിയിലാണ് ഇന്ന് പ്രതിപക്ഷം ചെന്നുപെട്ടിരിക്കുന്നത്. വ്യവസായം, കാർഷികം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്യുമെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ ഉറപ്പുനൽകിയിട്ടും അവർ ഇത്തരത്തിൽ അപകടകരമായ രീതിയിൽ കളിക്കുന്നത് ശരിയല്ല. രണ്ട് ദിവസം മുമ്പ് പ്രതിപക്ഷം സഭയിൽ വന്നത് മലപ്പുറം കത്തിയുമായാണ്. പക്ഷെ സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെയും അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയെയും വളഞ്ഞിട്ട് ആക്രമിക്കുന്ന രീതിയാണ് മിനിഞ്ഞാന്ന് ഇവിടെ കണ്ടത്. പക്ഷെ യാതൊന്നും സംഭവിച്ചില്ലെന്നതാണ് യാഥാർഥ്യം. നാടകങ്ങളിലും സിനിമയിലും വില്ലന്മാർ നായകന്മാരെ കുത്തുന്ന ഒരുതരം

കത്തിയുണ്ട്. അത് ഉപയോഗിച്ച് കുത്തിയാൽ കത്തി ശരീരത്തിനുള്ളിലേയ്ക്ക് കയറില്ല, അതിന്റെ പിടിയുടെ ഉള്ളിലേയ്ക്ക് തെറിച്ചുപോകുന്നതാണ് കാണുന്നത്. അത്തരത്തിൽ യാതൊരു പരിക്കും ഏൽപ്പിക്കാൻ കഴിയാത്ത ഒരു കത്തിയും കൊണ്ടുവന്ന് പ്രതിപക്ഷം ഗവൺമെന്റിനെ ആക്രമിക്കാൻ നടത്തിയ പദ്ധതി ചീറ്റിപ്പോയ കഥയാണ് മിനിഞ്ഞാന്ന് ഇവിടെ കണ്ടത്. ഇന്നലെ തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട വിഷയവുമായിട്ടായിരുന്നു വരവ്. തൃശ്ശൂർ പൂരത്തിൽ വളരെ അഴകുള്ള ഒരു കാര്യമാണ് വെടിക്കെട്ട്. ഇന്നലെ അവർ വെടിക്കെട്ടാണ് നടത്തിയത്. വെടിക്കെട്ടിന് അമിട്ട് പോലുള്ള വസ്തുക്കൾ എല്ലാം നിരത്തിവച്ച് വഴിമരുന്നിട്ട് തീകൊളുത്തുകയുണ്ടായി. പക്ഷെ അത് ഇടയ്ക്കുവച്ച് കെട്ടുപോയി. ഇന്നലെയും വെടിക്കെട്ട് ഇല്ലാതാകുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങളെത്തിയത്. പ്രതിപക്ഷം രണ്ട് ദിവസങ്ങളിലായി അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് അടിയന്തര പ്രാധാന്യമില്ലാത്ത കാര്യങ്ങളായിരുന്നെന്ന് ധനകാര്യ വകുപ്പുമന്ത്രിയും ചൂണ്ടിക്കാണിക്കുകയുണ്ടായി. തൃശ്ശൂർ പൂരം കണ്ട ലക്ഷക്കണക്കിന് ജനങ്ങൾക്ക് അതേക്കുറിച്ച് യാതൊരു ആക്ഷേപവുമില്ല.

ചെറിയ ചില പാകപ്പിഴകളുണ്ടായി, അത് സർക്കാർ അന്വേഷിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ തന്നെയാണ് പ്രതിപക്ഷം വ്യത്യസ്ത പരാമർശങ്ങളായി ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാത്ത കാര്യങ്ങൾ അദ്ദേഹത്തിന്റെ വായിൽ തിരുകിക്കയറ്റാനുള്ള ശ്രമം ഒരു ദിനപത്രത്തിന്റെ ഭാഗത്തുനിന്നുമുണ്ടായി. പക്ഷെ അക്കാര്യത്തിൽ അവർ  നിരുപാധികം മാപ്പും പറയുകയുണ്ടായി. എന്നിട്ടും കലിയടങ്ങുന്നില്ല എന്ന രൂപത്തിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്.  പ്രതിപക്ഷം അവതരിപ്പിച്ച രണ്ട് വിഷയങ്ങളും വഴി കേരളത്തിലെ വിവിധ മതസ്ഥരുടെ, ഹിന്ദുക്കൾ, ക്രൈസ്തവർ, മുസ്ലീം ജനത തുടങ്ങി എല്ലാ വിഭാഗങ്ങളും മതനിരപേക്ഷ മനസ്സുള്ളവരാണ്. മത നിരപേക്ഷ വിഭാഗങ്ങൾക്കിടയിൽ ആശയക്കുഴപ്പത്തിന്റെയും വിദ്വേഷത്തിന്റെയും വഴിമരുന്നിടാനാണ് ഇവിടെ പരിശ്രമമുണ്ടായത്. അപകടകരമായ ഈ മരണക്കളികളിൽനിന്ന് പ്രതിപക്ഷം പിൻവാങ്ങുന്നില്ലെങ്കിൽ, നിങ്ങളുടെ നാശത്തിന്റ വെടിമരുന്നായി ടി സംഭവങ്ങൾ മാറുമെന്ന്  മനസ്സിലാക്കണം. കേരളത്തിലെ വ്യവസായ രംഗത്ത് വലിയ മാറ്റത്തിന് നേതൃത്വം കൊടുക്കുന്നതിനുവേണ്ടി 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ്

ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം (ഡോ. മാത്യു കുഴൽനാടൻ): സർ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഇത് വളരെ ലഘുവായൊരു ബില്ലാണ്. ചെറിയ രണ്ട് മാറ്റങ്ങളാണ് ഇതിൽ സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്താനും കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കാനും പ്രസ്തുത ബിൽ സഹായിക്കുമെന്നാണ് ഇവിടെ വ്യക്തമാക്കിയത്. പക്ഷെ അടിസ്ഥാനപരമായി പരിശോധിക്കുകയാണെങ്കിൽ കേരളത്തിൽ ഏറെ നാളുകളായി വലിയൊരു സാമ്പത്തികക്കിതപ്പ് നിലനിൽക്കുന്നുണ്ടെന്ന് മനസ്സിലാകും. കാർഷികം,

വ്യവസായം, വിദ്യാഭ്യാസം തുടങ്ങി ഒട്ടുമിക്ക മേഖലകളിലും സാമ്പത്തിക കിതപ്പുണ്ട്. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. നമ്മുടെ നാട്ടിൽനിന്ന് ചെറുപ്പക്കാർ കൂട്ടത്തോടെ പലായനം ചെയ്യുന്നതിന്റെ അടിസ്ഥാന കാരണം സംബന്ധിച്ച് നടപടികൾ നിർത്തിവയ്ക്കാനുള്ള ഒരു ഉപക്ഷേപം സഭയിൽ ഞാൻ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. അന്ന് അതിന്റെ അടിസ്ഥാനകാരണങ്ങൾ സംബന്ധിച്ചെല്ലാം സംസാരിച്ചിട്ടുണ്ട്. സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയപരമായ ഫ്രസ്റ്റേഷനാണ് ഇതിനുകാരണമെന്ന് വിലയിരുത്തുകയുമുണ്ടായി. ഇവിടെ അവർക്ക് ഒരു ക്വാളിറ്റി എംപ്ലോയ്മെന്റ് നൽകാൻ സാധിക്കുന്നില്ല. അതിനകത്ത് വരുന്നതാണ് അണ്ടർ എംപ്ലോയ്മെന്റ്, അൺ എംപ്ലോയ്മെന്റ് തുടങ്ങിയവ. അതിനെല്ലാം മാറ്റമുണ്ടാകണമെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിലും മാറ്റമുണ്ടാകണം. ഇപ്പോൾ ഈ ബില്ലിൽ കൊണ്ടുവന്ന മാറ്റങ്ങളിലൂടെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുമെന്ന് നമ്മൾ ചിന്തിക്കുന്നത് യുക്തിയാണോ; These are only certain administrative stuff. പക്ഷെ, നമ്മുടെ നാട്ടിൽ എന്തെങ്കിലും ഒരു ആവശ്യത്തിന്, പഞ്ചായത്ത്

ലൈസൻസ് ലഭിക്കണമെങ്കിലോ, ഡി.എം.ഒ.-യുടെ സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിലോ ധാരാളം നിയമ തടസ്സങ്ങളുണ്ട്. അത് യാഥാർത്ഥ്യമാണ്. പക്ഷെ അടിസ്ഥാനപരമായി ഇതെല്ലാം വ്യവസായത്തെ മെച്ചപ്പെടുത്താൻ സഹായിക്കുമോ? ഹൈവേകൾ നിർമ്മിക്കുന്നത് സംബന്ധിച്ച കാര്യം ഞാൻ അംഗീകരിക്കുന്നു. Because definitely that will better the situation. പക്ഷെ നമ്മുടെ സമീപനത്തിൽ മാറ്റം വരുത്താതെ ഒരു കാരണവശാലും കേരളത്തിൽ economic activity സാധ്യമാകില്ല. Economic activity-യിലൂടെ സമ്പത്ത് ജനറേറ്റ് ചെയ്യാൻ കഴിഞ്ഞാലേ അവസരങ്ങളും എംപ്ലോയ്മെന്റും ജി.എസ്.ടി.-യും ടാക്സും ഗവൺമെന്റും സമ്പന്നമാകുകയുള്ളൂ. പക്ഷെ കേരളത്തിലെ വളരെ പൊട്ടൻഷ്യലായ പല മേഖലകളേയും കഴുത്ത് ഞെരുക്കുന്നതുപോലെ പിടിച്ചുവച്ചിരിക്കുകയാണ്. ഉദാഹരണമായി, കാർഷിക മേഖലയെ സംബന്ധിച്ച് വിശകലനം ചെയ്യുകയാണെങ്കിൽ ടി മേഖല ഇപ്പോൾ മങ്ങലേറ്റ പോലെയാണെന്ന് പറയാം. കേരളത്തിലെ പല വ്യക്തികളുടേയും പേരിൽ ധാരാളം വസ്തുവകകളുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെയുള്ളതുകൊണ്ടാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്. ഞങ്ങളുടെ മേഖലയിൽ

നൂറുകണക്കിന് ഏക്കർ പ്ലാന്റേഷൻ ലാൻഡുള്ള വ്യക്തികൾ ഇന്ന് ദാരിദ്ര്യത്തിലാണ് ജീവിക്കുന്നതെന്ന് പറഞ്ഞാൽ ഇവിടെയുള്ള അംഗങ്ങൾ അത് തമാശയായി എടുക്കുമായിരിക്കും. പക്ഷെ അതിന്റെ പാരാമീറ്റേഴ്സ് പരിശോധിച്ചാൽ, ഇത്തരം ഭൂവുടമകൾക്ക് പണമുണ്ടാക്കാൻ വലിയ പ്രയാസമാണെന്ന് മനസ്സിലാകും. കാലഹരണപ്പെട്ട വിളകൾ മാത്രമേ ഈ ഭൂമികളിൽ കൃഷിചെയ്യാൻ പാടുള്ളൂവെന്ന നിയമം നാം നിർമ്മിച്ചിട്ടുണ്ട്. നിലവിൽ വിപണിയിൽ റബ്ബറിന്റെ വില വളരെ താഴ്ന്നിരിക്കുകയാണ്. കൂടാതെ അതിന്റെ ഉപയോഗങ്ങളിലും ആവശ്യങ്ങളിലും  മാറ്റം വന്നു. സിന്തറ്റിക് റബ്ബറുകളുടെ ഉൽപാദനം വർധിച്ചു.  വിപണിയിൽ റബ്ബർ പ്രോഡക്റ്റിന് ഡിമാന്റില്ലാതായാലും നിശ്ചിത ഭൂമികളിൽ റബ്ബർ മാത്രമേ കൃഷിചെയ്യാൻ പാടുള്ളൂവെന്നതാണ് ഇവിടത്തെ നിയമം. എക്സെംഷൻ ലഭിച്ച ലാൻഡുകൾ അഗ്രികൾച്ചറൽ ലാൻഡുകൾ അല്ലാതാക്കി മാറ്റാനും വ്യവസ്ഥയില്ല. പക്ഷെ കേരളത്തിന്റെ ട്രോപ്പിക്കൽ ക്ലൈമറ്റിന്റെ പ്രത്യേക സാഹചര്യത്തിൽ, ലോകത്തിലെ ഏറ്റവും വലിയ കോമ്പറ്റിറ്റീവായ മാർക്കറ്റ് പിടിച്ചടക്കാൻ കഴിയുന്നവയാണ് നമ്മുടെ നാട്ടിലെ ചില ഫലവർഗ്ഗങ്ങൾ. മാങ്കോസ്റ്റീൻ,

റമ്പൂട്ടാൻ, പാഷൻ ഫ്രൂട്ട് എന്നിവയെല്ലാം അഗ്രികൾച്ചറൽ കാറ്റഗറിയിൽ ഉൾപ്പെടുന്നതാണ്. But we won't allow them to do that. നിലവിൽ ഇത്തരത്തിൽ ഒരു അവസരം കേരളത്തിലെ കർഷകർക്ക് നൽകിയാൽ മൂന്ന് വർഷത്തിനുള്ളിൽ ടി മേഖലയിൽ Economic generation പ്രാവർത്തികമാകുമെന്ന് നൂറ് ശതമാനം ഉറപ്പിച്ച് പറയാം. That needs policy decision; നിലവിലുള്ള നിയമങ്ങളിൽ മാറ്റം വരുത്താൻ തയ്യാറാകണം. റബ്ബർ, ഏലം, കശുമാവ് തുടങ്ങിയവ മാത്രമേ നിശ്ചിത ഭൂമികളിൽ കൃഷി ചെയ്യാൻ പാടുള്ളൂവെന്നതിൽ മാറ്റമുണ്ടാകണം.

ഇപ്പോൾ ഇവിടെ വ്യവസായത്തെക്കുറിച്ചാണ് പറയുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, attempt ചെയ്ത Private Industrial Park നല്ലൊരു concept ആണ്. പക്ഷേ, പതിനഞ്ച് ഏക്കറിന് അപ്പുറത്തേയ്ക്ക് പറ്റില്ല എന്നതിലാണ് ബ്ലോക്ക് വരുന്നത്. Industrial Park എന്നുപറഞ്ഞാൽ എന്താണ്? Industrial Park എന്നാൽ എത്രയോ വലിയ ഏരിയയും facilities-ഉം വേണ്ടതാണ്. ഇപ്പോൾ നമ്മുടെ പ്ലാന്റേഷൻ ഭൂമിയൊന്നും industrial land ആയി convert ചെയ്യാൻ സാധിക്കില്ല. അടിസ്ഥാനപരമായിട്ടുള്ള പോളിസികളിൽ മാറ്റം വരണമെന്നാണ് ഞാൻ പറയുന്നത്. ഇന്നത്തെ കാലഘട്ടത്തിൽ, നമ്മൾ പറയുന്നതിനെ തെറ്റിദ്ധരിക്കരുത്.

Small and medium enterprises കൊണ്ടല്ല ഒരു സമ്പദ്‌വ്യവസ്ഥ take off ചെയ്യേണ്ടത്. ഒരു സമ്പദ്‌വ്യവസ്ഥ take off ചെയ്യുന്നത് വലിയ രീതിയിലുള്ള നിക്ഷേപങ്ങൾ കൊണ്ടാണ്. വലിയ മുതൽമുടക്കും വലിയ അവസരങ്ങളും കൊണ്ടാണ് ഒരു സമ്പദ്‌വ്യവസ്ഥ take off ചെയ്യുന്നത്. അതിനനുവദിക്കാതെ നമ്മൾ ഓരോ തവണയും ടയറിന്റെ കാറ്റഴിച്ചുവിടുംപോലെ കാറ്റഴിച്ചുവിട്ടുകൊണ്ടിരിക്കുകാണ്. ടൂറിസത്തിലും മറ്റുമേഖലകളിലും കേരളത്തിന്റെ സാധ്യത വളരെ വലുതാണ്. എല്ലാത്തിനുമുപരി നിങ്ങളിപ്പോൾ ഈ ബിൽ കൊണ്ടുവന്നു. 2019-ൽ ഈ ബില്ലിന്റെ ഇതുവരെയുള്ള കണക്കെടുപ്പ് നടത്തിയാൽ എന്താണ് സ്ഥിതി, യഥാർത്ഥത്തിൽ ഇതുപയോഗിക്കുന്നത് ആരാണ്, ഇതിന്റെ beneficiaries ആരാണ്? Orange Category Industries ആണ് പെർമിഷൻസും റഗുലേഷൻസും തരണം ചെയ്യുന്നതിന് ബുദ്ധിമുട്ടുന്നത്. ഞങ്ങളുടെ നാട്ടിലെ സ്ഥിതി പറഞ്ഞാൽ, എറണാകുളം ജില്ലയിലെ എം.എൽ.എ.-മാരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടുകണ്ട് ആവശ്യങ്ങൾ ചോദിച്ചറിയുന്ന മീറ്റിംഗിൽ അദ്ദേഹത്തോട് ഞാൻ കാര്യമായിട്ടൊന്നും പറഞ്ഞില്ല. ആകെ മൂന്ന് കാര്യങ്ങൾ മാത്രമാണ് പറഞ്ഞത്. എന്റെ മണ്ഡലത്തിലെ വളരെ ഗൗരവമുള്ളൊരു കാര്യം ഞാൻ സൂചിപ്പിച്ചു. ബഹുമാന്യനായ പ്രതിപക്ഷനേതാവും അന്നവിടെ ഉണ്ടായിരുന്നു. അക്കാര്യത്തിന് നിങ്ങൾ ഇതുവരെ പരിഹാരം കണ്ടിട്ടില്ല.

കാരണം, ഇന്നത്തെ നമ്മുടെ നിയമത്തിൽ ഒരു വ്യവസായം സ്ഥാപിക്കുന്നതിനുള്ള norms-നെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഉദാഹരണത്തിന്, ഒരു ക്വാറിയോ, പ്ലൈവുഡ് കമ്പനിയോ അല്ലെങ്കിൽ മറ്റൊരു polluting കമ്പനിയോ തുടങ്ങുയാണെങ്കിൽ അതിന് ഒരു നിശ്ചിത മീറ്റർ അകലം പാലിച്ചുവേണം സ്ഥാപിക്കണമെന്നാണ് norms-ൽ പറഞ്ഞിട്ടുള്ളത്. അതിനടുത്തായി മറ്റൊരു കമ്പനിയും അതിനടുത്തായി മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും കമ്പനികളും വരുമ്പോൾ ഇതൊരു ഇൻഡസ്ട്രിയൽ ഏരിയയായി മാറുകയാണ്. ഈ വിഷയത്തെക്കുറിച്ച് അറിയാനും പഠിക്കാനും ആധികാരികമായി പറയുന്നതിനുംവേണ്ടി, ജില്ലാ വികസന സമിതിയിലെ പൊല്യൂഷന്റെ ജില്ലാ ഓഫീസറോട് ഇത്തരത്തിൽ ഇൻഡസ്ട്രീസ് അടുത്തടുത്ത് cluster ആയിവരുമ്പോൾ ഒരേ norms-ൽ ഇത് അനുവദിക്കാൻ പറ്റുമോയെന്ന് ചോദിച്ചു. ഈ നിയമം മാത്രമേ നിലവിലുള്ളൂ എന്നാണ് അവർ പറഞ്ഞത്. പക്ഷേ, cluster വരുന്ന ഒരു situation നമ്മുടെ ഗവൺമെന്റ് conceive ചെയ്തിട്ടില്ല. നമ്മുടെ വീടിന്റെ തൊട്ടടുത്ത് ഒരു Plywood factory വരികയാണെങ്കിൽ ഒരു കുഴപ്പവുമില്ല. ചുറ്റോട് ചുറ്റും ഒരു പത്തുമുപ്പതെണ്ണം വന്നാൽ നമുക്കവിടെ ജീവിക്കാൻ സാധിക്കുമോ; അങ്ങനെ suffer ചെയ്യുന്ന ധാരാളം ആളുകളുണ്ട്. ഇപ്പോൾ ഞങ്ങൾ ഫേസ് ചെയ്യുന്ന വലിയൊരു

പ്രശ്നമാണിത്. എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലയിൽ ഒന്നിനുപുറകെ ഒന്നായി വ്യവസായ സ്ഥാപനങ്ങൾ വരികയാണ്. അതിനെക്കുറിച്ച് ഞാൻ ചോദിച്ചപ്പോൾ, നിയമമില്ല എന്ന മറുപടിയാണ് ലഭിച്ചത്. അതുകൊണ്ട്, ജില്ലാ വികസന സമിതിയിൽ ഈ വിഷയം വിശദമായി പറയുകയും എല്ലാവരും ചേർന്ന് ഒരു പ്രമേയം പാസാക്കി ഗവൺമെന്റിന് സമർപ്പിച്ചു. അത് അങ്ങേയ്ക്ക് ലഭിച്ചോ ലഭിച്ചില്ലയോ എന്ന് എനിക്കറിയില്ല. ക്ലസ്റ്റർ ഫോം ചെയ്യുന്ന ഇൻഡസ്ട്രീസിനെ regulate ചെയ്യാനുള്ള നിയമം നിലവിലില്ലെന്ന വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നേരിട്ട് ഞാൻ പറഞ്ഞിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മറ്റ് എം.എൽ.എ.-മാർ എന്നിവർ അന്നവിടെ ഉണ്ടായിരുന്നു. ഇതുപോലുള്ള നിയമങ്ങൾ നിസാരമായി കരുതുമ്പോൾ സംഭവിക്കുന്നത്, അതിന്റെ അനന്തര ഫലങ്ങളുംകൂടി നമ്മൾ പരിശോധിക്കണം. യഥാർഥത്തിൽ വ്യവസായ നയത്തിൽ വ്യവസായവും Economic activity-യും ഉറപ്പായും നടക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ സമീപനത്തിൽ മാറ്റം വരണം. നമ്മുടെ പ്രത്യയശാസ്ത്ര പിടിവാശികൾ മാറ്റിവച്ച് സ്വാഭാവികമായുള്ള substantial path breaking policy reforms -ൽ പോകണം.

ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഇന്ന്, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗം ഡോ. സുജിത് വിജയൻപിള്ള ഒരു വിഷയം ഉന്നയിച്ചിരുന്നു, ഇന്ന് നമ്മുടെ കുട്ടികൾ ഏറ്റവും കൂടുതൽ പഠിക്കുന്ന കോഴ്സ് ഏതാണ്? നഴ്സിംഗ് കോഴ്സാണെന്ന് എല്ലാവർക്കും അറിയാം. കേരളത്തിൽ എൽ.ബി.എസ്.-ൽ നഴ്സിംഗ് കോഴ്സിന് 66,000 കുട്ടികൾ അപേക്ഷിക്കുമ്പോൾ 9,000 സീറ്റുകൾ മാത്രമാണുള്ളത്, (തെറ്റാണെങ്കിൽ തിരുത്താം). ഒരു സീറ്റ് കൂട്ടാൻ അപേക്ഷ കൊടുത്താൽ അനുവദിക്കില്ല, നൂറ് തടസ്സങ്ങളാണ് പറയുന്നത്. Everybody will go to Karnataka. എല്ലാവരും കർണ്ണാടകയിൽ പോയി ലക്ഷങ്ങൾ മുടക്കിയാണ് പഠിക്കുന്നത്. എത്രയോ കേസ്സുകളിൽ ഞാൻ ഇടപ്പെട്ടിട്ടുണ്ട്. കാരണം, കുട്ടികളുടെ സർട്ടിഫിക്കറ്റ് തടഞ്ഞുവച്ചിരിക്കുകയാണ്, മാത്രമല്ല, അവർ നൽകിയ പണവും തിരികെ ലഭിക്കുന്നില്ല. അവർക്കുവേണ്ടി നമ്മൾ ഇവിടത്തെ സ്ഥാപനങ്ങളെ ഞെക്കിഞെരുക്കിയാണ് വച്ചിരിക്കുന്നത്. നേരത്തെ എന്താണ് ചെയ്തിരുന്നത്; കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് അനുവാദം നൽകിയില്ല. അപ്പോൾ, 30,000,

40,000, 50,000 കുട്ടികൾ വർഷാവർഷം Banglore, Karnataka, Andhra Pradesh എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ പോയി പഠിച്ചു. എന്നാൽ കുറേക്കാലം കഴിഞ്ഞ് ഇപ്പോൾ നമ്മൾ എല്ലാ സ്ഥാപനങ്ങളും തുടങ്ങി. ഇപ്പോൾ ഇവിടുത്തെ സ്ഥിതി എന്താണ്? ഇപ്പോൾ പതിനായിരക്കണക്കിന് എഞ്ചിനീയറിംഗ് സീറ്റുകൾ ഇവിടെ ഒഴിഞ്ഞുകിടക്കുകയാണ്. അതായത്, ആ കാലഘട്ടം കഴിഞ്ഞ്, ആ കോഴ്സിന്റെ അവസരം കഴിഞ്ഞപ്പോഴാണ് നമ്മൾ ഇവിടെ കോളേജുകൾ തുടങ്ങിയത്. ഇതിനെക്കുറിച്ച് പറയുമ്പോൾ നിങ്ങൾക്ക് ആത്മാർഥമായി സ്വയം പരിശോധനയ്ക്ക് വിധേയമാക്കാൻ പറ്റുന്ന ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നേരത്തെ ഞാൻ സൂചിപ്പിച്ച വിഷയം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഗൗരവമായി എടുക്കുമെന്നാണ് തോന്നുന്നത്. ക്ലസ്റ്റർ ഫീൽ വരുന്നത്, പ്രത്യേകിച്ച് പ്ലൈവുഡ് വ്യവസായങ്ങൾ ധാരാളമായി ആരംഭിക്കുന്നത് ആയവന ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് വലിയൊരു ജനകീയ പ്രശ്നമായി ഉയർന്നുവന്നിരിക്കുകയാണ്. ടി വിഷയം ഞങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഒരു കാര്യം പറയാനാഗ്രഹിക്കുന്നത്, നമ്മൾ ഇപ്പോൾ debating forum ആണ്; without offence to anyone. നിങ്ങളുടെ നയങ്ങളോടും സമീപനത്തോടുമുള്ള എന്റെ കാഴ്ചപ്പാടിലെ difference register ചെയ്യാൻ സാധിക്കുന്ന ഒരു അവസരമാണിത്. ഞാൻ ഓർമ്മപ്പെടുത്തുമ്പോൾ നിങ്ങൾക്കത് പെട്ടെന്ന് മനസ്സിലാകും. അതുകൊണ്ടാണ് ഞാനിക്കാര്യം പറയുന്നത്. ഇത്തവണ നിയമസഭാ സമ്മേളനത്തിനുമുമ്പ് കേരളം മുഴുവൻ യാത്ര ചെയ്യുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ ആദരാഞ്ജലികൾ അർപ്പിച്ച ഒരാളിന്റെ ചിത്രം വച്ചിട്ടുള്ളത് എല്ലാവരും ശ്രദ്ധിച്ചുകാണുമല്ലോ; ആരാണ്? സഖാവ് പുഷ്പൻ. എനിക്കും വളരെയധികം പ്രയാസവും വിഷമവും തോന്നിയ സംഭവമാണത്. ഒരുപക്ഷേ, കമ്മ്യൂണിസ്റ്റ് പാർട്ടി ജീവിക്കുന്ന രക്തസാക്ഷി എന്നുപറഞ്ഞയാൾ, ഒടുവിൽ അദ്ദേഹം മരിച്ച് ഇപ്പോൾ രക്തസാക്ഷിയായി.

"അവനവനു വേണ്ടിയല്ലാതെ അപരനു ചുടുരക്തമൂറ്റി-

കുലം വിട്ടു പോയവൻ രക്തസാക്ഷി........

മരണത്തിലൂടെ ജനിച്ചവൻ സ്മരണയിൽ ഒരു -

രക്തതാരകം രക്തസാക്ഷി....."

നിങ്ങളെല്ലാവരും കേട്ടിട്ടുള്ള കവിതയല്ലേ? എല്ലാവർക്കും ഓർമ്മ കാണും. ആ കവിതയിൽ പ്രധാനപ്പെട്ട ഒരു വരിയുണ്ട്;

"നേരിന്നു വേണ്ടി നിതാന്തം ഒരാദർശ -

വേരിന്നു വെള്ളവും വളവുമായൂറിയോൻ...."

ഏതൊരാളും ഒരു മുദ്രാവാക്യത്തിന്റെ പേരിൽ അല്ലെങ്കിൽ ഒരു വിശ്വാസത്തിന്റെ പേരിൽ ഒരു പ്രത്യയശാസ്ത്രത്തിന്റെ പേരിൽ ജീവൻ വെടിഞ്ഞിട്ടുണ്ടെങ്കിൽ അവരൊക്കെ ഏതെങ്കിലും ഒരു നേരിനും ആദർശത്തിനും വേണ്ടി നിന്നവരാണ്. പുഷ്പനും അങ്ങനെയായിരുന്നു; ഏത് നേരിനും ഏത് ആദർശത്തിനും വേണ്ടിയായിരുന്നു; നിങ്ങൾക്കോർമ്മയില്ലേ? ഇവിടെ കേരളത്തിൽ, സ്വാശ്രയ കോളേജുകൾ തുടങ്ങുന്നതിനെതിരായി എസ്.എഫ്.ഐ.-ഉം, ഡി.വൈ.എഫ്.ഐ.-യും എടുത്ത നിലപാടിനുമുമ്പിൽ നിന്ന് സമരം ചെയ്ത സഖാവ് പുഷ്പന്റെ ഓർമ്മയാണ് പറഞ്ഞത്. കൂത്തുപറമ്പ്

വെടിവയ്പിൽ ജീവച്ഛവമായി, ദശാബ്ദങ്ങൾ കടന്ന് കഴിഞ്ഞ ദിവസം മരിച്ച് നിങ്ങളെല്ലാവരും ആദരാഞ്ജലികൾ അർപ്പിച്ച്, ഒടുവിൽ എം. വി. രാഘവന്റെ മകൻ ശ്രീ. നികേഷ് കുമാർ പുഷ്പചക്രം അർപ്പിച്ച് നിങ്ങൾ പറഞ്ഞയച്ച അതേ പുഷ്പൻ, അതേ രക്തസാക്ഷി. Can you denoy? ഏത് നേരിനും ഏത് ആദർശത്തിനുംവേണ്ടി,

"നേരിനുവേണ്ടി നിതാന്തം ഒരാദർശ
വേരിനു വെള്ളവും വളവുമായൂറിയോൻ...."

സഖാവ് പുഷ്പൻ ഏത് നേരിനുവേണ്ടിയായിരുന്നു?

ഇവിടെ സ്വാശ്രയ കോളേജ്/വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിനെതിരെ സി.പി.ഐ.(എം)-ഉം ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും നടത്തിയ സമരം അതിനുവേണ്ടി ജീവൻ കൊടുത്ത 5 പേരുണ്ടായിരുന്നു. ....(ബഹളം)... ആ സമയത്ത് വെടിവച്ചത് കേരള സർക്കാർ. ഞാൻ പറയാം, അതല്ല പ്രശ്നം, allow me to speak. ഞാൻ പറയാം. .....(ബഹളം).... കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ എം.വി.

രാഘവൻ കേരളത്തിന്റെ മന്ത്രിയായിരിക്കുമ്പോൾ എം. വി. രാഘവനെ കൂത്തുപറമ്പിലെ പരിപാടിയിൽ പങ്കെടുപ്പിക്കില്ലെന്നുപറഞ്ഞ് ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും നടത്തിയ അക്രമസമരത്തെ നേരിടാൻ അന്ന് യു.ഡി.എഫ്. ഭരിച്ച പോലീസിന് ... (ബഹളം).. ഞാൻ പറയാം.. we are not running away, just listen to me. അന്ന് യു.ഡി.എഫ്. ഭരിച്ച പോലീസിന് വെടിവയ്ക്കേണ്ടി വന്നു, അഞ്ച് പേർ മരിച്ചു; ആറാമത്തെയാൾ ജീവച്ഛവമായി, എന്തിന്റെ പേരിലായിരുന്നു സമരം? ഒരു രക്തസാക്ഷിയെ സംബന്ധിച്ച് എനിക്ക് വായിക്കുമ്പോഴും കേൾക്കുമ്പോഴും എന്റെ ഉള്ളിൽ വികാരം തുടിക്കുന്ന വരികളാണ്;

"നേരിന്നു വേണ്ടി നിതാന്തം ഒരാദർശ
വേരിന്നു വെള്ളവും
വളവുമായൂറിയോൻ...."

നിങ്ങൾ പറഞ്ഞ നേര്, നിങ്ങൾ പറഞ്ഞ ആദർശം, ഇവിടെ സ്വാശ്രയ കോളേജ് പാടില്ലെന്ന് പറഞ്ഞു. ഇന്ന് നിങ്ങളെ നയിക്കുന്ന മുഖ്യമന്ത്രിയുണ്ടല്ലോ, ഈ പുഷ്പൻ ജീവച്ഛവമായി കട്ടിലിൽ കിടക്കുമ്പോൾ അഞ്ച് പേരുടെ ചേതനയറ്റ

ജീവൻ അടക്കി രക്തസാക്ഷിത്വം നിങ്ങൾ കേരളം മുഴുവൻ ആഘോഷിച്ച് അധികാരത്തിൽവന്ന്, ആ രക്തസാക്ഷിത്വത്തിന്റെ ചൂടാറും മുമ്പ് സഖാവ് പിണറായി വിജയന്റെ മകൻ സ്വാശ്രയ കോളേജിലേയ്ക്ക് പോയില്ലേ; സഖാവ് പിണറായി വിജയന്റെ മകൾ സ്വാശ്രയ കോളേജിൽ പഠിച്ചില്ലേ; നിഷേധിക്കാൻ കഴിയുമോ? അത് മാത്രമാണോ അന്നത്തെ.... (ബഹളം)...

ചെയർപേഴ്സൺ: പോയിന്റ് ഓഫ് ഓർഡർ..

ശ്രീ. കെ. വി. സുമേഷ്: സർ, അങ്ങേയറ്റം തെറ്റിദ്ധരിപ്പിക്കുന്ന ഒരു പ്രസ്താവനയാണ് ഈ ബിൽ ചർച്ചയുടെ ഭാഗമായിട്ട് ഡോ. മാത്യു കുഴൽനാടൻ ഇവിടെ നടത്തിയത്. കൂത്തുപറമ്പിൽ നടന്ന സമരത്തിന്റെ അന്നത്തെ മുദ്രാവാക്യം അന്നത്തെ സ്വകാര്യവൽക്കരണ നയത്തിനെതിരെയും തൊഴിലവസരങ്ങൾ നിഷേധിക്കുന്നതിനെതിരെയും.... അന്നത്തെ സമരത്തെ ലാത്തിച്ചാർജ് ചെയ്ത് ഭീകരമായി സംസ്ഥാനത്ത് നടത്തിയ വേട്ടയാടലിനെതിരെ നടന്ന പ്രതിഷേധ സമരമാണ്. ആ സമരത്തിൽ അന്നും ഇന്നും ഡി.വൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും ഉറച്ചുനിൽക്കുന്നുണ്ട്. ആ സമരവുമായി തന്നെയാണ് മുന്നോട്ടുപോകുന്നത്. അത് മുഖ്യമന്ത്രിയുമായി

കണക്ക് ചെയ്ത് അപകീർത്തികരമായ നിലയിൽ ഇവിടെ അവതരിപ്പിക്കുന്നത് സഭാരേഖകളിലുണ്ടാകാൻ പാടില്ല. സഭാചട്ടങ്ങൾക്ക് വിരുദ്ധമായ കാര്യമാണ്.

ചെയർപേഴ്സൺ: പരിശോധിച്ച് ചെയ്യാം. +

ഡോ. മാത്യു കുഴൽനാടൻ: സർ, I am open for debate, ആർക്കും വരാം ഇക്കാര്യത്തിൽ. കൂത്തുപറമ്പിൽ നടന്ന സമരം ...

ചെയർപേഴ്സൺ: ബില്ലിന്റെ ചർച്ചയിൽ .... സമയം നോക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, No.....No......ഞാൻ അതിനുവേണ്ടി wait ചെയ്യുകയായിരുന്നു. ശ്രീ. മുരളി പെരുനെല്ലി ബില്ല് വിട്ട് രാഷ്ട്രീയം പറഞ്ഞപ്പോൾ നിങ്ങൾ ഒന്നും പറഞ്ഞില്ലല്ലോ, പറഞ്ഞോ.. അന്നേരം ചെയറിൽനിന്നും എന്തെങ്കിലും പറഞ്ഞോ? ഈ ഇരിക്കുന്നവർ എല്ലാവരും അന്ന് ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും ചുമതലക്കാരായിരുന്നവർ മുമ്പിലിരിക്കുകയല്ലേ? അവർ പറയട്ടെ, കൂത്തുപറമ്പിലെ സമരം തൊഴിലില്ലായ്മയ്ക്കുവേണ്ടിയാണെന്ന്. അതുപറഞ്ഞ് കേട്ടാൽ മതി, കേരളം കേൾക്കണം. ഇന്നും കേരളത്തിലെ വിദ്യാഭ്യാസ

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവുപ്രകാരം (ഫയൽ നം. 17466/ഇ.ബി./2024/ലെജി. തീയതി 10-10-2024) സഭാരേഖയിൽ നിലനിർത്തി.

സ്ഥാപനങ്ങളിൽ എസ്.എഫ്.ഐ.-യുടെ പേരിൽ കുട്ടികളെ കൊടിപിടിച്ച് അണിനിരത്തുമ്പോൾ അവരോട് പറയണം, ഇതിനുമുമ്പ് ഇതുപോലെ കൊടി പിടിച്ച് ഇറക്കി സമരം ചെയ്യാൻ പറഞ്ഞയച്ച സഖാവ് പുഷ്പനാണ് മരിച്ചതെന്ന്. ശ്രീ. കെ. വി. സുമേഷ് ഇപ്പോൾ തന്നെ പറഞ്ഞില്ലേ സ്വകാര്യവൽക്കരണത്തിന് എതിരായിരുന്നുവെന്ന്, അക്കാര്യം അംഗീകരിച്ചല്ലോ; വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തിന് എതിരാണെന്ന് പറഞ്ഞില്ലേ? കഴിഞ്ഞ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, 'ഞങ്ങൾ വിദേശ വിദ്യാഭ്യാസത്തെ സ്വാഗതം ചെയ്യുന്നു' എന്ന് ഈ സഭയിൽ പറഞ്ഞില്ലേ; നയവ്യതിയാനം ഇല്ലേ, വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണത്തിനെതിരാണെന്ന് പറയേണ്ടിവന്നില്ലേ? ...(ബഹളം) ഇന്നത്തെ ഈ സർക്കാരിന്റെ നയം, ഈ മന്ത്രിസഭയുടെ പോളിസി, ബഹുമാനപ്പെട്ട ധനമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇവിടെ നിന്ന് കേൾക്കുമ്പോൾ ഈ പുഷ്പൻ ജീവച്ഛമായി കട്ടിലിൽ കിടക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: ഡോ. മാത്യു കുഴൽനാടൻ... കൺക്ലൂഡ് ചെയ്യൂ...

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞത്.... അനുവർത്തിച്ചുവന്ന നയങ്ങൾ ഇന്ന് നിങ്ങൾക്കിത് കേൾക്കുമ്പോൾ ....(ബഹളം)...... ഞാൻ പറയുന്നത് ഒരു പ്രസ്ഥാനം....

ചെയർപേഴ്സൺ: പോയിന്റ് ഓഫ് ഓർഡർ..

ശ്രീ. ലിന്റോ ജോസഫ്: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കൂത്തുപറമ്പിൽ നടന്നിട്ടുള്ള സമരം, അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാട് രണ്ട് സ്വാശ്രയ കോളേജുകൾ ചേർന്നാൽ ഒരു ഗവൺമെന്റ് കോളേജ് (50:50) എന്ന നിലയിലാണ് കണ്ടത്. വിദ്യാഭ്യാസത്തെ പൂർണ്ണമായും കച്ചവടവൽക്കരിക്കുന്ന നിലപാട് സ്വീകരിച്ച ഘട്ടത്തിൽ ആ കച്ചവടവൽക്കരണത്തിനെതിരെ നടന്ന സമരമാണത്. ഉമ്മൻചാണ്ടിയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർവൽക്കരണത്തിന് എതിരെയുള്ള ഇവരുടെ സമരം ഉദ്ഘാടനം ചെയ്തത്. അന്ന് ഉയർന്നുവന്ന പ്രാദേശിക വിഷയത്തിന്റെ അടിസ്ഥാനത്തിൽ നടന്ന സമരമാണെന്ന് പറയുന്നതുപോലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന കച്ചവടവൽക്കരണ നയത്തിനെതിരായുള്ള സമരമാണ് അന്ന് നടന്നത്. ആ കച്ചവടവൽക്കരണത്തെ

ഇപ്പോഴും നമ്മൾ എതിർക്കുന്നുണ്ട്. കച്ചവടവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ല ഇപ്പോഴും സ്വീകരിക്കുന്നത്. സ്വകാര്യവൽക്കരണത്തെയും കച്ചവടവൽക്കരണത്തെയും എതിർത്തുകൊണ്ടുമാത്രമേ ഞങ്ങൾ മുന്നോട്ടുപോകുന്നുള്ളൂ.

ചെയർപേഴ്സൺ: പോയിന്റ് പറയൂ..

ശ്രീ. ലിന്റോ ജോസഫ്: സർ, അവിടെ മെറിറ്റ് വേണമെന്നാണ് ഞങ്ങളുടെ നിലപാട്. ആ നിലപാടിൽ ഉറച്ചുതന്നെയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. മെറിറ്റ് അട്ടിമറിച്ച് കച്ചവടത്തിനുവേണ്ടി വിദ്യാഭ്യാസത്തെ മാറ്റിയപ്പോൾ അതിനെതിരെയാണ് സമരം നടത്തിയത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സ്വാശ്രയ കോളേജുകൾക്കെതിരായിട്ട് ഡി.വൈ.എഫ്.ഐ. മന്ത്രിമാരെ വഴിതടയുന്ന സമരത്തിന്റെ ഭാഗമായിട്ടാണ് വെടിവയ്പ്പുണ്ടായതും അഞ്ച് യുവാക്കൾ മരിക്കാനുള്ള സാഹചര്യമുണ്ടായതും. അതിനുശേഷം ഗവൺമെന്റ് മാറി വരികയും ചെയ്തു. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷമുന്നണി സർക്കാർ 1996-ലാണ് അധികാരത്തിൽ വന്നത്. ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പ് യു,ഡി.എഫ്.-ന്റെ കാലത്ത്

അനുവദിച്ചിരുന്നെങ്കിലും അതിന്റെ നിർമ്മാണം പൂർത്തീകരിച്ചത് ഒരു വർഷം കഴിഞ്ഞാണ്. ആ സമയത്ത് ഗവൺമെന്റ് മാറിയിരുന്നു. കുറ്റിപ്പുറത്ത് എം.ഇ.എസ്.-നും അതുപോലെതന്നെ തൊടുപുഴയിൽ ഒരു വ്യക്തിക്കും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് അനുവദിച്ചതിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത് അന്നത്തെ മുഖ്യമന്ത്രിയായിരുന്നു. ഈ സ്വാശ്രയ കോളേജുകൾ ഉദ്ഘാടനം ചെയ്തപ്പോൾ ഈ സമരക്കാർ മൗനം പാലിച്ചത് അങ്ങേയ്ക്ക് അറിയാമോ?... (മൈക്ക് ഓഫ്)....

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ബിൽ വ്യവസായത്തെക്കുറിച്ചുള്ളതാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് വേറെ ബിൽ അവതരിപ്പിക്കാം. ഈ പറഞ്ഞ കാര്യങ്ങൾക്ക് എന്റെ മറുപടി പ്രസംഗത്തിൽ എനിക്ക് പറയാനുള്ളത് സൂചിപ്പിക്കുകയും ചെയ്യാം. ബില്ലിന്റെ സത്തയിൽനിന്ന് മാറി ചർച്ച കൊണ്ടുപോകുന്നത് ശരിയല്ല. പരാമർശങ്ങളുണ്ടാകാം, ...... പരാമർശങ്ങൾ വരാതെ മറുപടി പറയുക.

ചെയർപേഴ്സൺ: ശ്രീ. എൻ. ഷംസുദ്ദീൻ ഇരിക്കൂ. മന്ത്രി പറയട്ടെ.. ....

(ബഹളം)

ശ്രീ. പി. രാജീവ്: സർ, അതിലേയ്ക്ക് കേന്ദ്രീകരിക്കുന്നത് തെറ്റായ രീതിയാണ്. അതുകൊണ്ട് ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്കുതന്നെ വരണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ബില്ലിന്റെ ഉള്ളടക്കത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്നാണ്. അങ്ങ് ഉദ്ദേശിച്ചത് ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നാണ്. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കഴിഞ്ഞകാലത്തെ കീഴ്വഴക്കങ്ങളും പരിശോധിച്ചാൽ കേരളത്തിൽ സി.പി.ഐ.(എം) പ്രതിപക്ഷത്തിരിക്കുന്ന സമയത്ത് അന്ന് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ബില്ലുകളുടെ ചർച്ച പരിശോധിച്ചുകഴിഞ്ഞാൽ ബില്ലിലേയ്ക്ക് ഒരിക്കൽപ്പോലും കടന്നുവരാതെ പുറത്തുള്ള രാഷ്ട്രീയകാര്യങ്ങൾ മാത്രം ചർച്ച ചെയ്ത ചരിത്രം നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ട് ബില്ലിൽ ഒതുങ്ങിനിന്ന് ചർച്ച ചെയ്യണമെന്ന് പറയാം. പക്ഷെ ഈ നിയമസഭയിൽ ബില്ലിനകത്ത് സംസാരിക്കുമ്പോൾ ബില്ലിന്റെ അകത്തുള്ള കാര്യങ്ങളും പുറത്തുള്ള കാര്യങ്ങളും സംസാരിക്കുകയെന്നുള്ളത് ഈ

സഭയുടെ കീഴ്വഴക്കമായിട്ടുള്ള കാര്യമാണ്. അംഗങ്ങൾക്ക് അതിനുള്ള അവകാശമുണ്ട്. ആ അവകാശം നിഷേധിക്കരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ചെയർപേഴ്സൺ: അംഗങ്ങളുടെ അവകാശം നിഷേധിക്കുന്നില്ല. സി.പി.ഐ.(എം) ചെയ്തതെല്ലാം ശരിയാണെന്ന് അങ്ങ് പറയുന്നുണ്ടെങ്കിൽ അത് അംഗീകരിക്കാം (.....ബഹളം.....).

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഈ സഭ നടക്കുന്നതിന് നമുക്ക് റൂൾസ് ഉണ്ട്. നമുക്കിവിടെ നടപടിക്രമങ്ങളുണ്ട്. അതോടൊപ്പം പ്രീസിഡന്റും ഉണ്ട്. അത് നിയമസഭയുടെ ഭാഗമാണ്. ചെയർ അത് മനസ്സിലാക്കാതെ സംസാരിക്കരുത്.

ചെയർപേഴ്സൺ: അത് മനസ്സിലാകാതെ സംസാരിക്കുന്നതല്ല. ഡോ. മാത്യു കുഴൽനാടൻ സംസാരിക്കുമ്പോൾ അദ്ദേഹം ഈ വിഷയത്തിൽനിന്നും മാറി മറ്റ്

പലതിലേയ്ക്കും പോകുമ്പോൾ ചെയർ ഇടപ്പെട്ടിട്ടില്ല. ഇടപെടാത്തത് എന്തുകൊണ്ടാണ്? കാര്യങ്ങൾ മനസ്സിലാക്കുന്നതുകൊണ്ടുതന്നെയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കാര്യങ്ങൾ മനസ്സിലാക്കാതെ പറഞ്ഞിട്ട് കാര്യമില്ല. കേരള നിയമസഭയുടെ നടപടിക്രമത്തിൽ മുമ്പും ഇതൊക്കെ ധാരാളം സംഭവിച്ച കാര്യങ്ങളാണ്. നിങ്ങൾ ഭരണപക്ഷത്തിരിക്കുമ്പോൾ പ്രതിപക്ഷത്തിന് ബില്ലിൽ ഒതുങ്ങിയേ സംസാരിക്കാവൂ എന്നുപറഞ്ഞാൽ അംഗീകരിക്കാൻ കഴിയില്ല. അതിന്റെ കീഴ്വഴക്കങ്ങൾ പാലിച്ചുകൊണ്ട് അംഗങ്ങൾ സംസാരിക്കും.

ചെയർപേഴ്സൺ: മന്ത്രി പറഞ്ഞത് അദ്ദേഹത്തിന്റെ ബില്ലാണ് ഇവിടെ ചർച്ച ചെയ്യുന്നതെന്നാണ്. നേരത്തെ ഡോ. മാത്യു കുഴൽനാടൻ ഇവിടെ സംസാരിച്ചപ്പോൾ ചെയർ ഇടപ്പെട്ടിട്ടില്ല.

ശ്രീ. പി. രാജീവ്: സർ, ചർച്ച കയറിപ്പോയപ്പോൾ ആ ചർച്ചയ്ക്ക് അങ്ങ് തന്നെ അവിടെയിരുന്ന് ഒരു പരാമർശം നടത്തുകയുണ്ടായി. നമ്മൾ സാധാരണ

ഗതിയിൽ ഈ ചർച്ചയുടെ ഭാഗമായി ചിലതൊക്കെ വരാം. ഇത് ചോദ്യവും ഉപചോദ്യവും മറുചോദ്യവും എല്ലാം വേറെ വിഷയത്തിലേയ്ക്ക് പോയാൽ വീണ്ടും നമ്മൾ അത് നല്ല കീഴ്വഴക്കമായി എടുക്കേണ്ടതില്ലല്ലോ? ചട്ടം വളരെ വ്യക്തമാണ്, ഇതേ പാടുള്ളൂവെന്നുള്ളത്. അങ്ങ് കീഴ്വഴക്കം പറഞ്ഞു. പക്ഷേ കീഴ്വഴക്കങ്ങൾക്ക് മര്യാദയില്ലേ; അതിനപ്പുറത്തേയ്ക്ക് പോകുമ്പോൾ ഈ വന്നതിന്റെ സത്ത പോകുകയാണല്ലോ? അതാണ് നേരത്തെ പ്രതിപക്ഷ നേതാവ് അവിടെ പരാമർശിച്ചത് അക്കാര്യം തന്നെയാണ് ഞാൻ ഇവിടെ നിന്നും പറഞ്ഞതും. ..(ബഹളം)..

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട തിരുവഞ്ചൂർ ഒരു ബില്ലിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതെ. ഇവിടെ പ്രധാനപ്പെട്ട പ്രശ്നമെന്താണ്? ബില്ലിന്റെ ചർച്ച വരികയും ചർച്ചയുടെ ജനറൽ തീമിനകത്തുനിന്ന് ഭരണകക്ഷിയിൽപ്പെട്ട ആളുകൾ ചിലത് deviate ചെയ്തു. ആ

deviation-നെത്തുടർന്ന് മറ്റു പല ചർച്ചകളും വന്നു. ആ ചർച്ച ആകാമോ ഇല്ലയോ എന്നുള്ളൊരു ചോദ്യവും വന്നപ്പോൾ ആ ചോദ്യത്തിനാണ് ശ്രീ. എ. പി. അനിൽകുമാർ ഇവിടെ പ്രീസിഡൻസ് ഇല്ലേയെന്ന് ചോദിച്ചത്. ബില്ലിനകത്തുനിന്ന് ചർച്ച ചെയ്യുമ്പോഴും അതിന്റെ surroundings-ൽപ്പെട്ട കാര്യങ്ങൾ സ്വാഭാവികമായും വന്നുപെടുകയില്ലേ; ആദ്യം അതാരാണ് കൊണ്ടുവന്നത്? ആദ്യം കൊണ്ടുവന്നത് ഭരണകക്ഷിയിൽനിന്നുതന്നെയാണ്. അതുകൊണ്ടുതന്നെയാണ് അതിന്റെ പിന്നാലെ മറുപടി പറയേണ്ടിവന്നത്. ഇനി ഞാൻ ചോദിക്കാനിരുന്ന കാര്യം ചോദിക്കാം. രണ്ട് സ്വാശ്രയ കോളേജുകൾക്ക് സമമാണ് ഒരു ഗവൺമെന്റ് കോളേജെന്നുള്ളത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശ്രീ. എ. കെ. ആന്റണി നടപ്പാക്കിയ മാറ്റമാണ്. ആ മാറ്റം നടപ്പാക്കിയതിനൊരു കാരണമുണ്ട്, അന്നത്തെ കാലസ്ഥിതിയാണ്. (......ബഹളം......) ഞാൻ വഴങ്ങില്ല. ഡോ. മാത്യു കുഴൽനാടനാണ് ഇവിടെ സംസാരിക്കുന്നത്. അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടിയാണ് ഞാൻ ഇടപെട്ട് സംസാരിക്കുന്നത്. അദ്ദേഹത്തിന്റെ അനുവാദമില്ലാതെ മറ്റാർക്കും മൈക്ക്

കൊടുക്കാൻ സാധിക്കുകയില്ല. അദ്ദേഹത്തിന്റെയോ ഇപ്പോൾ സംസാരിക്കുന്ന എന്റെയോ അനുവാദമില്ലാതെ ഞങ്ങളുടെ മൈക്ക് തട്ടിക്കൊണ്ടുപോകാൻ ആർക്കെങ്കിലും സാധിക്കുമോ, അതിലൊരു ഭൂരിപക്ഷമുണ്ടോ? അതുകൊണ്ട് ഈ രൂപത്തിലുള്ള ചർച്ച വേണ്ടെന്ന് നിങ്ങൾ തീരുമാനിച്ചാൽ അവിടെ നമുക്ക് വേറെ ആലോചിക്കാം. എന്നാൽ, നിങ്ങൾ ആ ചർച്ച കൊണ്ടുവന്നതിനുശേഷം അതിന് മറുപടി പറയരുതെന്നുപറഞ്ഞാൽ അതൊരു നീതിയല്ല, കാട്ടുനീതിയാണ്. ആ കാട്ടുനീതിയെ ഉൾക്കൊള്ളാൻ ഞങ്ങൾക്ക് സാധ്യമല്ല. ഭരണപക്ഷവും പ്രതിപക്ഷവും 50:50 ആണ്. അപ്പുറത്ത് എത്രയുണ്ടോ അത്രയും ഇവിടെയുമുണ്ട്. ഭരണപക്ഷത്തെ എല്ലാക്കാലത്തും ആണിതറച്ച് അവിടെയിരുത്താനുള്ള പ്രത്യേക നിയമമൊന്നുമില്ല. നിങ്ങൾക്ക് അവിടെയിരിക്കാം, ഞങ്ങൾ ഇപ്പോൾ പ്രതിപക്ഷത്താണ് ഇരിക്കുന്നത്. പിന്നീട് എങ്ങനെ വരുമെന്നുള്ളത് ജനങ്ങൾ തീരുമാനിക്കട്ടെ. ഞാൻ ചോദിച്ചുവരുന്നത്, വ്യക്തികളെ ആക്ഷേപിക്കുന്നതിനുവേണ്ടി ഈ ചർച്ചയെ വളച്ചൊടിച്ചുകൊണ്ടുപോയത് ആരാണ് എന്നൊരു ചോദ്യം വരികയില്ലേ? ആ ചോദ്യത്തിന് സ്വാഭാവികമായും നിങ്ങൾ തന്നെ ഉത്തരം നൽകേണ്ടതാണ്.

അതുകൊണ്ട് ആ ചോദ്യം വരാതിരിക്കുന്നതിനുവേണ്ടി ഇടയിൽ മതിൽ കെട്ടുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. രാജീവ് വളരെ നല്ല മന്ത്രിയല്ലേ, എന്തിനാണ് ഈ വിഷയത്തിലിടപെട്ടത്. അങ്ങ് ഇതിൽ ഇടപെടരുതായിരുന്നു. സാധാരണഗതിയിൽ ഞാൻ മാനസികമായി വഴങ്ങാൻ തയ്യാറുള്ളയാളാണ്. പക്ഷേ അങ്ങ് ഇപ്പോൾ പറഞ്ഞത് XXXXX+, കീഴ്‌വഴക്ക വിരുദ്ധമാണ്. XXXX+ എന്നത് ഞാൻ പിൻവലിക്കുകയാണ്. പക്ഷേ അങ്ങ് ഇപ്പോൾ പറഞ്ഞത് കീഴ്‌വഴക്ക വിരുദ്ധമാണ്. അങ്ങയെപ്പോലെ പരിണതപ്രഞ്ജനായ ഒരു വ്യക്തി കീഴ്‌വഴക്കവിരുദ്ധമായി പറയുന്നത് ശരിയല്ല. അതുകൊണ്ട് ഒരുകാരണവശാലും അതംഗീകരിക്കാൻ കഴിയില്ലെന്ന് കൃത്യമായി ഓർമ്മപ്പെടുത്തുകയാണ്.

ചെയർപേഴ്സൺ: ഇവിടെ ഒരുകാര്യം വ്യക്തമാക്കണം, ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പൂർണ്ണമായും ആദ്യം മുതൽ ചർച്ച ശ്രദ്ധിച്ചിരുന്നോയെന്ന് എനിക്കറിയില്ല. ഡോ. മാത്യു കുഴൽനാടൻ വിഷയം അവതരിപ്പിച്ചതിൽ ബില്ലിൽനിന്നും വെളിയിലേക്ക് കാര്യങ്ങൾ പോയപ്പോൾ ചെയറും മറ്റാരും ഇടപെട്ടില്ല. സ്വാഭാവികമായും അതൊരു വിവാദപരമായ

+ ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

രാഷ്ട്രീയ പ്രശ്നമായപ്പോൾ ചില പ്രതികരണങ്ങളുണ്ടായിട്ടുണ്ട്. അതും പാടില്ലെന്ന് ഇവിടെ ആരും വിധി പറഞ്ഞിട്ടില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യത്തിൽ ഡോ. മാത്യു കുഴൽനാടൻ വിശദീകരണം നൽകി പ്രസംഗം അവസാനിപ്പിക്കണം. ഇപ്പോൾ സമയം 25 മിനിറ്റ് കഴിഞ്ഞു. സമയമുണ്ടോ ഇല്ലയോയെന്ന് പറഞ്ഞിട്ടില്ല, 25 മിനിറ്റ് കഴിഞ്ഞുവെന്നാണ് പറഞ്ഞത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാനൊന്ന് പ്രസംഗിച്ചോട്ടെ......

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചട്ടം 92 വളരെ വ്യക്തമാണ്. അത് പെട്ടെന്ന് ഓർമ്മ വന്നപ്പോഴാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കീഴ്വഴക്ക വിരുദ്ധമാണെന്ന് പറഞ്ഞത്, എന്നാൽ ചട്ടവിരുദ്ധമാണെന്ന് സ്ഥാപിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെക്കാലമായി സഭയിലിരിക്കുന്ന അംഗമായതുകൊണ്ടും അദ്ദേഹത്തിന് നല്ല മെയ്‌വഴക്കമുള്ളതുകൊണ്ടും പെട്ടെന്ന് ചട്ടം ഓർമ്മ വരികയും ചട്ടത്തിൽപ്പിടിച്ചാൽ നിലനിൽക്കുകയില്ലെന്ന് മനസ്സിലാകുയും ചെയ്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മനസ്സിലാക്കേണ്ടത്, ചട്ടവും കീഴ്വഴക്കവും ഉണ്ട്,

കീഴ്വഴക്കങ്ങൾ ദുരുപയോഗിക്കാനുള്ളതല്ല, ചട്ടത്തിന് കീഴിലാണ് കീഴ്വഴക്കം. ചട്ടമാണ് മുകളിൽ നിൽക്കുന്നത്; കീഴ്വഴക്കമെന്നുപറഞ്ഞാൽ സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി സഭാതലത്തെ ദുരുപയോഗിക്കാനുള്ളതല്ല. ബഹുമാനപ്പെട്ട ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വാക്കുകൾതന്നെ കടമെടുത്താൽ...., ബില്ലിന്റെ സറൗണ്ടിംഗ്സിലുള്ള കാര്യം പറഞ്ഞുകൂടേയെന്നാണ് അദ്ദേഹം ചോദിച്ചത്. ഒരാൾ ചർച്ച തുടങ്ങിയാൽ സറൗണ്ടിംഗ്സിൽനിന്നും ഉള്ളിലേക്ക് വരികയേയില്ലെന്നുപറഞ്ഞാൽ എങ്ങനെയാണ്? എപ്പോഴും ചുറ്റിത്തിരിഞ്ഞ് പരിസരത്തുതന്നെ കറങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ചർച്ച ശ്രദ്ധിക്കുന്നയാളുകൾക്ക് ഇത് വ്യവസായ വകുപ്പിന്റെ ബില്ലാണോ അതോ വിദ്യാഭ്യാസ വകുപ്പിന്റെ ബില്ലാണോയെന്ന് സംശയമാകും. അത് നമുക്ക് വേറെ ചർച്ച ചെയ്യാം. പ്രശ്നം ഇതാണ്, വ്യക്തിപരവും രാഷ്ട്രീയപരവുമായ വിരോധം തീർക്കുന്നതിന് സഭാതലത്തെ ദുരുപയോഗിക്കുന്നുവെന്നുള്ളതാണ്. അതനുവദിക്കാൻ പാടില്ല, സഭയുടെ സമയം അതിനുള്ളതല്ല.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി കേൾക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതിന്റെ ഭാഗമായി പറയുകയാണ്. അദ്ദേഹം അടിസ്ഥാനരഹിതമായി, ആദർശപ്രേരിതന്റെ ഒരു മേലങ്കിയെടുത്തണിഞ്ഞ് പുഷ്പനെയോർത്തൊക്കെ വളരെ വികാരഭരിതനായി പ്രസംഗിക്കുന്നുണ്ട്. പ്രിയപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടനോട്, നമ്മുടെ കേരള സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിലായാലും ഏതുമേഖലയിലായാലും സ്വാശ്രയ സ്ഥാപനങ്ങളെ രണ്ടുകൈയും നീട്ടി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നത് യു.ഡി.എഫ്. ആണെന്നുള്ളത് തർക്കരഹിതമായ കാര്യമാണ്, അതിലാർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. കൂത്തുപറമ്പിൽ വെടിവെയ്പ്പ് നടത്തിയതും യു.ഡി.എഫ്.-ന്റെ കാലത്താണ്. എക്കാലത്തും അവരാണ് അതിന്റെ പിന്നിൽ നിന്നിട്ടുള്ളത്, പിന്നെ ഏതുനിലയ്ക്കാണ് അങ്ങ് ഇടതുപക്ഷത്തിന്റെ നേരെ ആരോപണമുന്നയിക്കുന്നതെന്ന് മനസ്സിലാകുന്നില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, Anybody else? ആർക്കും പറയാം. (ബഹളം....) പക്ഷേ എനിക്ക്..., I am bound to answer, എന്നെ മറുപടി പറയാൻ അനുവദിക്കണം. (...ബഹളം....)

ശ്രീ. എം. ബി. രാജേഷ്: സർ, ചെയറാണോ സഭ നിയന്ത്രിക്കുന്നത് അതോ ഒരാളുടെ ഔദ്ധത്യപ്രകടനമാണോ ഇവിടെ നടക്കുന്നത്, എന്താണിത്? ഒരുകാര്യം ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നേരത്തെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട അംഗം അവിടെനിന്ന് പറയുകയാണ്, 'കൊടുക്കൂ, കൊടുക്കൂ പോയിന്റ് ഓഫ് ഓർഡർ കൊടുക്കൂ' എന്ന്. ആരാണ് അദ്ദേഹം. സഭാധ്യക്ഷന് നിർദേശങ്ങൾ നൽകുകയാണോ?

ചെയർപേഴ്സൺ: ഡോ. മാത്യു കുഴൽനാടൻ സംസാരിക്കും.

(അധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ചോദിച്ചത് വേറൊരു രീതിയിലല്ല, ഇവിടെ പലരും ഇടപെടുന്നതുകൊണ്ട് ആർക്കെങ്കിലും എന്റെ പ്രസംഗത്തെയോ ഞാൻ പറഞ്ഞ ആശയത്തെയോ സംബന്ധിച്ച് മറുപടി പറയാനോ വിയോജിപ്പ്

അറിയിക്കാനോ ഉണ്ടെങ്കിൽ ചെയ്തോട്ടെയെന്ന് വിചാരിച്ച് പറഞ്ഞതാണ്. I am bound to answer, Kindly permit me to answer. ഞാൻ ബില്ലിന്റെ സറൗണ്ടിംഗ്സിൽ ചുറ്റിത്തിരിഞ്ഞുവെന്നാണല്ലോ പറഞ്ഞത്. ഞാൻ എങ്ങനെയാണ് പറഞ്ഞത്? വ്യവസായ നയത്തിൽ കാതലായ മാറ്റം വേണം, അതിൽ പ്രത്യയശാസ്ത്ര പിടിവാശി പാടില്ല. സി.പി.ഐ.(എം.) അല്ലെങ്കിൽ ഇടതുപക്ഷം കാലങ്ങളായി ഇതുപോലെയുള്ള കാര്യങ്ങളിൽ സ്വീകരിച്ചുവരുന്ന പിടിവാശി പിന്നീട് കാലങ്ങൾക്കുശേഷം നയം മാറ്റുമ്പോൾ അതുകൊണ്ട് പ്രയോജനമില്ലാതെയാകുമെന്ന് പറഞ്ഞതിന്റെ ഉദാഹരണമായി പറഞ്ഞതാണ്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി പറഞ്ഞത് ഞാൻ നിഷേധിച്ചിട്ടില്ല. സ്വാശ്രയ കോളേജുകൾ ഞങ്ങളാണ് തുടങ്ങിയത്, അല്ലെന്ന് ഞങ്ങൾ പറഞ്ഞില്ല. പക്ഷേ സ്വാശ്രയ കോളേജുകൾക്കെതിരെ സമരം ചെയ്യാൻ എസ്.എഫ്.ഐ.-യെയും ഡിവൈ.എഫ്.ഐ.-യെയും പ്രേരിപ്പിച്ച് ഷിബുലാലും റോഷനും അടക്കമുള്ള അഞ്ച് രക്തസാക്ഷികളെയും ആറാമതായി പുഷ്പനെയും സൃഷ്ടിച്ചിട്ട് ഇന്ന് കേരളത്തിലെ... (...ബഹളം....) സർ, ഇതെന്താണ്?

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ, പ്ലീസ്.. പ്ലീസ് ബില്ലിലേക്ക് വരൂ. കുറെ സമയമായി, ചെയർ പുറത്തുനിന്ന് കാര്യങ്ങൾ കേൾക്കുന്നുണ്ടായിരുന്നു. പ്ലീസ് ബില്ലിലേക്ക് വരൂ...., നിങ്ങൾ സ്ഥിരമായി ഈ ഫ്ലോർ പ്രകോപനത്തിനുള്ള വേദിയാക്കി മാറ്റുകയാണ്. അതിന്റെ ആവശ്യമെന്താണ്? ബില്ലിലേക്ക് വന്ന് ചർച്ച ചെയ്യൂ. കൂത്തുപറമ്പ് വിഷയം ചർച്ച ചെയ്താൽ വീണ്ടും മറ്റ് കാര്യങ്ങളിലേയ്ക്ക് പോകും. ബില്ലിലേയ്ക്ക് വരൂ. നിങ്ങൾ ഔട്ട് ഓഫ് സിലബസിലേക്ക് പോകുന്നതൊരു ശീലമാക്കി മാറ്റുകയാണ്. Please come to the point. (...ബഹളം....) Precedent-നെക്കുറിച്ച് പറയുകയാണെങ്കിൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുണ്ടാക്കിയ ഒരു ധാരണയുണ്ട്. Conventions-നെക്കുറിച്ചും precedents-നെക്കുറിച്ചും നിങ്ങൾ പറഞ്ഞു. ബിൽ വരുമ്പോൾ 10 മിനിറ്റ് മാത്രമേ ചർച്ച ചെയ്യാൻ പാടുള്ളൂവെന്ന് നമ്മൾ ക്രിയേറ്റ് ചെയ്ത understanding ആണ്. അപ്പോൾ അതങ്ങനെയല്ലെന്ന് നിങ്ങൾ പറയും, എന്നിരുന്നാലും ബില്ലിനകത്തുനിന്നുകൊണ്ട് സംസാരിക്കുക. ഇപ്പോൾത്തന്നെ ധാരാളം സമയമെടുത്തു. ഇതിനുമുമ്പും പലപ്പോഴും അംഗങ്ങൾ സമയം ബ്രേക്ക്

ചെയ്തിട്ടുണ്ട്. ആരായാലും, ഇതൊരു നല്ല അക്കാദമിക് ഡിബേറ്റായി മാറണമെങ്കിൽ ബില്ലിനുള്ളിലേയ്ക്ക് വരണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബില്ലിൽ അല്ലാതെ സംസാരിച്ചത് ആരാണ്? ഇവിടെ സംസാരിക്കുമ്പോൾ ബില്ലിനകത്തും പുറത്തുമൊക്കെയുള്ള കാര്യങ്ങൾ ഈ സഭയിൽ നേരത്തെ പറഞ്ഞതാണെന്ന് ഞങ്ങൾക്ക് നല്ല ബോധ്യമുണ്ട്. ഞങ്ങൾ ബില്ലിൽനിന്നാണ് സംസാരിച്ചത്, എന്നാൽ ആദ്യം ബില്ലിൽനിന്നും വഴിമാറി സംസാരിച്ചത് ബഹുമാനപ്പെട്ട അംഗം ശ്രീ. മുരളി പെരുനെല്ലിയാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ രണ്ടുദിവസമായി സഭയിൽ ചർച്ച ചെയ്ത മലപ്പുറത്തെ രാഷ്ട്രീയ വിഷയങ്ങൾ പത്ത് മിനിറ്റ് പറയുകയുണ്ടായി. തൃശ്ശൂർപൂരത്തെക്കുറിച്ചും അദ്ദേഹം പറഞ്ഞു, അതൊക്കെ ബില്ലിന്റെ പരിധിയിൽ വരുന്നതാണോ?

മി. സ്പീക്കർ: അതിന് മറുപടി പറഞ്ഞു. ബഹുമാനപ്പെട്ട അംഗം ശ്രീ. മുരളി പെരുനെല്ലി സംസാരിച്ച മറുപടിയിലെ വിഷയം ബില്ലിന്റെ പുറത്തുപോയി. എന്നാൽ ഔട്ട് ഓഫ് സിലബസിലുള്ള കാര്യങ്ങൾ ഡോ. മാത്യു കുഴൽനാടനും സംസാരിച്ചു. പ്ലീസ്.... ഇനി ബില്ലിലേക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, എനിക്ക് അങ്ങയോട് ഒരു കാര്യം പറയാനുണ്ട്. ഇത് നിയമസഭയിലെ ഡിബേറ്റ് ആണല്ലോ; ആശയങ്ങളെയും വാക്കുകളെയും നമ്മൾ എന്തിനാണ് ഭയക്കുന്നത്?

മി. സ്പീക്കർ: ഇപ്പോൾ ബില്ലാണ് ചർച്ച ചെയ്യുന്നത്. പ്ലീസ്...പ്ലീസ്.....

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മൾ ഈ വിഷയം സംസാരിക്കുമ്പോൾ ഞാൻ വ്യക്തിപരമായി ആക്ഷേപിച്ചുവെന്നാണ് പറയുന്നത്; സഖാവ് പുഷ്പനെക്കുറിച്ച് എത്ര ആദരവോടുകൂടിയാണ് ഞാൻ സംസാരിച്ചത്. സഖാവ് പുഷ്പൻ മരിച്ചുകഴിഞ്ഞിട്ടും ഇത്രയുംപേർ പ്രസംഗിച്ചതിൽ ഒരാൾപോലും ആ പേര് പരമാർശിച്ചിട്ടില്ല. ഞാൻ പരാമർശിച്ചത് തെറ്റായിപ്പോയോ?

മി. സ്പീക്കർ: നിങ്ങൾ മറുഭാഗത്തെ പ്രകോപിപ്പിക്കുന്ന രീതിയിലാണ് പ്രസംഗിക്കുന്നത്. പ്ലീസ്.... പ്ലീസ്..... ബില്ലിലേക്ക് വരൂ.....(...ബഹളം...)

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ എത്ര ആദരവോടുകൂടിയാണ് ആ രക്തസാക്ഷിയെക്കുറിച്ച് പറഞ്ഞത്. (..ബഹളം...) സർ, ഇങ്ങനെയാണെങ്കിൽ എങ്ങനെ പ്രസംഗിക്കും?

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ നിങ്ങൾ ഈ നിലയിലാണ് പ്രസംഗിക്കുന്നതെങ്കിൽ വളരെ ശക്തമായി മൈക്ക് ഓഫ് ചെയ്യേണ്ടിവരും.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് ഈ മൈക്ക് ഓഫ് ചെയ്തിട്ട് എന്ത് ചെയ്യാനാണ്, ഈ ആശയങ്ങളെ സ്റ്റോപ് ചെയ്യാൻ കഴിയുമോ?

മി. സ്പീക്കർ: നിങ്ങൾ ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്ന രീതി ചെയർ പറഞ്ഞു; റിക്വസ്റ്റ് ചെയ്തു.....നിങ്ങൾ ബില്ലിലേക്ക് വരൂ.....

ഡോ. മാത്യു കുഴൽനാടൻ: സർ, (...ബഹളം...) നിങ്ങൾ ഈ ആശയങ്ങളെ ഭയപ്പെടുന്നു. ഡിബേറ്റിനെ ഭയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ... you cannot answer. അടുത്ത തലമുറയെങ്കിലും വഴിതെറ്റി പോകാതിരിക്കാൻ വേണ്ടിയാണ്.

മി. സ്പീക്കർ: പ്ലീസ്... നിങ്ങൾ ബില്ലിലേക്ക് വരൂ.. റൂൾ 92 ക്വാട്ട് ചെയ്തുകൊണ്ട് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പറഞ്ഞു. ഇത് പ്രീസിഡൻസ് ആണെങ്കിൽ നേരത്തെ സൃഷ്ടിച്ച അണ്ടർസ്റ്റാന്റിംഗുണ്ട്. അതായത് ബില്ലിൽ 10 മിനിറ്റ് സംസാരിക്കാമെന്ന്

രണ്ടുപക്ഷവുമുണ്ടാക്കിയ അണ്ടർസ്റ്റാന്റിംഗാണ്. പ്ലീസ്...... അത് നിങ്ങളിപ്പോൾ exceed ചെയ്തു. പ്ലീസ്.....

ഡോ. മാത്യു കുഴൽനാടൻ: Sir, I concede to you. പക്ഷേ ഇത് ഫെയർ ആണോയെന്ന് ചെയർ ആലോചിക്കണം.

മി. സ്പീക്കർ: നിങ്ങൾ സംസാരിക്കുന്ന ഈ രീതി ഫെയർ അല്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇവരൊക്ക ബില്ലിന് പുറത്തുനിന്ന് സംസാരിച്ചപ്പോൾ ഞങ്ങളാരും പുസ്തകമെടുത്തില്ല. (..ബഹളം...)

മി. സ്പീക്കർ: ഭരണപക്ഷം സംസാരിക്കുമ്പോഴും ഇടപെടും. അതിൽ ഒരു സംശയവും വേണ്ട.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇവിടെ ചർച്ച ചെയ്യാൻ കഴിയുന്ന എല്ലാ അംഗങ്ങളും ഇരിക്കുകയല്ലേ; ഞാൻ സൂചിപ്പിച്ചത് തെറ്റാണെങ്കിൽ അവർക്ക് കൗണ്ടർ ചെയ്യാമല്ലോ. ഞാൻ ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. അതായത് ഞാൻ പറഞ്ഞത് ഇത്രേയുള്ളൂ..., ഈ ആറുപേർ രക്തസാക്ഷികളായതിനുശേഷം ഇവിടത്തെ പ്രധാനപ്പെട്ട, നിങ്ങളുടെ മുഖ്യമന്ത്രിയടക്കമുള്ളവരുടെ മക്കൾ സ്വാശ്രയ കോളേജിൽ പഠിച്ചുവെന്നുള്ളത്

മാത്രമല്ല, കേരളത്തിലെ ഏറ്റവും വലിയ സ്വാശ്രയ സ്ഥാപനമായ പരിയാരത്തിന്റെ തലപ്പത്തേയ്ക്ക് ഡിവൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ.-യുടെയും ചുമതല വഹിക്കുന്ന വ്യക്തി കയറിയിരിക്കുകയാണ്....., (...ബഹളം...) (..ബഹളം...)

മി. സ്പീക്കർ: പരസ്പരം വാഗ്വാദങ്ങളില്ല. അങ്ങനെ അങ്ങോട്ടുമിങ്ങോട്ടും പറയാനിത് ടി. വി. ചർച്ചയല്ല. എന്തെങ്കിലുമുണ്ടെങ്കിൽ ചെയറിനോട് പറയാം.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ ചെയർ പറഞ്ഞതിനെ ബഹുമാനിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. പക്ഷേ എന്റെ ഏക റിക്വസ്റ്റ്....,

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇപ്പോഴും പരിയാരം സ്വാശ്രയ കോളേജെന്നാണ് പറഞ്ഞത്. അത് സർക്കാർ ഏറ്റെടുത്ത് സർക്കാർ തലത്തിലേയ്ക്ക് പോയിട്ടുണ്ട്. അത് സഭാരേഖയിൽ ശ്രദ്ധിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, അദ്ദേഹത്തിന്റെ പോയിന്റിന് ഞാൻ മറുപടി പറയാം. ഞാൻ പറഞ്ഞത്, പരിയാരം, സ്വാശ്രയ കോളേജിന്റെ സ്റ്റാറ്റസിൽ നിൽക്കുമ്പോൾ സി.പി.ഐ.(എം.)-ന്റെ പ്രധാനപ്പെട്ട നേതാവ്

അതിന്റെ ചെയർമാൻ പദവി അലങ്കരിച്ചില്ലേ; നിങ്ങൾക്ക് ഒന്നുകിൽ അതറിയില്ല അല്ലെങ്കിൽ മന:പൂർവ്വമാകാം. ഞാൻ അദ്ദേഹത്തിന്റെ പോയിന്റിന് മറുപടി പറയുകയാണ്, അതുകൊണ്ടാണ് പറഞ്ഞത്.

മി. സ്പീക്കർ: യെസ്..... യെസ്... സമയം കഴിഞ്ഞു.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എനിക്ക് ഒറ്റ റിക്വസ്റ്റേയുള്ളൂ. നമ്മളാരെയും മോശമായിട്ടൊന്നും പറഞ്ഞില്ലല്ലോ; എന്തിനാണ് വ്യക്തിപരമായി ഓരോന്നും പറയുന്നത്; വെറുതെ കള്ളം പറയുകയല്ലേ; എന്തിനാണ് അങ്ങനെ പറയുന്നത്? എന്റെ പ്രസംഗം മുഴുവൻ പരിശോധിച്ചോളൂ; നിങ്ങൾ ആശയംകൊണ്ട് മറുപടി പറയണം. ഇതൊക്കെ ഈ നാട്ടിൽ നടന്ന കാര്യങ്ങളാണ്. അടുത്ത തലമുറയെങ്കിലും വഴിതെറ്റി പോകരുതെന്നുള്ളതുകൊണ്ടാണ് അത് പറയുന്നത്. പക്ഷേ വ്യവസായ നയത്തിലൊക്കെ........,

മി. സ്പീക്കർ: നിങ്ങൾ ചെയറിനെ നോക്കി സംസാരിച്ചാൽ മതി. ഈ കമന്റ്സിനൊക്കെ ഉത്തരം പറയേണ്ട ആവശ്യമില്ല. കമന്റ്സിനെ ഇഗ്നോർ ചെയ്യുക. ഫ്ലോറിനകത്ത് പ്രസംഗിക്കുമ്പോൾ കമന്റിന് റിപ്ലൈ ചെയ്യാൻ

തുടങ്ങിയാൽ അങ്ങയുടെ പ്രസംഗത്തിന് ഫ്ലോ കിട്ടില്ല, പ്രസംഗം നഷ്ടമാകും. അതുകൊണ്ട് അങ്ങ് ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

ഡോ. മാത്യു കുഴൽനാടൻ: സർ, ഫ്ലോ പോകുന്നതിനുവേണ്ടിയാണല്ലോ അവർ ഈ കമന്റ് പറയുന്നത്. നമ്മൾ പുറകോട്ട് തിരിഞ്ഞുനോക്കിയാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയോ അല്ലെങ്കിൽ ഡിവൈ.എഫ്.ഐ.-യോ എസ്.എഫ്.ഐ.-യോ എടുത്തിട്ടുള്ള നയസമീപനംകൊണ്ട് നമുക്ക് നഷ്ടപ്പെട്ടിട്ടുള്ളത് എന്തുമാത്രമാണെന്ന് മനസ്സിലാക്കണം. ഇനി വ്യവസായ നയമൊക്കെ രൂപീകരിക്കുമ്പോൾ കുറച്ചുകൂടി അവധാനതയോടുകൂടി ഒരു ഇക്കണോമിക് ഗ്രോത്തിന് അല്ലെങ്കിൽ സംസ്ഥാനത്തിന് ഗുണം ലഭിക്കുന്ന രീതിയിലുള്ളതാകണം. പ്രത്യയശാസ്ത്ര പിടിവാശികൾ ഉപേക്ഷിച്ച് നിങ്ങൾ കുറച്ചുകൂടി വിശാലമായി ചിന്തിച്ചാൽ നന്നാകും. ഒരു കാര്യം പറയുകയാണ്, ഞാൻ എപ്പോൾ പ്രസംഗിച്ചാലും ഔട്ട് ഓഫ് സിലബസാണെന്ന് പറഞ്ഞ് ചെയർ മൈക്ക് ഓഫ് ചെയ്യുന്നു. പക്ഷേ ഇവിടെ മറ്റുള്ള അംഗങ്ങൾ പ്രസംഗിച്ചാൽ ചെയർ അത് ചെയ്യാറില്ല. അത് എന്നോട് മാത്രം ചെയ്യുന്നത്

ഫെയർ ആണോയെന്ന് ചെയർ തന്നെ സ്വയം വിലയിരുത്തിയാൽ മതി. ഞാൻ ഈ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു. നന്ദി.

മി. സ്പീക്കർ: ചെയർ അങ്ങനെ വ്യക്തിപരമായി ആരോടും വിദ്വേഷമുള്ള ആളല്ല. അതൊന്ന് അന്വേഷിക്കുന്നത് നല്ലതാണ്.

ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിൽ മലപ്പുറം കത്തിക്കും തൃശ്ശൂർ പൂരത്തിനും ഒരു പ്രസക്തിയുമില്ലെന്ന് നമുക്കറിയാം. ഇവിടെ നടന്നുകൊണ്ടിരുന്ന ചർച്ചകൾ വളരെ കൃത്യമായി ബില്ലിനകത്തുനിന്നുതന്നെയാണ് ചർച്ച ചെയ്തത്. എന്നാൽ ഒരു കാര്യവുമില്ലാതെ മലപ്പുറം കത്തിക്ക് മൂർച്ചയില്ലെന്നും തൃശ്ശൂർ പൂരമാകെ ചീറ്റിപ്പോയെന്നും ഭരണപക്ഷത്തുനിന്ന് ഒരംഗം ഉന്നയിച്ചതിനെത്തുടർന്നാണ് പ്രശ്നമുണ്ടായത്. മലപ്പുറം കത്തിക്ക് മൂർച്ചയില്ലെന്ന് അദ്ദേഹം ഉദ്ദേശിച്ചത്

കഴിഞ്ഞ ദിവസങ്ങളിലെ അടിയന്തരപ്രമേയത്തെയാണ്. അതിന്റെ മൂർച്ചയും അതിൽ പറയേണ്ട കാര്യങ്ങളും സഭയിൽ വളരെ കൃത്യമായി ആ ചർച്ചയിൽ ഞങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അത് കേരളീയ പൊതുസമൂഹം കണ്ടിട്ടുമുണ്ട്. ഞങ്ങൾ തൃശ്ശൂർ പൂരത്തിന്റെ കാര്യം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. നിങ്ങൾക്കിടയിലെ അഭിപ്രായ വ്യത്യാസം വളരെ കൃത്യമായി ഇന്നത്തെ എല്ലാ പത്രങ്ങളുമെടുത്ത് നോക്കിയാൽ അറിയാം. 'പൂരം കലങ്ങി - സി.പി.ഐ., പൂരം കലങ്ങിയില്ല – സി.പി.ഐ.(എം.)' , അത് നിങ്ങൾ തമ്മിൽ തീർത്താൽ മതി. അതുകൊണ്ട് ഞാൻ ഔട്ട് ഓഫ് സിലബസിൽനിന്ന് സിലബസിലേയ്ക്കുതന്നെ വരികയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ബില്ലിന്റെ പരിസരത്ത് മാത്രം കിടന്ന് കറങ്ങുന്നില്ല. പക്ഷേ ചർച്ച അങ്ങനെ കൊണ്ടുപോകാൻ കാരണക്കാർ നിങ്ങളാണ്. പാർലമെന്ററി തത്വങ്ങളൊക്കെ എല്ലാ അംഗങ്ങൾക്കും ബാധകമാണ്. ഒരു പക്ഷത്തുള്ള അംഗങ്ങൾ അത് തെറ്റിച്ചതിന് മറുപക്ഷത്തുള്ളവർ മറുപടി പറയുമ്പോൾ ഇത്തരത്തിലുള്ള തത്വം പറയുന്നത് ശരിയല്ല. നേരത്തെ ചെയറിലിരുന്ന അംഗംപോലും മറുപടി പറഞ്ഞത് നമ്മൾ കേട്ടതാണ്. ചെയറിലിരിക്കുന്ന കാര്യം അംഗം പെട്ടെന്ന്

മറന്നുപോയി. അങ്ങനെ മറക്കാൻ പാടുണ്ടോ; ഭരണപക്ഷത്തല്ല ഇരിക്കുന്നത്, ചെയറിലാണ് ഇരിക്കുന്നുവെന്നുള്ള ബോധം വേണം. അതുണ്ടായില്ല.

ബില്ലിൽ രണ്ട് ഭേദഗതികളാണ് കൊണ്ടുവരുന്നത്; അതിലൊന്ന് സർട്ടിഫിക്കറ്റിന്റെ പേര് മാറ്റുന്ന കാര്യമാണ്. "കൈപ്പറ്റ് സാക്ഷ്യപത്രം" എന്നുള്ളതിന് "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന് പേര് മാറ്റുകയാണ്. അത് സ്വീകാര്യമാണ്. അതിൽ യാതൊരുവിധത്തിലുള്ള തർക്കവുമില്ല. അതുപോലെ ഒരു സംരംഭം ആരംഭിച്ചതിനുശേഷം അനുമതികൾ നേടിയെടുക്കാനുള്ള സമയപരിധി മൂന്ന് വർഷക്കാലയളവാണ്. അത് മൂന്നു വർഷവും ആറുമാസവുമാക്കി വർധിപ്പിക്കുന്നുവെന്ന ഭേദഗതിയും ഏറെ സ്വാഗതാർഹമാണ്. ഈ രണ്ട് ഭേദഗതികളെയും അംഗീകരിക്കുകയാണ്. വ്യവസായ വാണിജ്യ രംഗത്ത് സംരംഭകർക്കുള്ള പ്രശ്നങ്ങളും സങ്കീർണ്ണതകളും ഒഴിവാക്കാൻ വേണ്ടിയാണ് 2019-ൽ ഇതിന്റെ മദർ ആക്റ്റ് കൊണ്ടുവന്നത്. അതിപ്പോൾ പ്രാബല്യത്തിലായിട്ട് അഞ്ചുവർഷമായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനുവേണ്ടി പ്രസ്തുത ആക്റ്റ് കൊണ്ടുവന്നതുകൊണ്ട് ഈ അഞ്ചുവർഷം വ്യവസായ രംഗത്തുണ്ടായ മാറ്റങ്ങൾ സർക്കാർ വിലയിരുത്തണം.

അതുസംബന്ധിച്ച് ഒരു ധവളപത്രം സർക്കാർ സഭയിൽ വയ്ക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം, നമ്മൾ ഇത്തരം സൗകര്യങ്ങൾ ചെയ്തത് കൂടുതൽ വ്യവസായങ്ങൾ വരാൻവേണ്ടിയാണ്. അതുകൊണ്ട് എന്ത് അനുകൂലമായ മാറ്റമാണുണ്ടായിട്ടുള്ളതെന്നത് ഇവിടെ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഈ ആക്റ്റ് കാരണം കുറെ സൗകര്യങ്ങളുണ്ടെങ്കിലും ചില പ്രശ്നങ്ങൾ ഇപ്പോഴുമുണ്ട്. വൈദ്യുതിയുടെ നിരക്ക് വർധിപ്പിക്കുന്നതുസംബന്ധിച്ച് ഈ അടുത്തകാലത്ത് ഒരു വാർത്ത വന്നിരുന്നു. പ്രത്യേകിച്ച് രാത്രികാലയളവിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഇരട്ടി ചാർജ്ജ് വർധിപ്പിക്കാൻ പോകുകയാണ്. ഐ.ടി. മേഖലയിലും മറ്റുമുള്ള സംരംഭങ്ങൾ രാത്രികാലയളവിലാണ് പ്രവർത്തിക്കുന്നത്. ലാഭത്തിലല്ലാത്ത ഒരു പുതിയ സംരംഭകൻ ഇരട്ടി വൈദ്യുതി ചാർജ്ജ് കൊടുക്കേണ്ടതായി വന്നാൽ ഇപ്പോൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സൊക്കെ ചെയ്തുകൊടുത്താലും വ്യവസായരംഗത്ത് പുതിയൊരുണർവ് കണ്ടുകൊള്ളണമെന്നില്ല. അതുകൊണ്ട് ലാഭത്തിലല്ലാത്ത സ്ഥാപനങ്ങൾക്കെങ്കിലും വൈദ്യുതിയുടെ ഇരട്ടി ചാർജ്ജ് വർധനവ് പോലുള്ള കാര്യങ്ങൾക്ക് ഇളവ് നൽകുന്നത് നല്ലതായിരിക്കുമെന്നുകൂടി

ഞാൻ സൂചിപ്പിക്കുകയാണ്. ഭൂമിയുടെ ലഭ്യതക്കുറവിനെക്കുറിച്ച് എല്ലാവരും ചൂണ്ടിക്കാണിച്ചു. ഇവിടെ കുറെ പ്ലാന്റേഷനായും മറ്റ് പല വിധത്തിലുമുള്ള ധാരാളം ഭൂമിയുണ്ട്. ആ ഭൂമി ഇത്തരം കാര്യങ്ങൾക്ക് നൽകുന്നതിനൊരു ഇളവുണ്ടാകണം. പ്ലാന്റേഷൻ ഭൂമിയിൽ വേറൊന്നും ചെയ്യാൻ സാധിക്കില്ല. അതുസംബന്ധിച്ച് ഡോ. മാത്യു കുഴൽനാടൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപോലെ ഭൂമി സംബന്ധിച്ച ധാരാളം നിയന്ത്രണങ്ങളുണ്ട്. അതിലെല്ലാം ചില ഇളവുകൾ വരുത്തിയാൽ മാത്രമേ രാജ്യത്തിന്റെ ഇക്കോണമി ശക്തിപ്പെടുത്തുന്നതിനായി ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കൂ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന് 2019-ലെ ആക്റ്റ് കൊണ്ടുവന്നതുപോലെ ഇത്തരം കാര്യങ്ങൾക്കുകൂടി ചില ഇളവുകൾ അനുവദിക്കേണ്ടതുണ്ട്. അതുപോലെ ബിസിനസ്സ് സംരംഭങ്ങൾ എവിടെ തുടങ്ങണമെങ്കിലും ഇന്റർനെറ്റ് കണക്ട്വിറ്റി വളരെ പ്രധാനമാണ്. കെ-ഫോൺ പോലുള്ള പദ്ധതികൾ തുടങ്ങിയെങ്കിലും ആ രംഗത്തും നമുക്ക് ചില പ്രതിസന്ധികളുണ്ട്. വ്യവസായ സൈബർ പാർക്കുകൾ നഗരങ്ങളിൽ മാത്രമാണുള്ളത്. ഗ്രാമീണമേഖലകളിൽ പ്രസക്തിയുള്ള ഓരോ പ്രാദേശികതലത്തിലുള്ള കാർഷിക ഉല്പന്നങ്ങളിൽനിന്നും

ഇപ്പോൾ പല വിധത്തിലുള്ള പ്രോഡക്ടുകൾ നിർമ്മിക്കുന്നുണ്ട്. അങ്ങനെയുള്ള സംരംഭങ്ങൾ ഉൾപ്പെടുത്തി ഗ്രാമീണമേഖലകളിൽ കൂടി ഇത്തരത്തിലുള്ള ഇൻഡസ്ട്രിയൽ പാർക്കുകൾ, സൈബർ പാർക്കുകൾ എന്നിവ തുടങ്ങാനുള്ള ആനുകൂല്യങ്ങളും സൗകര്യങ്ങളും ഒരുക്കിക്കൊടുക്കേണ്ടതാണ്. അതുപോലെ നിലവിലുള്ള വ്യവസായ പാർക്കുകളിൽ പലരും ലീസിന് എടുത്ത കുറേ സ്ഥലങ്ങളുണ്ട്. അവർ അവിടെ ബിസിനസ്സ് നടത്തുകയുമില്ല എഗ്രിമെന്റ് അവരുടെ പേരിലായതിനാൽ മറ്റൊരാൾക്ക് അത് കൊടുക്കാനും സാധിക്കില്ല. അങ്ങനെ കുറേ കേസുകൾ ജനപ്രതിനിധികളുടെ മുന്നിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ പിടിച്ചെടുത്ത് ആവശ്യമുള്ളവർക്ക് കൊടുക്കാനുള്ള സംവിധാനമുണ്ടാകണം. സംരംഭങ്ങൾ തുടങ്ങാനായി വാണിജ്യ സഹകരണ ബാങ്കുകളിൽനിന്നും ലോൺ ലഭിക്കാൻ വളരെ പ്രയാസമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് കൊണ്ടുവന്നതുപോലെ ലോൺ എളുപ്പമാക്കിക്കൊടുക്കാൻ കൂടി സർക്കാർ ചില നടപടികൾ സ്വീകരിക്കണമെന്നാണ് ഇതിന്റെ ഭാഗമായി എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സുഗമമാക്കുന്നതിലെ പ്രശ്നങ്ങളുമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞുകൊണ്ടിരിക്കുന്നത്. വ്യവസായങ്ങൾ ആരംഭിച്ചതിനുശേഷം അതിന് നൽകേണ്ട സബ്സിഡികൾ കൃത്യസമയത്ത് ലഭ്യമാക്കാത്തതിലെ പ്രശ്നങ്ങളും അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ കൊണ്ടോട്ടിയിലെ കാലിക്കറ്റ് എയർപോർട്ടിന്റെ സമീപത്താണ് വ്യവസായ വകുപ്പിന്റെ കീഴിലുള്ള KSIE (Kerala State Industrial Enterprises Limited) പ്രവർത്തിക്കുന്നത്. സർക്കാരിന് നല്ല വരുമാനമുണ്ടാക്കികൊടുക്കുന്ന പൊതുമേഖലാ സ്ഥാപനമാണിത്. അവിടെ പലയിടത്തും സ്ഥലങ്ങൾ വെറുതെ കിടക്കുകയാണ്. സംസ്ഥാന സർക്കാർ തന്നെ സ്ഥലം ഏറ്റെടുത്താണ് കാലിക്കറ്റ് എയർപോർട്ടിന് നൽകിയത്. പക്ഷേ വിദേശത്തേയ്ക്ക് പച്ചക്കറിയും പഴവർഗ്ഗങ്ങളുമൊക്കെ കയറ്റുമതി ചെയ്യുന്നതിനും പാർക്കിംഗിനും ലോഡ് ചെയ്യാനും അൺലോഡ് ചെയ്യാനുമുള്ള സൗകര്യങ്ങൾ അവിടെയില്ല. ഇത് സംസ്ഥാന സർക്കാർതന്നെ നേരിട്ട് എയർപോർട്ട് അതോറിറ്റിയുമായി

സംസാരിച്ച് തീർക്കേണ്ടുന്നൊരു വിഷയമാണ്. അതുപോലെ ഡെയ്‌ലി വേജസിന് നിലവിൽ ഏകദേശം 800 രൂപ പ്രതിദിനം ലഭിക്കുമ്പോൾ KSIE-യിലെ തൊഴിലാളികൾക്ക് അത് 600/- രൂപ മാത്രമാണ്. അതും ഏജൻസി വഴിയാണെങ്കിൽ 530/- രൂപ മാത്രമാണ് ലഭിക്കുന്നത്. ഇതൊക്കെ ഇതിന്റെ കൂട്ടത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് കരുതുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, തീർച്ചയായും. ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. അതുപോലെ KSIDC (Kerala State Industrial Development Corporation)-ൽ ലോണിനായി അപേക്ഷ നൽകിയാൽ പുതിയ സംരംഭകർക്ക് ലോൺ ലഭ്യമാകുന്നില്ലെന്ന ധാരാളം പരാതികളുണ്ട്. KSIDC ഇതിനകം എത്ര ലോൺ കൊടുത്തുവെന്നത് പരിശോധിക്കുമ്പോൾ അതിന്റെ വൈപുല്യം മനസ്സിലാകും. ആകെ എണ്ണം വളരെ കുറവായാണ് പരിശോധനയിൽ കാണാൻ സാധിച്ചത്. അതുപോലെ ഈ വിഷയത്തിനുവേണ്ടി ആവിഷ്കരിച്ചതാണ് സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം. ഇതിൽ പല

കാര്യങ്ങളും ഇപ്പോഴും തർക്കത്തിൽപ്പെട്ട് തീർപ്പാകാതെ കിടക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. സിംഗിൾ വിൻഡോ ക്ലിയറൻസിന്റെ കാര്യത്തിലും ഒരു ശ്രദ്ധയുണ്ടാകണം. അതുപോലെ ഇതിന്റെ കൂട്ടത്തിൽ ഒരു കാര്യം സൂചിപ്പിക്കുകയാണ്, നിലവിലുള്ള പല പരമ്പരാഗത വ്യവസായങ്ങളും തകർച്ചയിലാണ്. TRACO CABLE COMPANY LIMITED (TRACO) അടച്ചുപൂട്ടലിലാണ്. ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനി പൂട്ടാനും സ്ഥലം കൊടുക്കാനുമൊക്കെ തീരുമാനിച്ചിട്ടുണ്ട്. ഏതായിരുന്നാലും തീരുമാനമെടുത്ത് കഴിഞ്ഞതിനാൽ അതിൽ വിയോജിപ്പ് പറയുന്നില്ല. ട്രേഡ് യൂണിയനുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് ചില ചുമതലകൾ ഉള്ളതുകൊണ്ട് സൂചിപ്പിക്കുകയാണ്, ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനിയിൽനിന്ന് പിരിഞ്ഞുപോകുന്ന തൊഴിലാളികളുടെയും മറ്റ് നിലകളിൽ ജോലി നഷ്ടപ്പെടുന്ന തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് കൊടുക്കാനുള്ള ഒരു തീരുമാനമുണ്ടാകണം. പാലക്കാട് വാളയാറിലും ആലപ്പുഴയിലുമൊക്കെയുള്ള മലബാർ സിമന്റ്സിലെ ഉല്പാദനം കുറയുന്നു. ഡിമാന്റിന് അനുസരിച്ച് സിമന്റ് കൊടുക്കാൻ കഴിയുന്നില്ല. ഇതുവരെ അവിടെ എം.ഡി. ഉണ്ടായിരുന്നില്ല.

ഇപ്പോൾ എം.ഡി.യെ നിയമിച്ചിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും അത് മോഡണൈസ് ചെയ്യാനുമുള്ള നടപടിയുണ്ടാകണമെന്നും സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

കോക്കോണിക്സ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. പ്രതിവർഷം രണ്ട് ലക്ഷം ലാപ്ടോപ്പുകളുടെ വില്പന കണക്കാക്കിയാണ് 2018-ൽ കോക്കോണിക്സ് പദ്ധതി അന്നത്തെ സർക്കാർ പ്രഖ്യാപിച്ചത്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, നാട്ടകത്തെ സിമന്റ്സ് ലിമിറ്റഡ് പ്രവർത്തനരഹിതമായെന്ന് പറഞ്ഞിട്ട് കുറേ നാളുകളായി. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടതുപോലെ ഇക്കാര്യങ്ങളൊക്കെ എന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാൻ മാത്രം പറഞ്ഞാൽ പോരാ നിങ്ങളൊക്കെ പറയണം. നാട്ടകത്തെ സിമന്റ്സ് ലിമിറ്റഡ് പൂട്ടിയെന്നാണ് പറയപ്പെടുന്നത്. ഈ അടുത്ത കാലത്ത് മാതൃഭൂമി ദിനപത്രത്തിൽ പൂട്ടിയതും നഷ്ടത്തിലായതുമായ കുറേ സ്ഥാപനങ്ങളുടെ കണക്ക്

വന്നിരുന്നു. വ്യവസായരംഗത്ത് ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെയുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നാട്ടകത്തെ സിമന്റ്സ് ലിമിറ്റഡ് എന്റെ ശ്രദ്ധയിലുംപെട്ടിട്ടുണ്ട്. അതിവിടെ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഞാൻ പറഞ്ഞുവന്നത്, കോക്കോണിക്സ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യമാണ്. കോക്കോണിക്സ് കമ്പനിയിൽ ലാപ്ടോപ്പ് മാത്രമല്ല, മിനി പി. സി., ഡെസ്ക്ടോപ്പ്, സർവറുകൾ, ടാബ്‌ലെറ്റുകൾ എന്നിവയൊക്കെ നിർമ്മിക്കുമെന്ന് പ്രഖ്യാപനമുണ്ടായിരുന്നു. പക്ഷേ, ഇതൊന്നുംതന്നെ സംഭവിച്ചിട്ടില്ല. കെൽട്രോണിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനിയാണ് കോക്കോണിക്സ്. കെൽട്രോണിൽ അവിടത്തെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം തുടങ്ങിയ ചില പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാൽ സാന്ദർഭികമായി ഇത് ചൂണ്ടിക്കാണിക്കുകയാണ്. കോക്കോണിക്സ് പദ്ധതി പുനരാരംഭിക്കാൻ സർക്കാർ പ്രത്യേകമായ ജാഗ്രത കാണിക്കണം. ബില്ലിലെ രണ്ട് ഭേദഗതികളും സ്വാഗതാർഹമാണ്. എന്നാൽ വ്യവസായം ശക്തിപ്പെടാനും പുതിയ സംരംഭങ്ങൾ വളർന്നുവരാനും ഞാൻ നേരത്തെ സൂചിപ്പിച്ച കാര്യങ്ങൾ കൂടി

വേണ്ടതാണെന്ന നിർദേശം വച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലുമായി ബന്ധപ്പെട്ട ഭേദഗതി ചർച്ച ചെയ്യുന്ന സന്ദർഭം കേരളത്തെ സംബന്ധിച്ച് വ്യവസായ രംഗത്ത് ഒട്ടേറെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ കാലമാണ്. കേരളം വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ പരിതഃസ്ഥിതിയുള്ള നാടല്ല എന്ന പൊതുവിലുള്ള എല്ലാ ചിത്രത്തെയും മാറ്റിക്കൊണ്ട്, സാധ്യമായ എല്ലാവിധ സൗകര്യങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു വ്യവസായനയം തന്നെ രൂപീകരിച്ച് നമ്മുടെ നാടിന് ഗുണകരമാകുന്ന വിധത്തിൽ വ്യവസായ മേഖലയെ രൂപപ്പെടുത്താനുള്ള ശ്രമങ്ങൾക്കാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് നേതൃത്വം നൽകിവരുന്നത്. വ്യവസായ സൗഹൃദ റാങ്കിംഗിൽ നമ്മുടെ സംസ്ഥാനം ആദ്യഘട്ടത്തിൽ 25-ൽ

നിന്ന് 15-ലേയ്ക്ക് റാങ്കിംഗ് നിലയിൽ ഉയർന്നു. ഇപ്പോൾ ഈ കഴിഞ്ഞ ദിവസമുൾപ്പെടെ നിയമസഭയിലും നിയമസഭാ നടപടികളുടെ ഭാഗമായി സംഘടിപ്പിച്ച അനുബന്ധ പരിപാടികളിലുമെല്ലാം വിശദീകരിച്ചതുപോലെ കേരളം ഇപ്പോൾ വ്യവസായ സൗഹൃദ റാങ്കിംഗിൽ ഒന്നാം സ്ഥാനത്തേയ്ക്ക് എത്തിയിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ച് വളരെ അഭിമാനകരമായൊരു നേട്ടത്തിന്റെ നെറുകയിലേയ്ക്ക് നമ്മൾ എത്തിയിരിക്കുന്നു. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ വിശകലനത്തിന്റെയും പഠനത്തിന്റെയുമെല്ലാം അടിസ്ഥാനത്തിലാണ് ടോപ് അച്ചീവ്മെന്റിലേയ്ക്ക് നമ്മൾ ഇപ്പോൾ എത്തിയിരിക്കുന്നത്. അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും വിവിധവും വൈവിധ്യവുമാർന്ന നയപരിപാടികളിലൂടെ വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെയും വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കാൻവേണ്ടി നടപ്പാക്കിവരുന്ന എല്ലാ പദ്ധതികളെയും ഈ ഭേദഗതി ബിൽ ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇരുപതിലധികം വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ലാഭത്തിലാക്കാൻ സാധ്യമായ കാലമാണിത്. യു.ഡി.എഫ്.-ന്റെ കാലത്തെ സംബന്ധിച്ച് സാന്ദർഭികമായി ഓർത്താൽ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വലിയ പ്രയാസങ്ങൾ അക്കാലത്ത് നേരിട്ടിരുന്നു. നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടി വരികയും അടച്ചുപൂട്ടൽ ഭീഷണി നേരിടേണ്ടി വരികയും ചെയ്ത കാലമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലം. അതിൽനിന്നെല്ലാം ഇപ്പോൾ വലിയ മാറ്റമുണ്ടാക്കി. വ്യവസായ രംഗത്തെ ഫലപ്രദമായ ഇടപെടൽ വഴി പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റവും ശക്തിയായി നമ്മുടെ കേരളത്തിൽ ഏറ്റെടുത്ത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വിധത്തിൽ നമ്മുടെ ഗവൺമെന്റ് മാറുകയാണ്. കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത KPPL (Kerala Paper Products Limited) കേരളത്തിന്റെ അഭിമാനമായി മാറിയത് സമീപ കാലയളവിൽ നമ്മുടെ എല്ലാവരുടെയും ശ്രദ്ധയിലുണ്ട്. ഏറ്റവും നല്ല നിലയിൽ ഉല്പാദനം നടത്തുന്ന കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ഗുണകരമാകുന്ന വിധത്തിൽ ഉല്പാദനത്തിന് അനുയോജ്യമായ വിധത്തിലുള്ള എല്ലാവിധ സൗകര്യങ്ങളുമുള്ള നാടാണ് കേരളമെന്ന് രാജ്യത്തിന്റെയും ലോകത്തിന്റെയും

മുന്നിൽത്തന്നെ അഭിമാനത്തോടുകൂടി വിളിച്ചുപറയാൻ കഴിയുന്ന ഉദാഹരണങ്ങളായി നമുക്ക് തൊട്ടുകാണിക്കാൻ കഴിയുന്ന നിരവധി സംരംഭങ്ങളാണ് കേരള സർക്കാരിന്റെ നേതൃത്വത്തിൽ ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്. സ്വകാര്യ വ്യവസായ പാർക്കുകളുടെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നായിരുന്നു. ആ ലക്ഷ്യം നമുക്ക് ഇപ്പോൾ കൈവരിക്കാൻ കഴിയുകയാണ്. 28 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. അതിൽ രണ്ട് പാർക്കുകൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട് എന്നതും അഭിമാനകരമായ നേട്ടം തന്നെയാണ്. ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്ന് വ്യത്യസ്തമായ പദ്ധതികളാണ് ക്യാമ്പസുകളിൽ ആവിഷ്കരിച്ചത്. ഒരു പക്ഷെ കേരളത്തിന് ഇതിനുമുമ്പ് ചിന്തിക്കാൻ പോലും കഴിയാത്ത വിധത്തിലുള്ള പുതിയ മേഖലയിലേക്കുള്ള ഒരു ചുവടുവയ്പാണ് നടത്തിയിരിക്കുന്നത്. ആ നിലയിൽ ക്യാമ്പസുകളുമായി ബന്ധപ്പെടുത്തി ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ കഴിയുന്നത് ശ്രദ്ധേയമായ നേട്ടമാണെന്ന് എടുത്തുപറയേണ്ടിവരും. ആധുനിക വ്യവസായ വളർച്ചയിൽ

സുപ്രധാന പങ്കുവഹിക്കാൻ പോകുന്ന ഗ്രാഫീൻ ഇൻക്യുബേഷൻ സെന്റർ പാലക്കാട്, ഒറ്റപ്പാലത്ത് പ്രവർത്തനമാരംഭിക്കുകയാണ്. കിൻഫ്രയാണ് അതിന് നേതൃത്വം നൽകുന്നത്. വ്യവസായരംഗത്ത്, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മുമ്പുണ്ടായിരുന്ന എല്ലാവിധ കാലതാമസങ്ങളും പരിഹരിക്കുന്നതിനായി ആധുനിക കാലത്തിന് അനുയോജ്യമാകുംവിധം വിവരസാങ്കേതികവിദ്യയെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് 'കെ-സ്വിഫ്റ്റ്' പോലുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. സംരംഭങ്ങൾ ആരംഭിക്കാനുള്ള താൽപര്യത്തിൽനിന്നും ഒരാളുപോലും നിരാശയോടുകൂടി മടങ്ങാത്തവിധം അവരെ പ്രോത്സാഹിപ്പിച്ച് ആ രംഗത്ത് നിലനിർത്തുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ലൈസൻസുകൾ അതിവേഗം ലഭ്യമാക്കിയും മറ്റ് നടപടിക്രമങ്ങൾ ലഘൂകരിച്ചും പല പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ളത്. സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാരിന്റെ ഇടപെടൽ ഏറ്റവും മികവാർന്ന രീതിയിലായിരുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ചന്ദ്രയാൻ-3 ദൗത്യത്തിലും ആദിത്യ-L1 മിഷനിലുമെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളായിട്ടുള്ള കെ.എം.എം.എൽ. (The Kerala Minerals and Metals Limited), ടി.സി.സി. (Travancore Cochin Chemicals) കെൽട്രോൺ (Kerala State Electronics Development Corporation Limited) സിഡ്കോ (Small Industries Development Corporation) എന്നിവരും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളും പങ്കാളികളായിരിക്കുന്ന എന്ന ഏറ്റവും ശ്രദ്ധേയമായ ഒരു കാലഘട്ടമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എം. സച്ചിൻദേവ്, അങ്ങ് സമയകൃത്യത പാലിക്കണമെന്ന് ചെയർ അഭ്യർഥിക്കുകയാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, തീർച്ചയായും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാർ, വൈവിധ്യമാർന്ന മേഖലകളിൽ വ്യവസായരംഗത്തിന്റെ വളർച്ചയ്ക്കാവശ്യമായ ശ്രമകരമായ ഇടപെടൽ നടത്തിവരുന്നുണ്ട്. സംരംഭകരുടെ പരാതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിരവധിയായിരുന്നു. ഒരുഘട്ടത്തിൽ കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക്

ഏറ്റവും തടസ്സമായി നിന്നിരുന്നത് സംരംഭകരുടെ വ്യത്യസ്തമായ പ്രശ്നങ്ങളും അതിനെത്തുടർന്നുണ്ടാകുന്ന പരാതികളുമായിരുന്നു. അവ ഫലപ്രദമായി പരിഹരിക്കുന്നതിനുവേണ്ടി 'മീറ്റ് ദ മിനിസ്റ്റേഴ്സ്' ഉൾപ്പെടെയുള്ള അനേകം പ്രവർത്തനങ്ങൾ സമീപകാലത്ത് സർക്കാർ സംഘടിപ്പിച്ചിട്ടുണ്ട്. വ്യവസായരംഗത്ത് സമാനതകളില്ലാത്ത വളർച്ച പ്രദാനം ചെയ്യാൻ കഴിയുംവിധത്തിലുള്ള നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും അത് സമയബന്ധിതമായി നടപ്പാക്കുകയും ചെയ്ത സർക്കാരെന്ന നിലയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇന്ത്യയിലെന്നല്ല ലോകത്താകെ ശ്രദ്ധയാകർഷിക്കുന്ന പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. അത്തരമൊരു സന്ദർഭത്തിലാണ് ആ നേട്ടങ്ങളെയെല്ലാം അട്ടിമറിക്കുകയും അവയെ വിലകുറച്ചുകാണുകയും ചെയ്യുന്ന തരത്തിലുള്ള ചില പ്രചാരണങ്ങൾ കേരളത്തിൽ അരങ്ങേറുന്നത്. വ്യവസായ മേഖലയിലുണ്ടായ വിപ്ലവകരമായ ഈ മാറ്റം സംസ്ഥാനത്ത് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ചർച്ചയിൽ വന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമായിരുന്നു തൊഴിലില്ലായ്മ. അത് പരിഹരിക്കാൻ സർക്കാർ എന്തുചെയ്തു

എന്നതായിരുന്ന പ്രതിപക്ഷത്തിന്റെ ചോദ്യം. ആ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ പ്രകടമായ ഉദാഹരണമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒരു പ്രധാന മേഖലയാണ് കേരളത്തിലെ വ്യവസായ മേഖല. അഭ്യസ്തവിദ്യരായിട്ടുള്ള ചെറുപ്പക്കാർക്ക് ആശ്വാസം നൽകാൻ കഴിയുംവിധം ആധുനിക കാലത്തെ വിവിധ തൊഴിൽ മേഖലകളിലേക്ക് അവർക്ക് യഥേഷ്ടം പ്രവേശിക്കാൻ കഴിയുന്ന തരത്തിലാണ് വ്യവസായ മേഖല നിരവധി തൊഴിലവസരങ്ങൾ പ്രദാനം ചെയ്തിട്ടുള്ളത്. ഈ നിലയിലെല്ലാം ഇടതുപക്ഷ സർക്കാർ എല്ലാവിധ നേട്ടങ്ങളും കരസ്ഥമാക്കി കേരളത്തിന്റെ വികസനം യാഥാർത്ഥ്യമാക്കുന്ന സന്ദർഭത്തിലാണ് സർക്കാരിനെ തകർക്കുന്നതിനുള്ള സമീപനം സ്വീകരിക്കുന്നത്. നിയമസഭയിലുൾപ്പെടെ വിവിധങ്ങളായ വികസന/രാഷ്ട്രീയ പ്രശ്നങ്ങൾ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച ചെയ്യുകയും അവയുടെ മെറിറ്റ് വിലയിരുത്തുകയും ചെയ്തു. എന്നാൽ അത്തരം രാഷ്ട്രീയ വിശകലനങ്ങളുടെ മെറിറ്റ് ഉൾപ്പെടെ അട്ടിമറിക്കുകയും അതിന്റെ ശരിയായ റിസൾട്ടിനെപ്പോലും മറച്ചുവയ്ക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് നിയമസഭയ്ക്ക് പുറത്ത് ചില മാധ്യമങ്ങളുടെ വാർത്തകളിൽ നമുക്ക് കാണാൻ

കഴിയുന്നത്. കേരളത്തിന്റെ നേട്ടങ്ങളെ ഇകഴ്ത്തിക്കാണിക്കുകയും ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി ഏറ്റവും മോശമായ നിലയിൽ പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു പ്രവണതയാണ് മാധ്യമങ്ങളുടേത്. ബില്ലുമായി ബന്ധപ്പെട്ട ഭേദഗതിയിൽ ഒതുങ്ങിനിന്ന് മാത്രം സംസാരിക്കണമെന്ന് കരുതി വന്ന ഒരാളാണ് ഞാൻ. എന്നാൽ ഒരു കാര്യം പറയാൻ ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് അനുവാദം നൽകണം. ഞങ്ങൾക്കെല്ലാവർക്കും വൈകാരികമായി ബന്ധമുള്ളതും ഞങ്ങളുടെ ഹൃദയവികാരമായി എല്ലാകാലത്തും മനസ്സിൽ സൂക്ഷിക്കുന്നതുമായ ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ നിലപാടിന്റെ ഭാഗമായി ഞങ്ങൾ നടത്തിയ ഒരു സമരത്തെയും ആ സമരത്തിൽ രക്തസാക്ഷിത്വം വരിച്ചവരെയും അവഹേളിക്കുന്ന വിധത്തിൽ, വാസ്തവമറിയാതെ ഡോ. മാത്യു കുഴൽനാടൻ ഒരു പ്രഭാഷണം നടത്തിയതുകൊണ്ടാണ് ഞങ്ങൾക്ക് ആ വിഷയത്തിൽ വൈകാരികമായി ഇടപെടേണ്ടിവന്നത്, എന്തായിരുന്നു കൂത്തുപറമ്പിലെ സമരം;

<u>മി. സ്പീക്കർ</u>: യെസ്.. പ്ലീസ്.....പ്ലീസ്.........

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കൂത്തുപറമ്പിലെ പരിയാരം മെഡിക്കൽ കോളേജിന്റെ സ്ഥലവും കെട്ടിടവും സർക്കാരിന്റെ അധീനതയിലുള്ളതായിരുന്നു. സർക്കാരിന്റെ സ്വത്ത് ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സ്വാശ്രയ നയം രൂപീകരിക്കാൻ ആരംഭിച്ച കാലമായിരുന്നു. യു.ഡി.എഫ്.-ന്റെ സ്വാശ്രയ നയത്തിന്റെ മറവിൽ, പ്രത്യേകമായി ഒരു ട്രസ്റ്റ് രൂപീകരിച്ചു. ആ ട്രസ്റ്റിന്റെ ഭാഗമായി സ്വകാര്യ മേഖലയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതുപോലെ മെഡിക്കൽ കോളേജിനെ ചില സ്വകാര്യ വ്യക്തികളുടെ കൈകളിൽ, തെളിമയാർന്ന നിലയിൽ പറഞ്ഞാൽ അന്നത്തെ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ, സഹകരണ വകുപ്പുമന്ത്രിയായിരുന്ന എം. വി. രാഘവൻ ഉൾപ്പെടെയുള്ള ചില വ്യക്തികളുടെ കൈകളിലേക്ക്, സ്വകാര്യ ട്രസ്റ്റ് രൂപീകരിച്ച്, കൈക്കലാക്കാൻ ശ്രമിച്ച സന്ദർഭത്തിലാണ് കൂത്തുപറമ്പിലെ ഐതിഹാസികമായ പ്രക്ഷോഭം നടന്നത്. ജൂഡീഷ്യൽ കമ്മീഷൻ അക്കാലത്ത് അന്വേഷണം നടത്തിയിട്ടുണ്ടല്ലോ. (....ബഹളം...) ആ സമരത്തിന്റെ ഭാഗമായി നടന്ന വെടിവയ്പിനെ സംബന്ധിച്ച് നടത്തിയ

അന്വേഷണത്തിൽ ജുഡീഷ്യൽ കമ്മീഷൻ പറഞ്ഞത്, ആ സമരത്തിനുനേരെ നിറയൊഴിച്ചത് അനാവശ്യമായി ഒരു പ്രകോപനവുമില്ലാതെയായിരുന്നു എന്നാണ്. പ്രസ്തുത സമരത്തിന്റെ ഭാഗമായി അഞ്ച് ഡിവൈ.എഫ്.ഐ. പ്രവർത്തകരെ കൊലപ്പെടുത്തി. കോൺഗ്രസ് ഉൾപ്പെടെയുള്ളവരാണ് നരാധമ രാഷ്ട്രീയം... രാഷ്ട്രീയമായി സമരം ചെയ്യുന്നവരെ...

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.....(...ബഹളം..) അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ...

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, രാഷ്ട്രീയമായി സമരം ചെയ്യുന്നവരെപ്പോലും നിറയൊഴിച്ച് കൊലപ്പെടുത്തുന്ന സമീപനം സ്വീകരിച്ചത് കോൺഗ്രസിന്റെ രാഷ്ട്രീയമാണ്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇവയെല്ലാം തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലേക്ക് മാറുന്നു. 1994-ൽ ഡിവൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും എന്ത് മുദ്രാവാക്യമാണോ കൂത്തുപറമ്പിൽ ഉയർത്തിയത്, അതേ മുദ്രാവാക്യത്തെ 2016-ൽ സഖാവ് പിണറായി വിജയൻ സർക്കാർ അന്വർഥമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ സർക്കാർ ഉടമസ്ഥതയിലുള്ളതായിരിക്കണം എന്നതായിരുന്ന

അന്ന് ഡിവൈ.എഫ്.ഐ. നടത്തിയ സമരത്തിലെ മുദ്രാവാക്യത്തിന്റെ പൊരുൾ. ആ പൊരുൾ കൃത്യമായി തിരിച്ചറിഞ്ഞുകൊണ്ടാണ് 2016-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നത്. (...ബഹളം....). എന്തിനാണ് ഇങ്ങനെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത്? എന്തിനാണ് നിയമസഭയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ഐതിഹാസികമായ ഒരു സമരത്തെ കരിവാരി തേക്കുന്നവിധത്തിൽ ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം സംസാരിച്ചതെന്ന് ജനാധിപത്യ കേരളത്തോട് മറുപടി പറയേണ്ടിവരും. സഖാവ് പുഷ്പനൾപ്പെടെയുള്ളവർ....

<u>മി. സ്പീക്കർ</u>: യെസ്... പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ തകർക്കാൻ ഏത് തെറ്റായ പ്രചരണവും നടത്തി, ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും അതിന് നേതൃത്വം കൊടുക്കുന്ന സഖാവ് പിണറായി വിജയനെയും തകർക്കുകയെന്ന ശ്രമത്തിന്റെ ഭാഗമായി, ആ ദുഷ്ടലാക്കിന്റെ ഭാഗമായി ഉയർന്നുവന്ന ചില വാദങ്ങൾ മാത്രമാണ് ഡോ. മാത്യൂ

കുഴൽനാടനിലൂടെ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. മറ്റ് വിശദാംശങ്ങളിലേക്ക് കടക്കാതെ ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഡോ. മാത്യു കുഴൽനാടൻ, രക്തസാക്ഷികളെ മോശമായി ചിത്രീകരിച്ചുവെന്നാണ് ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ പറഞ്ഞത്. ഒരിക്കലും രക്തസാക്ഷികളെ മോശമായി ചിത്രീകരിച്ചിട്ടില്ല. അത് വാസ്തവവിരുദ്ധമാണ്. രക്തസാക്ഷികളെക്കുറിച്ച് അദ്ദേഹം നല്ല അഭിപ്രായമാണ് പറഞ്ഞത്. പക്ഷെ അവിടെ ഡിവൈ.എഫ്.ഐ.-യും എസ്.എഫ്.ഐ.-യും എടുത്ത നിലപാടിൽനിന്ന് മാറി, അക്കാര്യം ചൂണ്ടിക്കാണിച്ചു. പുഷ്പനെക്കുറിച്ച് ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതിനുശേഷമാണ് ഇവരെല്ലാം ഓർത്തത്. പുഷ്പനെ ഓർമ്മപ്പെടുത്തിയത് ഞങ്ങളാണ്. അതിനുമുമ്പ് ആരും അദ്ദേഹത്തെക്കുറിച്ച് ഇവിടെ സംസാരിച്ചില്ല. (...ബഹളം....) ആ വസ്തുത മനസ്സിലാക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം മാത്രമാണ് ഞാൻ

ഇവിടെ അവതരിപ്പിച്ചത്. ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തിരിച്ച് വന്നതിനുശേഷമാണ് അതിന്റെ ഉള്ളടക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നത്. ഈ രണ്ട് ബില്ലുകളിലും ഉള്ളത് നേരത്തെ സൂചിപ്പിച്ചതുപോലെ, വലിയ ഭേദഗതികൾ അല്ലെങ്കിലും നിലവിലുള്ള ചില സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുറെക്കൂടി മെച്ചപ്പെട്ട അന്തരീക്ഷം വ്യവസായ മേഖലയിൽ രൂപപ്പെടുത്തുന്നതിനും വേണ്ടിയാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ ശ്രീ. എൻ. ഷംസുദ്ദീൻ ബില്ലിനകത്ത് ഒതുങ്ങിനിന്ന് വളരെ മാതൃകാപരമായ ചർച്ചയാണ് നടത്തിയത്. ബില്ലിലെ ഒരു പ്രധാനപ്പെട്ട മാറ്റം നേരത്തെ പറഞ്ഞതുപോലെ "കൈപ്പറ്റ് സാക്ഷ്യപത്രം" എന്നുള്ളതിന് “ acknowledgement certificate” എന്നാണ് കൊടുത്തിരുന്നത്. ചില അവസരങ്ങളിൽ ബാങ്കിൽ ചെല്ലുമ്പോൾ അതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ സംഭവിക്കാറുണ്ട്. അതോടൊപ്പം ചില ഡിപ്പാർട്ടുമെന്റുകളിലും സാങ്കേതികമായ പ്രശ്നങ്ങൾ വരുന്നുണ്ട്. അതുകൊണ്ടാണ് "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന മാറ്റം വരുത്തിയിട്ടുള്ളത്. മൂന്ന് വർഷം പ്രവർത്തിക്കാൻ അന്ന് ഉണ്ടായിരുന്ന സ്ഥാപനങ്ങൾക്ക് ഈ സംവിധാനം വഴി ലൈസൻസ്

എടുക്കാൻ കുറച്ചുകൂടി സഹായകരമാണ്. നിലവിലുള്ള നിയമം അനുസരിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ, മൂന്നുവർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ സ്വായത്തമാക്കിയാൽ മതി. ആദ്യത്തെ മൂന്നുവർഷം വീണ്ടുമൊരു ലൈസൻസിന് അപേക്ഷിക്കാൻ കഴിയില്ല. മൂന്ന് വർഷം കഴിഞ്ഞതിനുശേഷമേ ഒറിജിനൽ ലൈസൻസിന് വേണ്ടി അപേക്ഷ കൊടുക്കാൻ കഴിയൂ. അതുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളും പിന്നീട് ഉയർന്നുവരാൻ ഇടയാക്കുന്നുണ്ട്. അതുകൊണ്ട് മൂന്നുവർഷം കഴിഞ്ഞ് ആറുമാസം വരെയുള്ള കാലാവധി ഒന്നിച്ചാക്കി മൂന്നര വർഷം എന്നാക്കുകയും എന്നാൽ പ്രവർത്തനം തുടങ്ങി മൂന്നര വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും ലൈസൻസിന് അപേക്ഷിക്കുകയും ചെയ്യാം. നേരത്തെ മൂന്നുവർഷം കഴിഞ്ഞതിനുശേഷം മാത്രമേ ലൈസൻസിന് അപേക്ഷിക്കാൻ കഴിയുമായിരുന്നുള്ളൂ. അത് കഴിഞ്ഞതിന് ശേഷമായിരിക്കും ചില പ്രശ്നങ്ങൾ വരുന്നത്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സൗകര്യമാണ് ബില്ലിലെ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ളത്. ഇത് കഴിഞ്ഞുചെല്ലുമ്പോൾ ചില പ്രശ്നങ്ങൾ വരില്ലേ എന്ന് ഇവിടെ ഉന്നയിച്ച കാര്യം ശരിയാണ്. അതിന്

സംരംഭം ആരംഭിക്കുന്നത് നിയമാനുസൃതമായിരിക്കണം എന്ന കാര്യം സംരംഭകൻ തന്നെ ഉറപ്പുവരുത്തണം. തദ്ദേശസ്വയംഭരണ വകുപ്പ് 'കെ-സ്മാർട്ട്' സംവിധാനം ആരംഭിച്ചിട്ടുണ്ട്. 'കെ-സ്മാർട്ട്' സംവിധാനത്തിലൂടെ ആ മേഖലയ്ക്കകത്ത് നല്ല മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അതിലൂടെ ലൈസൻസ് എടുക്കാം, അതിന് ആവശ്യമായ രേഖകൾ ലഭിക്കും. മൂന്നര വർഷത്തിനുള്ളിൽ തന്നെ കെ-സ്മാർട്ട് വഴി ലൈസൻസ് എടുക്കാൻ കഴിയും. പക്ഷെ ഭൂമി അതിന് അനുയോജ്യമായതായിരിക്കണം. അല്ലെങ്കിൽ അവിടത്തെ ചട്ടങ്ങൾക്കനുസരിച്ചായിരിക്കണം ബിൽഡിംഗ് നിർമ്മിച്ചിട്ടുള്ളത് എന്നുള്ള കാര്യങ്ങളെല്ലാം സംരംഭകൻ തന്നെ ഉറപ്പുവരുത്തണം. നിയമം ലംഘിക്കുന്നവർക്കുള്ള എളുപ്പവഴിയല്ലത്. നിയമപരമായി വ്യവസായം നടത്തുന്നവർക്ക് സമയനഷ്ടമില്ലാതെ സംരംഭം ആരംഭിക്കാനുള്ളതാണ് ഈ സംവിധാനം. അത് നല്ല മാറ്റം ഉണ്ടാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്.

രണ്ടാമത്തെ കാര്യം, നമ്മൾ ഇവിടെ 30 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അതിലൂടെ ഒരു വർഷത്തിനുള്ളിൽ നല്ല മാറ്റം ആ മേഖലയ്ക്കകത്തുണ്ടായി. ഡോ. മാത്യു

കുഴൽനാടനൊക്കെ ചോദിക്കുന്നത് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ട് ആരാണ് സംരംഭങ്ങൾ ആരംഭിക്കാൻ ഇങ്ങോട്ട് വരുന്നതെന്നാണ്. ഒരു വർഷത്തിനുള്ളിൽ മുപ്പത് സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് അംഗീകാരം നൽകിയത്. അദ്ദേഹം കാര്യങ്ങൾ വേണ്ടത്ര പഠിക്കാതെ പറയുന്നതിന്റെ ചില പ്രശ്നങ്ങൾ ഇത്തരം വിഷയങ്ങളിൽ വരുന്നുണ്ട്. വലിയ വ്യവസായങ്ങളാണ് സമ്പദ്ഘടനയെ ചലിപ്പിക്കുന്നതെന്ന് പറയുന്നത് തെറ്റല്ലേ; ഗൂഗിളിൽ സെർച്ച് ചെയ്ത് നോക്കിയാൽ അറിയാം, ഇന്ത്യൻ ജി.ഡി.പി.(Gross Domestic Product)-ൽ ഏറ്റവും കൂടുതൽ സംഭാവന (32 ശതമാനം) ചെയ്യുന്നത് എം.എസ്.എം.ഇ. (Micro, Small & Medium Enterprises)-കളാണ്. വൻകിട വ്യവസായങ്ങളെക്കാളും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ചെറിയ സംരംഭങ്ങളാണ്. ലോകത്തെ പ്രധാനപ്പെട്ട വികസിത സമ്പദ്ഘടനകൾ പരിശോധിച്ച് നോക്കിയാൽ അക്കാര്യം മനസ്സിലാകും. കേരളത്തെ സംബന്ധിച്ചാണെങ്കിൽ, ഭൂമിയുടെ ലഭ്യതക്കുറവ്, ഭൂമിയുടെ വില കൂടുതൽ, ഇക്കോളജിക്കലി സെൻസിറ്റീവ് തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കുമ്പോൾ കേരളത്തിന് ഏറ്റവും അനുയോജ്യമായ മേഖലകളിലൊന്ന്

എം.എസ്.എം.ഇ.-കളാണ്. അതുകൊണ്ടാണ് നമ്മൾ 'ഒരു ലക്ഷം സംരംഭം' എന്ന ലക്ഷ്യത്തിനുവേണ്ടി സംരംഭക വർഷം സംഘടിപ്പിച്ചത്. അതിന്റെ ഭാഗമായി രണ്ട് വർഷവും ആറ് മാസവും കൊണ്ട് മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ നമുക്ക് കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞു. 20000 കോടി രൂപയുടെ നിക്ഷേപം ആ മേഖലയിൽ വന്നു. അതിന്റെ ഭാഗമായി ഏകദേശം ആറേമുക്കാൽ ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. എം.എസ്.എം.ഇ.-കൾ ഉൾപ്പെടെ ഇതിന്റെ ഭാഗമായി വരുന്നതാണ്. സ്വകാര്യ വ്യവസായ പാർക്കുകൾ വരുമ്പോൾ നിലവിലുള്ള നിയമത്തിൽ അതിന് വരുന്ന ബോർഡിൽ അവർക്കൊരു പ്രാതിനിധ്യമില്ല. സ്വകാര്യ വ്യവസായ പാർക്ക് എന്ന കാഴ്ചപ്പാട് നേരത്തെ ഇല്ലാതിരുന്നതുകൊണ്ട് വ്യവസായങ്ങൾ കൊടുക്കുമ്പോൾ പെർമനെന്റ് ഇൻവൈറ്റിയായിട്ടുപോലും നിലവിലുള്ള ബോർഡുകളിൽ അവർക്കൊരു ഇടമില്ല. അതുകൊണ്ടാണ് പെർമനെന്റ് ഇൻവൈറ്റിയായി സ്വകാര്യ വ്യവസായ പാർക്കിന്റെ സി.ഇ.ഒ.(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ)-യെ കൂടി ഉൾപ്പെടുത്തണമെന്ന ഒരു വ്യവസ്ഥ ബില്ലിൽ കൊണ്ടുവന്നത്. ഇതാണ് പൊതുവെ ബില്ലിനകത്ത് വന്ന ഭേദഗതികൾ.

നേരത്തെ ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീൻ, ചർച്ചയിൽ നന്നായി പങ്കെടുത്തുവെന്ന് ഞാൻ സൂചിപ്പിച്ചിരുന്നവേളയിൽ അങ്ങ് സീറ്റിൽ ഉണ്ടായിരുന്നില്ല. ഒരു ധവളപത്രം വേണമെന്ന് അങ്ങ് പറഞ്ഞതിന് യഥാർഥത്തിൽ പ്രസക്തിയില്ല. കാരണം നമുക്ക് ഇവിടെ ധവളപത്രം ആവശ്യമില്ല. കേരളത്തിൽ വരുത്തിയ മാറ്റങ്ങളുടെ ശരിയായ സാക്ഷ്യപത്രമാണ് Ease of doing business-ൽ Business Reforms Action Plan-ൽ ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമായി കേരളം മാറിയത്. അത് ഇതിന്റെ ഭാഗമായിട്ടാണ്. കോംപ്രിഹെൻസീവായ മാറ്റങ്ങൾ വേണമെന്ന് ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിക്കുകയുണ്ടായി. എന്തെല്ലാം മാറ്റങ്ങൾ വന്നുവെന്ന് മനസ്സിലാക്കാനുള്ള ചെറിയ ശ്രമമെങ്കിലും നടത്തേണ്ടേതില്ലേ? 50 കോടി രൂപ വരെയുള്ള നിക്ഷേപമാണെങ്കിൽ അക്നോളജ്മെന്റ് സർട്ടിഫിക്കറ്റ് എടുക്കാൻ ഒരുമിനിട്ട് മതി. അക്കാര്യം വിപ്രോയുടെ പ്രതിനിധി പരസ്യമായി സാക്ഷ്യപ്പെടുത്തുകയുണ്ടായി. ഞാൻ എന്റെ സിസ്റ്റത്തിൽനിന്നും അപേക്ഷ സബ്മിറ്റ് ചെയ്ത്, കോഫി കുടിക്കാൻ എഴുന്നേൽക്കുന്ന നിമിഷനേരം കൊണ്ട് കൺസൾട്ടന്റിന് ലൈസൻസ് ലഭിച്ചുവെന്ന് അറിയിപ്പുണ്ടായി. ഇത്രയും

വേഗത്തിൽ ലഭിച്ചതിനാൽ സർട്ടിഫിക്കറ്റ് ഒറിജിനലാണോ ഡ്യൂപ്ലിക്കേറ്റാണോയെന്ന് അത്ഭുതപ്പെട്ട് അദ്ദേഹം കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയിലേക്ക് വിളിച്ചു ചോദിച്ചു. ഭാരത് ബയോടെക്ക് കമ്പനിയുടെ കോ-വാക്സിൻ നിർമ്മാതാവായ പത്മഭൂഷൺ നേടിയ Dr. Krishna Ella, 'കേരളം എന്നെ അത്ഭുതപ്പെടുത്തി' എന്ന് അദ്ദേഹം ഞാനും ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ പറയുകയാണ്. 'നിങ്ങൾ ഇവിടെയെന്തെങ്കിലും നിക്ഷേപം നടത്തണമെന്ന്' ഞാൻ മന്ത്രിയോടൊപ്പം പങ്കെടുത്ത പരിപാടിയിൽ അദ്ദേഹം എന്നോട് പറഞ്ഞു. ഞാൻ നോക്കാമെന്ന് മറുപടി പറഞ്ഞു. എന്നാൽ ഒരു മന്ത്രി ആവശ്യപ്പെട്ടതല്ലേ എന്ന് വിചാരിച്ച് ചെന്നൈയിൽ ആരംഭിക്കാൻ ഉദ്ദേശിച്ച പദ്ധതി കേരളത്തിലേക്ക് കൊണ്ടുവരാൻ തീരുമാനിച്ചു. ഹൈദരാബാദിൽ ചെന്നപ്പോൾ തന്റെ എല്ലാ സുഹൃത്തുക്കളും കേരളത്തിൽ പോകുന്നത് അപകടമാണെന്ന് അഭിപ്രായപ്പെട്ടെങ്കിലും താൻ അവിടെ അപേക്ഷ കൊടുക്കുകയും ഏഴാമത്തെ ദിവസം തനിക്ക് സ്ഥലം ലഭിക്കുകയും ഒൻപതാമത്തെ ദിവസം അതിന്റെ ബാക്കി എല്ലാ കാര്യങ്ങളും

ശരിയായിയെന്നും Dr. Krishna Ella (പത്മഭൂഷൺ നേടിയ, കോ-വാക്സിൻ നിർമ്മാതാവായ ഭാരത് ബയോടെക്ക് കമ്പനിയുടെ ചെയർമാൻ) വെളിപ്പെടുത്തുകയാണ് ചെയ്തത്. എന്നിട്ടും അദ്ദേഹത്തിന് മാത്രം മനസ്സിലാകുന്നില്ല ഇവിടെ എന്ത് മാറ്റമാണ് ഉണ്ടായതെന്ന്. 50 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപമാണോ, നമ്മൾ ഇവിടെ ചർച്ച ചെയ്ത് പാസ്സാക്കിയതാണ്. നമ്മൾ ഒരുമിച്ചുനിന്ന് ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമാണ്. ഒരു ബ്യൂറോ ഉണ്ടാക്കി, കോംപോസിറ്റ് ലൈസൻസ് - എല്ലാ വകുപ്പുകളുടെയും ലൈസൻസ് ചേരുന്ന ഒറ്റ ലൈസൻസ്. എല്ലാ രേഖകളോടും കൂടി അപേക്ഷ സമർപ്പിച്ചുകഴിഞ്ഞാൽ ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകണമെന്ന വ്യവസ്ഥ നമ്മൾ പാസ്സാക്കി. അതിന്റെ ഭാഗമായി കേരളത്തിൽ വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എല്ലാ രേഖയും ഓൺലൈനിൽ സമർപ്പിച്ചാൽ ഏഴാമത്തെ ദിവസം ലൈസൻസ് ഡൗൺലോഡ് ചെയ്ത് എടുക്കാൻ സാധിക്കും. ഞാനും നിങ്ങളും അടങ്ങുന്ന ഈ നിയമസഭ ഒരേ മനസ്സോടുകൂടി പാസ്സാക്കിയ നിയമമാണിത്. എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഓൺലൈനിലൂടെ സബ്മിറ്റ് ചെയ്യാം. അതിന്മേൽ 30 ദിവസത്തിനുള്ളിൽ

തീരുമാനമെടുക്കണം. ഏത് വകുപ്പിന്റെയുമാകട്ടെ, എടുത്ത തീരുമാനം ഉദ്യോഗസ്ഥൻ ഇംപ്ലിമെന്റ് ചെയ്തില്ലെങ്കിൽ പതിനായിരം രൂപ വരെ ഈ കമ്മിറ്റിക്ക് ഫൈൻ ഈടാക്കാം. ഡിപ്പാർട്ടുമെന്റിന് ഡിസിപ്ലിനറി ആക്ഷന് ശിപാർശ ചെയ്യാം. പതിനഞ്ചാം നിയമസഭയിൽ നമ്മൾ ഒന്നിച്ച് പാസ്സാക്കിയ നിയമമാണ്.

ഇൻസ്പെക്ഷൻ സംവിധാനത്തിൽ അപാകതകളും പ്രശ്നങ്ങളുമുണ്ടായിരുന്നു. കംപ്ലീറ്റ് സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ കൊണ്ടുവന്നു. ഏത് ഉദ്യോഗസ്ഥൻ എവിടെ പോകണമെന്നും എപ്പോൾ പോകണമെന്നും തീരുമാനിക്കുന്നത് സോഫ്റ്റ്വെയറാണ്. ചിലർ പരാതി കൊടുത്തുകൊണ്ടേയിരിക്കും. പരാതി കൊടുക്കുമ്പോൾ ഇൻസ്പെക്ഷന് പോകണമോയെന്ന് ചോദിക്കുമ്പോൾ, ആറ് മാസം മുമ്പ് പോയതാണ് അതിന്റെ റിപ്പോർട്ടുണ്ട്, വീണ്ടും പോകണമെന്നില്ലെന്ന് സിസ്റ്റം പറയും. പരിശോധന കഴിഞ്ഞാൽ 48 മണിക്കൂറിനുള്ളിൽ ഇൻസ്പെക്ഷന്റെ റിപ്പോർട്ട് അപ്‌ലോഡ് ചെയ്യണം. അത് സംരംഭകന് നൽകണം. നമ്മൾ ഒന്നിച്ച് ഉണ്ടാക്കിയ നിയമങ്ങളും

ചട്ടങ്ങളുമാണ്. ഇതൊക്കെയാണ് വ്യവസായ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ.

ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിച്ചു. എൺപത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾതന്നെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് നൽകി കഴിഞ്ഞു. ഇരുപ്പത്തിയഞ്ച് എണ്ണം മാത്രമെ നമ്മൾ ടാർജറ്റ് ചെയ്യുന്നുള്ളൂ. കേരളത്തിൽനിന്ന് കുട്ടികൾ വിദേശത്തേയ്ക്ക് പോകുന്നു. മൊബിലിറ്റി റിപ്പോർട്ട് വായിച്ച് നോക്കു, ഹരിയാനയിൽനിന്നും പഞ്ചാബിൽനിന്നും എത്ര കുട്ടികൾ വിദേശത്തേക്ക് പോകുന്നു? ശ്രീ. അൻവർ സാദത്തിന്റെ മകൾ പഠിക്കുന്ന സ്ഥാപനമുൾപ്പെടെ നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡൽഹിയിലുണ്ട്. ഡൽഹിയിലേക്ക് പോകാതെ ഹരിയാനയിൽനിന്നും പഞ്ചാബിൽനിന്നുമുള്ള കുട്ടികൾ വിദേശത്തേക്കാണ് പോകുന്നത്. ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽനിന്നും കുട്ടികൾ വിദേശത്തേക്ക് പോകുന്നുണ്ടെന്ന വസ്തുത മൊബിലിറ്റി റിപ്പോർട്ട് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇതെങ്ങനെ തടയാൻ കഴിയും? അതിന് കഴിയുന്ന തരത്തിലുള്ള

സംവിധാനങ്ങൾ, കോഴ്സുകൾ എന്നിവ ഇവിടെ നടപ്പാക്കണം. അതിന്റെ ഭാഗമായി ഇവിടെ നാല് വർഷത്തെ ബിരുദ കോഴ്സും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കും കൊണ്ടുവന്നു. നമ്മുടെ കുട്ടികൾ വിദേശത്തേക്ക് പോകുമ്പോൾ ആദ്യം നോക്കുന്നത് അവിടേക്ക് പോയാൽ പാർട്ട് ടൈമായി പഠിക്കാൻ സാധിക്കുമോയെന്നുള്ളതാണ്. ശ്രീ. അൻവർ സാദത്തിന്റെ മകൾ ഉൾപ്പെടെ നല്ല മെറിറ്റുള്ള കേരളത്തിലെ കുട്ടികൾ നേരത്തെ ഡൽഹിയിലെ ഏറ്റവും നല്ല കോളേജുകളിലേക്കാണ് പൊയ്ക്കൊണ്ടിരുന്നത്. ഇപ്പോൾ ആ പ്രവണത കുറഞ്ഞിട്ടുണ്ട്. നേരത്തെയുള്ള നമ്മുടെ മാർക്ക് അനുസരിച്ച് അതിൽ കൂടുതലും മലയാളി കുട്ടികളായിരുന്നു. വിദേശത്തേയ്ക്ക് പോകുമ്പോൾ കുട്ടികൾ ആദ്യം നോക്കുന്നത് പാർടൈം ജോബാണ്. ഇപ്പോൾ നമ്മൾ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടിക്ക് ക്യാമ്പസിനോടുചേർന്നുള്ള ഐ.ടി. പാർക്കിൽ ജോലി ചെയ്യാം. ശമ്പളവും ലഭിക്കും മണിക്കൂറിനനുസരിച്ച് അവിടെനിന്നും ഗ്രെയിസ് മാർക്കും ലഭിക്കും. പോളിമർ ടെക്നോളജി പഠിക്കുന്നവർക്ക് റബ്ബർ കമ്പനികളിൽ ജോലി ലഭിക്കും. ശമ്പളവും മണിക്കൂറിനനുസരിച്ചുള്ള ക്രെഡിറ്റോ

ഗ്രെയ്സ് മാർക്കോ ലഭിക്കുകയും ചെയ്യും. ഇതെല്ലാം മാറ്റമല്ലേ? സഹകരണ മേഖലയിൽ കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കാനാകും. പി.എസ്.യു.-വിന്റെ പ്രതിസന്ധി പരിഹരിക്കാൻ അവരുമായി ചർച്ച ചെയ്തു. പി.എസ്.യു.-വിന് അതിനോട് ചേർന്ന് ഉപയോഗിക്കാത്ത ഭൂമിയുണ്ടെങ്കിൽ അവർക്കുതന്നെ അവിടെ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങാം. അതുമായി ബന്ധപ്പെട്ട ബാക്ക്‌വേഡ് അല്ലെങ്കിൽ അപ്‌വേഡ് എക്സ്റ്റൻഷനുവേണ്ടിയുള്ള പ്രോഡക്ടുകൾ, അസംസ്കൃത വസ്തുക്കൾ ആ കമ്പനിക്കുവേണ്ടി വരുന്നത് അവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിന് ആ യൂണിറ്റുകൾക്ക് നൽകാം. അതിനുവേണ്ടി പുതിയ പോളിസി നടപ്പാക്കി.

പഞ്ചായത്തുകളുടെ പാർക്കിന്റെ കാര്യത്തിൽ ഇപ്പോൾ ധാരണയായി. ഞങ്ങൾ അവർക്ക് പഞ്ചായത്തിന്റെ/ബ്ലോക്ക് പഞ്ചായത്തിന്റെ ഉപയോഗിക്കാതെ കിടക്കുന്ന കുറെ സ്ഥലം പാർക്ക് ആക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതിന്റെ വികസനത്തിനായി വ്യവസായ വകുപ്പ് പണം നൽകുന്നുണ്ട്. ഓണർഷിപ്പ് അവർക്കുതന്നെയാണ് അവർ അലോട്ടുചെയ്തുകൊള്ളട്ടെ. ഇത്തരം മാറ്റങ്ങൾ നമ്മുടെ നാട്ടിൽ

നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. എൻ. ഷംസുദ്ദീൻ പോസിറ്റീവായാണ് സംസാരിച്ചത്. ഡോ. മാത്യു കുഴൽനാടൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്.

നമ്മുടെ ഭൂമി നിയന്ത്രണങ്ങൾ ഒരു പ്രശ്നമാണ്. എന്നാൽ ഇളവുകൾ നൽകുന്നതിനുള്ള സങ്കീർണതകൾ ഒഴിവാക്കാൻ നിയമം മാറ്റണം. നിലവിലുള്ള പ്രതിസന്ധി എങ്ങനെ തരണം ചെയ്യാമെന്നതിനെക്കുറിച്ച് ആലോചിച്ചു. പതിനഞ്ച് ഏക്കറിൽ കൂടുതലുള്ള ഭൂമിക്ക് എക്സംപ്ഷൻ ലഭിക്കണമെങ്കിൽ ബന്ധപ്പെട്ട ഫയൽ താഴെത്തട്ടിൽനിന്നും മുകളിലേയ്ക്ക് എത്തണമെങ്കിൽ രണ്ടുരണ്ടര വർഷമെടുക്കും, മിക്കവാറും അത് റിജക്റ്റ് ചെയ്തുപോകുകയും ചെയ്യും. പബ്ലിക് ഇന്ററസ്റ്റാണെങ്കിൽ വേണമെങ്കിൽ ക്യാബിനറ്റ് വരെ കൊണ്ടുപോകാം. ഈ പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ മന്ത്രിതല കമ്മിറ്റി തീരുമാനിച്ചു. അതുമായി ബന്ധപ്പെട്ട് ആദ്യം പരിഗണനയിൽവന്ന ഫയൽ ആരോഗ്യ വകുപ്പുമന്ത്രിയുടേതാണ്. ഒരു ആശുപത്രി വികസിപ്പിക്കുന്നതിന് 15 ഏക്കറിൽ കൂടുതൽ സ്ഥലം വേണം. അതുമായി ബന്ധപ്പെട്ട ഫയലിന്മേൽ ആരോഗ്യ വകുപ്പുമന്ത്രി, റവന്യൂ

വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കണം. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഫയലാണെങ്കിൽ വ്യവസായ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കണം. ഡോ. മാത്യു കുഴൽനാടൻ, അങ്ങ് അതാണ് ഉയർത്തിപ്പിടിച്ചത്. മുഖ്യമന്ത്രിയുടെ മകൾക്കുവേണ്ടി, ഒരു സ്വകാര്യ കമ്പനിക്കുവേണ്ടി ചെയ്യുന്നുവെന്ന് അങ്ങ് ഉയർത്തിപ്പിടിച്ച രേഖയില്ലേ, ആ രേഖ അങ്ങ് പറഞ്ഞ ഈ ആവശ്യത്തിനായി ഞങ്ങൾ പുറത്തിറക്കിയ രേഖയാണ്. ഇതാണ് രേഖ, അതാണ് അദ്ദേഹം ഉയർത്തിപ്പിടിച്ചത്. രാജഗിരി ആശുപത്രിയുടെയോ മറ്റോ വികസനവുമായി ബന്ധപ്പെട്ട കാര്യമായിരുന്നു അതിൽ ആദ്യത്തേത്. വ്യവസായ ശാലകളുമായി ബന്ധപ്പെട്ട വിഷയമാകുമ്പോൾ ഞാനും റവന്യൂ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരുമിരുന്ന് അതിന്റെ ആവശ്യം, പബ്ലിക് ഇന്ററസ്റ്റാണോ, എത്രത്തോളം തൊഴിൽ സാധ്യതകളുണ്ടാകും എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിശോധിക്കും. അതിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നത്. പ്ലാന്റേഷനുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞത് നല്ല

നിർദേശമാണ്. നമുക്ക് പല തരത്തിലുള്ള ട്രോപ്പിക്കൽ ഫ്രൂട്ട്സുണ്ട്. നിലവിലെ നിയമത്തിൽത്തന്നെ ഭേദഗതി വന്നു, ആ ഭേദഗതി എന്താണ്? ഹോൾട്ടികൾച്ചർ, മെഡിസിനൽ പ്ലാന്റ്സ്, വാനില, കണകൂഡ് ആൻഡ് അലൈഡ് ആക്ടിവിറ്റീസ്, ടൂറിസം എന്നിവയ്ക്കുവേണ്ടി 5 ശതമാനം ഭൂമി ഉപയോഗിക്കാം. ഈ സഭയിലല്ല, ഇതിനുമുമ്പ് Land Reforms Act-ൽ ഭേദഗതി വരുത്തി. ഭേദഗതി വരുത്തിയതനുസരിച്ച് അഞ്ചുശതമാനം ഭൂമി ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. എന്നാൽ ഞങ്ങൾ പരിശോധിച്ചപ്പോൾ അഞ്ച് ശതമാനം പൂർണ്ണമായും ഇതിനായി വിനിയോഗിക്കപ്പെടുന്നില്ല. അതിന് എന്താണ് പരിഹാരമെന്ന് ആലോചിച്ചു. അത് വിശദമായി പഠിക്കാൻ കാലിക്കറ്റ് ഐ.ഐ.എം.(Indian Institute of Management)-നെ ചുമതലപ്പെടുത്തി. കാലിക്കറ്റ് ഐ.ഐ.എം. ഇപ്പോൾ അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. മാധ്യമങ്ങൾ വായിക്കുന്നവർക്ക് അക്കാര്യം അറിയാൻ സാധിക്കും. ആ റിപ്പോർട്ടിലെ ശിപാർശകളിൽ ഒന്ന് ഡൈവേഴ്സിഫിക്കേഷനാണ്. മുമ്പ് എല്ലാ ഫർണിച്ചറും ഇവിടെതന്നെയാണ് നിർമ്മിച്ചിരുന്നത്. ഇപ്പോൾ തടിയുടെ ലഭ്യതക്കുറവ് കാരണം ഫർണിച്ചറുകൾ

പുറത്തുനിന്നുമാണ് വരുന്നത്. ട്രോപ്പിക്കൽ ഫ്രൂട്ട്സും ഫർണിച്ചറുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന മരങ്ങളും നട്ടുവളർത്താമെങ്കിലും ഇവയുടെ ലൈഫ് പത്തുവർഷത്തിൽ കൂടുതലായിരിക്കണം, കൂടാതെ പ്ലാന്റേഷൻ സ്വഭാവത്തിൽ നട്ടുവളർത്തുന്നതുമായിരിക്കണം. പ്ലാന്റേഷൻ സ്വഭാവം മാറ്റാൻ കഴിയില്ലെന്ന് ഈ ശിപാർശയിൽ പ്രത്യേകമായി പരാമർശിക്കുന്നുണ്ട്. റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. ആ റിപ്പോർട്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇക്കാര്യം ഇവിടെയുള്ള യൂണിയനുകളുമായും പ്ലാന്റേഴ്സുമായും രാഷ്ട്രീയ പാർട്ടികളുമായും ചർച്ച ചെയ്യണം. എല്ലാവരുമായി ചർച്ച ചെയ്ത് റിപ്പോർട്ടിനനുസരിച്ച് സമവായത്തോടെ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞാൽ നമ്മുടെ സമ്പദ്ഘടനയിൽ നല്ല മാറ്റമുണ്ടാക്കാൻ കഴിയുമെന്നുതന്നെയാണ് ഞങ്ങൾ കരുതുന്നത്. ഇതുമായി ബന്ധപ്പെട്ട പഠനം ഞങ്ങൾ നടത്തിക്കഴിഞ്ഞു. അതിന്റെ ഭാഗമായി കാര്യങ്ങൾ കൊണ്ടുവന്നു.

ഇന്റർനെറ്റ് കണക്ടിവിറ്റിയെക്കുറിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചിരുന്നു, അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. ഇന്ത്യയിൽ കേരളത്തിലാണ് നല്ല രീതിയിലുള്ള അഫോഡബിൾ ഇന്റർനെറ്റ് ആക്സസ്

ഉള്ളത്. കേരളത്തിലെ 100 പേരെയെടുത്താൽ അതിൽ 86 പേർക്ക് ഇന്റർനെറ്റ് കണക്ടിവിറ്റിയുണ്ട്. മൊബൈൽ ഫോൺ, സ്മാർട്ട് ഫോൺ പെനിട്രേഷനിൽ ഇന്ത്യയിൽ ഡൽഹി കഴിഞ്ഞാൽ കേരളമാണ് നമ്പർവൺ. നല്ലരീതിയിൽ കണക്ടിവിറ്റിയുണ്ടെന്ന കാര്യം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. Fully e-governed ഫസ്റ്റ് സ്റ്റേറ്റ് കേരളമാണ്. കേരളമാണ് ഫസ്റ്റ് ഫുള്ളി ഡിജിറ്റലൈസ് ബാങ്കിംഗ് സ്റ്റേറ്റ്. അത്തരം കാര്യങ്ങൾ നല്ല രീതിയിലുണ്ട്. അത് കുറെക്കൂടി മെച്ചപ്പെടുത്തുന്നതിനാണ് 'കെ-ഫോൺ' പദ്ധതിലൂടെ ശ്രമിക്കുന്നത്. കുറെക്കൂടി വേഗത്തിലാക്കുന്നതിന് അങ്ങ് പറഞ്ഞ നിർദേശമുൾപ്പെടെ പരിശോധിക്കാം. അങ്ങ് പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. അതുതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാടും. ഗ്രാമങ്ങളിലേയ്ക്കുകൂടി ഇത്തരം സംരംഭങ്ങൾ നടപ്പാക്കേണ്ടതുണ്ട്. കേരളം മൊത്തമായി പരിശോധിക്കുമ്പോൾ അത് സിറ്റിയാണ്. നഗരം/വില്ലേജ് എന്നിവ ഡീമാർക്ക് ചെയ്യാൻ വളരെ പ്രയാസമാണ്. നമ്മൾ മറ്റ് സ്റ്റേറ്റുകളിലെ ഹൈവേയിലൂടെ സഞ്ചരിക്കുകയാണെങ്കിൽ ധാരാളം സ്ഥലം ശൂന്യമായിക്കിടക്കുന്നത് കാണാൻ സാധിക്കും. ഇവിടെ അങ്ങനെ ഒരു സ്ഥലവും കാണാൻ കഴിയില്ല. നഗര-ഗ്രാമ

വ്യത്യാസം വളരെ കുറവാണ്. ഏറ്റവും കൂടുതൽ അർബനൈസിഡായിട്ടുള്ള ഒരു സ്റ്റേറ്റാണ് കേരളം. നമുക്ക് നഗര-ഗ്രാമ വ്യത്യാസമില്ല. Dr. Krishna Ella, അദ്ദേഹം നടത്തിയ പ്രസംഗത്തിൽ നമ്മുടെ കണക്ടിവിറ്റിയെക്കുറിച്ചും സൂചിപ്പിച്ചിരുന്നു. മുമ്പ് ഈ സൗകര്യങ്ങൾ ബംഗ്ലൂർ, ഹൈദ്രാബാദ്, ലഖ്നൗ തുടങ്ങിയ നഗരങ്ങളിലാണുണ്ടായിരുന്നത്. എന്നാൽ കേരളത്തിൽ നിങ്ങൾക്ക് നഗരഭേദമെന്യേ എവിടെ വേണമെങ്കിലും സംരംഭങ്ങൾ തുടങ്ങാനാകും. ഞാൻ എന്റെ ഒരു അനുഭവം പറയാം. എന്റെ മണ്ഡലത്തിൽ ആലങ്ങാട് എന്നൊരു പഞ്ചായത്തുണ്ട്. ഇന്ത്യയിൽ മുഴുവൻ തിരഞ്ഞതിനുശേഷം ഹോളോഗ്രാഫിക്കെല്ലാമുള്ള ഒരു പ്രധാനപ്പെട്ട ഇറ്റാലിയൻ കമ്പനി (ജാക്കിച്ചാന്റെ സിനിമയെല്ലാം ചെയ്യുന്ന) അവരുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കണ്ടെത്തിയത് ആലങ്ങാട് പഞ്ചായത്തിനെയാണ്. കേരളത്തിലെ പല സ്ഥലങ്ങളിലും പുതിയ കമ്പനികൾ വരുന്നുണ്ട്. കേരളത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വന്ന കമ്പനികളെക്കുറിച്ച് പരിശോധിക്കാം. IBM-നെക്കുറിച്ച് നമുക്ക് എല്ലാവർക്കും അറിയാം. 'Vensure' എന്ന അമേരിക്കൻ കമ്പനിയും 'Safran' എന്ന

ഫ്രാൻസിലെ കമ്പനിയും 'Caspian Technologies' എന്ന യു.എസ്. കമ്പനിയും കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഷിപ്പിംഗുമായി ബന്ധപ്പെട്ട 'Kongsberg' എന്ന നോർവീജിയൻ കമ്പനി കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 'Air Products' എന്ന യു.എസ്.എ. കമ്പനി കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 'dSPACE' എന്ന (ലോകത്തിലെ തന്നെ രണ്ടാമത്തെ largest simulation and validation solutions provider for automotive technology) കമ്പനി കേരളത്തിൽ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു ഓട്ടോമൊബൈൽ മാനുഫാക്ചറിംഗ് യൂണിറ്റ് ആരംഭിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല, അതിന് രണ്ടായിരം ഏക്കറോളം ഭൂമി വേണ്ടിവരും. വിഴിഞ്ഞം പദ്ധതി യാഥാർഥ്യമായതിനെത്തുടർന്ന് അത്തരം സാധ്യതകൾ പരിശോധിക്കുന്നുണ്ട്. BMW കേരളത്തിൽ വരാതിരുന്നതിന് കാരണം ഹർത്താൽ അല്ല എന്ന് അതിന്റെ ഉടമസ്ഥർ തന്നെ പറയുകയുണ്ടായി. കാരണം പോർട്ടിനോടുചേർന്ന് ആയിരം ഏക്കർ ഭൂമി വേണം. പക്ഷെ അത്രയും ഭൂമി നമ്മുടെ കൈവശമില്ല. ഇപ്പോഴുള്ളതെല്ലാം ടെക്നോളജി ബെയ്സ്ഡ് കാറുകളാണ്. ഓട്ടോമോട്ടീവ് ടെക്നോളജി പ്രധാനപ്പെട്ടതാണ്.

തിരുവനന്തപുരത്തുള്ള എഞ്ചിനീയറിംഗ് കോളേജിനെയാണ് Benz-ന്റെ റിസർച്ച് സെന്ററായി തിരഞ്ഞെടുത്തിട്ടുള്ളത്. ഓട്ടോമോട്ടീവ് ടെക്നോളജിയിൽ ലോകത്തിലെ പ്രധാനപ്പെട്ട കമ്പനിയാണ് 'dSPACE' അവർ ഇവിടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. 'GR8 Affinity' എന്ന യു.എസ്.എ. കമ്പനി തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിച്ചു. ജർമ്മൻ കമ്പനിയായ 'Adesso Group' കേരളത്തിൽ അവരുടെ ആക്ടിവിറ്റി ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നേരത്തെയുണ്ടായിരുന്ന ജപ്പാൻ കമ്പനിയായ 'Nitta Gelatin'-ന് ഇപ്പോൾ 245 കോടി രൂപയുടെ എക്സ്പാൻഷൻ വന്നു. ലോകത്തിലെ തന്നെ എറ്റവും വലിയ ബ്ലഡ് ബാഗ് മാനുഫാക്ചറിംഗ് കമ്പനിയായ 'Terumo Penpol Pvt Limited' കേരളത്തിലാണ്. നേരത്തെതന്നെയുണ്ടായിരുന്ന ഈ കമ്പനിയിൽ ഇപ്പോൾ അവർ വീണ്ടും ഇൻവെസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. 'Grant Thompson' എന്ന യു.എസ്.എ. കമ്പനിയും 'Nedspice' എന്ന നെതർലാൻഡ് കമ്പനിയും കേരളത്തിൽ അവരുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചില കമ്പനികളുടെ കാര്യത്തിൽ ടേക്ക് ഓവറുണ്ട്. 'Orkla എന്ന കമ്പനി 'Eastern' എന്ന സ്ഥാപനത്തെ ടേക്ക് ഓവർ ചെയ്തു. അതിലൂടെ കൂടുതൽ ഇൻവെസ്റ്റ്മെന്റ്

വരികയുണ്ടായി. അതുപോലെ 'Wipro' കമ്പനി 'Brahmins' എന്ന സ്ഥാപനത്തെ ടേക്ക് ഓവർ ചെയ്തു. തൊടുപുഴയിലെ സ്പേസ് പാർക്കിന്റെ മുഴുവൻ സ്ഥലവും പോയി. ബഹുമാനപ്പെട്ട മഞ്ചേശ്വരം അംഗം സീറ്റിലില്ല. അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ശ്മശാനം പോലെ കിടന്നിരുന്ന അനന്തപുരം പാർക്കിൽ ഒരു ദിവസം 13 കമ്പനികൾ ഉദ്ഘാടനം ചെയ്യുകയുണ്ടായി. അതിൽ ഒരു കമ്പനി ഗുജറാത്തിൽനിന്നും മറ്റൊന്ന് മഹാരാഷ്ട്രയിൽ നിന്നുള്ളതുമായിരുന്നു. ഗുജറാത്തിൽനിന്നുമുള്ള ആ കമ്പനി ഇപ്പോൾ 450 കോടി രൂപ പുതുതായി ഇൻവെസ്റ്റ് ചെയ്യുകയാണ്. അവരാണ് അനന്തപുരത്ത് വന്ദേഭാരതിന്റെ ഫ്ലോറിംഗ് ചെയ്യുന്നത്. ബഹുമാന്യനായ ടി. സിദ്ദിഖ് കേൾക്കുന്നുണ്ടാകും, വയനാട് നിന്നാണ് ആഴ്ചയിൽ മൂന്ന് കണ്ടെയ്നർ പൊറോട്ട...... അവിടെ ഇന്ത്യൻ മാർക്കറ്റില്ല. വയനാട് നമ്മുടെ വ്യവസായ ഭൂപടത്തിൽ ഉൾപ്പെടാത്ത സ്ഥലമാണ്. ഡെൻമാർക്കിലെ 'Oterra' കമ്പനിയും യു.കെ. കമ്പനിയായ 'AVM'-ഉം യു.എസ്. കമ്പനിയായ 'McCormick'-ഉം സിംഗപ്പൂർ കമ്പനിയായ 'Olam'-ഉം കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതെല്ലാം നമ്മൾ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയാണ്. ഞാൻ

കഴിഞ്ഞ തവണയും പറഞ്ഞു, ഞങ്ങളുടെ-നിങ്ങളുടെ എന്നല്ല, കേരളത്തിന്റെ നേട്ടം ലോകത്തിനുമുമ്പിൽ അവതരിപ്പിക്കണം. കേരളം വല്ലാതെ പുറകിലല്ല. കേരളമെന്നുപറയുന്നത് ചെറിയ സംസ്ഥാനമാണ്. നമ്മൾ ഇന്ത്യയിലെ ജി.ഡി.പി.-യിൽ നാല് ശതമാനം സംഭാവന ചെയ്യുന്നുണ്ട്. എന്നാൽ തമിഴ്നാട് വലിയ സംസ്ഥാനമാണ്. അവിടെ ധാരാളം വ്യവസായങ്ങളുണ്ട്. ഒൻപത് ശതമാനമാണ് അവർ ജി.ഡി.പി.-യിൽ കോൺട്രിബ്യൂട്ട് ചെയ്യുന്നത്. ഭൂമിയുടെ അനുപാതവും ജനസംഖ്യാനുപാതവും ജി.ഡി.പി. കോൺട്രിബ്യൂഷനും പരിശോധിച്ച് നോക്കൂ, അപ്പോൾ കാര്യങ്ങൾ മനസ്സിലാകും. കൊച്ചുകേരളം എന്ന് നമ്മൾ എല്ലാവരും പ്രസംഗിക്കുന്നതാണ്. കേരളം ഭൂമിയിൽ ചെറുതാണ്, ജനസംഖ്യയിൽ ചെറുതാണ്. പക്ഷെ മറ്റുപല കാര്യങ്ങളിലും കേരളം വലിയ കേരളമാണ്. വ്യവസായത്തിലും വലിയ കേരളമാകുന്നതിന്റെ വലിയ പടവാണ് നമ്മൾ പിന്നിട്ടുകൊണ്ടിരിക്കുന്നത്. വ്യവസായ പാർക്കുകളുടെ സ്ഥലം ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ചൂണ്ടിക്കാണിച്ചു. അങ്ങ് പറഞ്ഞത് ശരിയാണ്. നേരത്തെയുള്ള ലാൻഡ് അലോട്ട്മെന്റ് പോളിസിയനുസരിച്ച് ഒരാൾ മരിച്ചാൽ അദ്ദേഹത്തിന്റെ

ലാൻഡ് സ്വന്തം മകന് കൈമാറാൻതന്നെ വർഷങ്ങളെടുക്കുമായിരുന്നു. നേരത്തെ ഒരു ഫുഡ് പ്രോസസിങ് വ്യവസായത്തിൽനിന്ന് സീഫുഡ് പ്രോസസിങ്ങ് വ്യവസായത്തിലേക്ക് മാറാൻ വർഷങ്ങളെടുക്കുമായിരുന്നു. ഇപ്പോൾ അതെല്ലാം ലഘൂകരിച്ചു. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനത്തിന് പ്രതിസന്ധിഘട്ടം വന്നപ്പോൾ പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ 25000/- രൂപ അടച്ചാൽ ഓണർഷിപ്പ് മാറാം. പതിനായിരം രൂപ അടച്ചാൽ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായത്തിൽനിന്നും മാറാം. ഞങ്ങൾ അദാലത്ത് നടത്തിയതിന്റെ ഭാഗമായി മിക്കവാറും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആ സ്ഥലങ്ങളെല്ലാം കൈമാറി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയിൽ ഈ പ്രശ്നം വന്നിട്ടും എക്സിറ്റ് ഉണ്ടായില്ല. കിൻഫ്രയുടെ ഇൻവെസ്റ്റ്മെന്റ് നൂറ് കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ ആദ്യത്തെ വർഷം പത്ത് ശതമാനം ലീസ് പ്രീമിയം അടച്ചാൽ മതി. ബാക്കിയുള്ളത് ഒൻപത് വർഷംകൊണ്ട് അടച്ചാൽമതിയാകും. രണ്ടുവർഷം മൊറട്ടോറിയവുമുണ്ട്. ഇൻവെസ്റ്റ്മെന്റ് അൻപത് കോടി രൂപയ്ക്കും നൂറ് കോടി രൂപയ്ക്കും ഇടയിലാണെങ്കിൽ ആദ്യവർഷം 20 ശതമാനം ലീസ്

പ്രീമിയം അടച്ചാൽ മതി. രണ്ട് വർഷം മൊറട്ടോറിയവുമുണ്ട്. അഞ്ച് ഇൻസ്റ്റാൾമെന്റായി ബാക്കി തുക അടച്ചാൽ മതിയാകും. ഇൻവെസ്റ്റ്മെന്റ് 50 കോടി രൂപയ്ക്ക് താഴെയാണെങ്കിൽ ആദ്യവർഷം 20 ശതമാനം അടച്ചാൽമതി. ബാക്കി തുക 5 ഇൻസ്റ്റാൾമെന്റായി അടച്ചാൽ മതി. അങ്ങ് സൂചിപ്പിച്ച, ഭൂമിയുടെ ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും ഇപ്പോൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

ലോണിന്റെ കാര്യമെടുത്താൽ, കെ.എസ്.ഐ.ഡി.സി.-യുടെ കാര്യം അങ്ങ് സൂചിപ്പിച്ചത് ശരിയാണെങ്കിലും ഇപ്പോൾ അതിന്റെ ചിത്രം മാറി. കെ.എസ്.ഐ.ഡി.സി. വായ്പ നൽകിയ ഇനത്തിൽ ആയിരം കോടി രൂപ തികച്ച വർഷമാണിത്. ഈ ഗവൺമെന്റ് വന്നതിനുശേഷം മലബാർ മേഖലയ്ക്കുവേണ്ടി കെ.എസ്.ഐ.ഡി.സി.-യുടെ ഒരു സോണൽ ഓഫീസ് കോഴിക്കോട് സൈബർ പാർക്കിൽ ആദ്യം വാടകയ്ക്ക് തുടങ്ങുകയും പിന്നീട് അവിടെനിന്നും പുറത്തേയ്ക്കുമാറുകയും ചെയ്തു. രണ്ടുവർഷം പിന്നിടുമ്പോൾ, ഈ ആയിരം കോടി രൂപയിൽ 300 കോടി രൂപ വായ്പ നൽകിയത് കോഴിക്കോട് ഓഫീസിൽ നിന്നാണ്. അങ്ങനെ ഓരോന്നിന്റെയും വളർച്ചയുടെ കാര്യം ഞാൻ

പ്രത്യേകം എടുത്തുപറയുന്നില്ല. ചരിത്രത്തിലാദ്യമായി രണ്ടുമൂന്ന് വർഷംകൊണ്ട് 26 ശതമാനം വർധന കെ.എസ്.ഐ.ഡി.സി. ലോണിനകത്തുണ്ടായി. ബാങ്ക് വായ്പയിലും ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടെന്നുള്ളത് നേരത്തെ ഞാനിവിടെ സൂചിപ്പിച്ചിരുന്നു. അതിനുശേഷം ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മീറ്റിങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. 2023-24-ൽ കെ.എസ്.ഐ.ഡി.സി. 593 കോടി രൂപ വായ്പ കൊടുത്തു. ആയിരം കോടി രൂപയിൽ ഏകദേശം പകുതിയോളം തുക ഈ കാലയളവിൽ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എസ്.എൽ.ബി.സി. (State Level Bankers' Committee)-യിൽവച്ച കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകൾ ഒരുവർഷം 86,000 കോടി രൂപ എം.എസ്.എം.ഇ.- (Micro, Small and Medium Enterprises)-കൾക്ക് ലോൺ കൊടുത്തിട്ടുണ്ട്. ലോണിന്റെ കാര്യത്തിൽ 48 ശതമാനം വർധനയുണ്ടെന്നാണ് എസ്.എൽ.ബി.സി. സൂചിപ്പിക്കുന്നത്. വർധനയുടെ കാര്യത്തിൽ നല്ല മാറ്റമുണ്ടാകുന്നുണ്ടെങ്കിലും സി.ഡി. റേഷ്യോ നൂറിലേക്കെങ്കിലും എത്തിക്കാൻ ഇനിയും കുറേക്കൂടി സഞ്ചരിക്കേണ്ടതുണ്ടെന്നാണ് കാണുന്നത്.

ബില്ലുമായി ബന്ധപ്പെട്ടതല്ലെങ്കിലും പ്രസക്തമായ ചില പ്രശ്നങ്ങളിലൊന്ന് ട്രാക്കോ കേബിൾ കമ്പനിയുമായി ബന്ധപ്പെട്ടതാണ്. അവിടെ കുറച്ച് പ്രതിസന്ധിയുണ്ട്. അതുസംബന്ധിച്ച് കഴിഞ്ഞ സഭയിൽ ഞാൻ സൂചിപ്പിക്കുകയുണ്ടായി. അവരുമായി ചർച്ച ചെയ്തു. അതിനുവേണ്ടിയുള്ള ഭൂമി പട്ടയ ഭൂമിയാണ്. ട്രാക്കോ കേബിൾ കമ്പനിയുടെ ഇരുമ്പനത്തെ ഭൂമി ഇൻഫോപാർക്കിന് കൈമാറി. തിരുവല്ലയിലെയും ഇരുമ്പനത്തെയും കമ്പനികളെ യോജിപ്പിച്ചതിനുശേഷം രണ്ട് യൂണിറ്റുകൾ മെച്ചപ്പെടുത്തുന്നതിന് വർക്കിങ് ക്യാപിറ്റൽകൂടി കൊടുക്കാമെന്ന ധാരണയിലാണ് വന്നിട്ടുള്ളത്. അങ്ങനെ വരുമ്പോൾ തൊഴിലാളികളുടെ താൽപര്യം പൂർണ്ണമായും സംരക്ഷിക്കണം. അതിന് പാക്കേജുണ്ടാക്കണം. ആ പാക്കേജ് ഏകദേശം അവസാന രൂപത്തിലെത്തിയിട്ടുണ്ട്. ട്രേഡ് യൂണിയനുകളുമായി സംസാരിച്ചു. ആദ്യം അവിടത്തെ ട്രേഡ് യൂണിയനുകളുമായി സംസാരിച്ചു. അതിനുശേഷം സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എസ്.ടി.യു., എ.ഐ.ടി.യു.സി. തുടങ്ങി എല്ലാ സെൻട്രൽ യൂണിയനുകളുടെയും സ്റ്റേറ്റ് ഭാരവാഹികളുമായി സംസാരിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തൊഴിലാളി താൽപര്യം

പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടായിരിക്കും അതിൽ നടപടി സ്വീകരിക്കുന്നതെന്ന് ഈ ഘട്ടത്തിൽ അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

മലബാർ സിമന്റ്സ് ലിമിറ്റഡിൽ കുറച്ച് മാറ്റങ്ങൾ വന്നിട്ടുണ്ടെന്നുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. പുതിയ മാനേജിംഗ് ഡയറക്ടർ വന്നു. കമ്പോളത്തിൽ കടുത്ത മത്സരമുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിനെ സാങ്കേതികമായി കുറച്ചുകൂടി ആധുനികവൽക്കരിക്കണമെന്ന അങ്ങയുടെ അഭിപ്രായം വളരെ പ്രസക്തമാണ്. അത് പരിഗണിക്കാവുന്നതാണ്.

കൊക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡിൽ കുറച്ച് പ്രശ്നങ്ങളുണ്ടായിരുന്നത് ഇപ്പോൾ അതെല്ലാം പരിഹരിച്ചുവരികയാണ്. കൊക്കോണിക്സിന്റെ 51 ശതമാനം ഷെയർ കെൽട്രോണിന്റെ ഉടമസ്ഥതയിലേയ്ക്കുവന്നു. കെൽട്രോൺ നിലവിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എ.ഐ. ക്യാമറ സ്ഥാപിച്ചതിനെ പ്രതിപക്ഷം കുറ്റം പറഞ്ഞെങ്കിലും ഇപ്പോൾ നാഗ്പൂരിലെ 200 കോടി രൂപയുടെ എ.ഐ. ക്യാമറ സ്ഥാപിക്കുന്ന പുതിയ പദ്ധതിയും തമിഴ്നാട്ടിലെ 1000 കോടി രൂപയുടെ സ്മാർട്ട് ക്ലാസ് റൂം പദ്ധതിയും കെൽട്രോണിനാണ് ലഭിച്ചിരിക്കുന്നത്. ഇപ്പോൾ ഡിഫൻസ് മേഖലയിൽ

കെൽട്രോണും വിയറ്റ്നാം കമ്പനിയുമായി ഒരു ധാരണയിൽ വരുന്നുണ്ട്. കെൽട്രോണും റഷ്യൻ കമ്പനിയുമായി നേവിയുടെ ഒരു പദ്ധതിയിലേർപ്പെട്ടിട്ടുണ്ട്. കെൽട്രോണും മറ്റ് വിദേശ കമ്പനികളുമായി ചേർന്ന് പുതിയ പദ്ധതികളിലേയ്ക്ക് വരുന്നുണ്ട്. കൊക്കോണിക്സിന്റെ 51 ശതമാനം ഷെയർ കെൽട്രോണിലേക്ക് വന്നു. നേരത്തെ യു.എസ്. ടെക്നോളജിയുടെ ഉടമസ്ഥതയിലായിരുന്നു. അവർ അവരുടെ ഷെയർ മറ്റൊരു കമ്പനിക്ക് കൈമാറി. നേരത്തെ കെൽട്രോണിന് 49 ശതമാനം ഷെയർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ 51 ശതമാനമായി. നാല് പ്രോഡക്റ്റുകൾ അവർ തയ്യാറാക്കിയിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. ആദ്യം പ്രഖ്യാപിച്ച അതേ വേഗതയിൽ വന്നില്ലെങ്കിലും ഒരു മേക്ക് ഓവർ വരികയാണ്. നല്ല രീതിയിൽ ഒരു പ്രൊഡക്ഷനിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെൽട്രോണിലെ ശമ്പള പരിഷ്കരണം ഫിനാൻസ് വകുപ്പിന്റെ പരിഗണനയിലാണ്. അത് പരിശോധിച്ചുവരുന്നമുറയ്ക്ക് അതിനാവശ്യമായ അംഗീകാരം നൽകാം.

കയർ മേഖലയെ സംബന്ധിച്ച് ശ്രീ. പി. പി. ചിത്തരഞ്ജൻ സൂചിപ്പിക്കുകയുണ്ടായി.

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ ഉറങ്ങുകയാണോ?

ശ്രീ. പി. രാജീവ്: കയർ എന്നുകേട്ടാൽ ഏത് ഉറക്കത്തിൽനിന്നും ശ്രീ. പി. പി. ചിത്തരഞ്ജൻ എഴുന്നേൽക്കും. അതാണ് ആലപ്പുഴയുടെ ഒരു പ്രത്യേകത. ഭോപ്പാൽ ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് കയർ മേഖലയിൽ മോഡണൈസേഷൻ നടത്തുകയാണ്. ഇപ്പോൾ യുവ കോൺഗ്രസ് എം.എൽ.എ.-മാർ പഴയതുപോലെ ഖദർ ധരിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വെള്ള ഖദർ ധരിക്കുന്നുണ്ട്.

ശ്രീ. പി. രാജീവ്: അങ്ങ് അല്ല, യുവ എം.എൽ.എ.-മാർ ഖദർ ധരിക്കുന്നില്ലെന്നാണ് പറഞ്ഞത്. അങ്ങ് യുവാവാണെന്ന ധാരണയിലാണ് പറഞ്ഞതെന്ന് എനിക്കറിയാം. മനസുകൊണ്ട് അങ്ങ് യുവാവാണ്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഇന്റർവ്യൂ കണ്ടപ്പോൾ അദ്ദേഹം കളർ ഡ്രസ്സാണ് ധരിച്ചിരുന്നത്. അപ്പോൾ ഖാദിയിൽ കളർ വസ്ത്രങ്ങളുണ്ടാകണം. നല്ല ഡിസൈനുള്ള ഖാദി വസ്ത്രങ്ങൾ വേണമെന്ന് ശ്രീ.

അൻവർ സാദത്ത് പലപ്പോഴും പറയുകയുണ്ടായിരുന്നു. ഇപ്പോൾ ഖാദിയുടെ പുതിയ ഡിസൈനിലുള്ള തുണികൾ ഉൽപാദിപ്പിക്കുന്നുണ്ട്. ചെറുപ്പക്കാർക്കും ചെറുപ്പക്കാരാകണമെന്ന് ആഗ്രഹിക്കുന്നവർക്കും അത് ഉപയോഗിക്കാവുന്നതാണ്. ശ്രീ. എം. വിൻസെന്റിനെപ്പോലുള്ള ആളുകൾക്കെല്ലാം അത് ഉപയോഗിക്കാം. ഖാദിയുടെ പുതിയ മോഡലിനെക്കുറിച്ച് എല്ലാവരും പ്രചരിപ്പിക്കണം.

മി. സ്പീക്കർ: പ്രചരിപ്പിക്കണമെന്ന് പറഞ്ഞപ്പോൾ അത് ഫ്രീയായി കൊടുക്കണമെന്നാണ് പറയുന്നത്.

ശ്രീ. പി. രാജീവ്: അതിന് വ്യവസായ വകുപ്പും അവരും ഒരേ മനസ്സോടുകൂടിയാണല്ലോ പോകുന്നത്. ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് വിപണിക്കാവശ്യമായ പുതിയ ഡിസൈനുകളിലെ കയർ ഉൽപന്നങ്ങൾ നിർമ്മിക്കാനായി കയർ പിരിക്കുന്ന 500 തൊഴിലാളികളെ സെലക്ട് ചെയ്ത് അതിൽനിന്ന് ആദ്യത്തെ ഒരു ബാച്ചിനെ മാസ്റ്റർ ട്രെയിനർമാരാക്കി. മുമ്പ് WELCOME ചവിട്ടി പോലുള്ള കുറച്ച് ഡിസൈൻ മാത്രമേയുണ്ടായിരുന്നുള്ളൂ. അതോടൊപ്പം ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് ഖാദി, ഹാൻടെക്സ്,

കൈത്തറി എന്നിവയ്ക്കുവേണ്ടി 'ക' എന്ന പുതിയ ബ്രാൻഡ് ആരംഭിച്ചു. അതിലൊരു ചെറിയ 'ക്യൂ.ആർ.' കോഡുണ്ട്. ആ ക്യൂ.ആർ. കോഡ് ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്താൽ ഹാൻറെക്സ് ഉൽപന്നങ്ങളുടെ നെയ്ത്ത് മുതൽ ഉൽപന്നം വരെയുള്ള വീഡിയോ ലഭിക്കും. ആരാണ് നെയ്തത്; എന്തൊക്കെയാണ് അതിന്റെ ക്വാളിറ്റി തുടങ്ങി എല്ലാ കാര്യങ്ങളും ആ ക്യൂ.ആർ. കോഡിനകത്തുണ്ടാകും. അപ്പോൾ മാർക്കറ്റിൽ അതിനൊരു വാല്യൂ അഡിഷൻ ലഭിക്കുകയും ചെയ്യും. അതാണ് 'ക' എന്ന ബ്രാൻഡ്. അതോടൊപ്പം വെളിച്ചെണ്ണക്ക് 'നന്മ' എന്ന് പേര് കൊടുത്തിട്ടുണ്ട്. അതിലെല്ലാം ക്യൂ.ആർ. കോഡുണ്ട്. പുതിയ കാലമാകുമ്പോൾ പുതിയ രീതികൾ വേണമല്ലോ; ഖാദി ഉൽപന്നങ്ങൾക്കും ഇങ്ങനെ ക്യൂ.ആർ. കോഡ് കൊണ്ടുവരികയാണ്. വാൾമാർട്ടിലേയ്ക്ക് രണ്ട് കണ്ടെയ്നർ ഉൽപന്നങ്ങൾ അയച്ചു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വഴങ്ങുമോ?

<u>മി. സ്പീക്കർ</u>: ശ്രീ. കുറുക്കോളി മൊയ്തീൻ ചോദിച്ചതുകൊണ്ട് വഴങ്ങണ്ട.

<u>ശ്രീ. പി. രാജീവ്:</u> സർ, വഴങ്ങാൻ ചെയർ അനുവദിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റിക്കുപോയി തിരിച്ചുവരുമ്പോൾ വിശദമായി ചർച്ച ചെയ്യാം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ദൗർഭാഗ്യകരമായൊരു സാഹചര്യം ഇന്ന് മാൽകോ ടെക്സിലുണ്ടായി. അവിടെ 40 ലക്ഷത്തോളം രൂപയുടെ വൈദ്യുതി ചാർജ് കുടിശ്ശിക അടയ്ക്കാനുണ്ടായിരുന്നു. നേരത്തെയുണ്ടാക്കിയൊരു കരാറനുസരിച്ച് 5 ഘട്ടങ്ങളിലായി അത് അടച്ചുതീർക്കാമെന്ന് അവിടത്തെ ഭാരവാഹികൾ തമ്മിൽ സംസാരിച്ച് തീരുമാനിച്ചതായിരുന്നു. കുടിശ്ശികയുടെ 20 ശതമാനം ഇതിനകം അടച്ചുകഴിഞ്ഞിട്ടുമുണ്ട്. ഇന്ന് വൈദ്യുതി വിച്ഛേദിക്കാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ വരികയും അവിടെ പ്രശ്നങ്ങളുണ്ടായപ്പോൾ തൽക്കാലം നാളെ വന്ന് വിച്ഛേദിക്കുമെന്ന് പറയുകയും ചെയ്തിരിക്കുകയാണ്. സന്തോഷകരമായൊരു സംഗതി, അവിടെ ഒരു വർഷമായി ശമ്പളം കിട്ടിയിട്ടുണ്ടായിരുന്നില്ല. അവിടത്തെ എസ്.സി.യു. (State Co-operative Union) ഭാരവാഹികൾ വന്ന് അങ്ങയെ കാണുകയും നമ്മൾ സംസാരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ട് മാസത്തെ ശമ്പളം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കി ശമ്പളം നൽകിയിട്ടില്ല. അവിടെ ശമ്പളം നൽകാനും

നാളെ വൈദ്യുതി വിച്ഛേദിക്കാതെ തുടരാനും അതോടൊപ്പം ഒരു വർഷമായി അടഞ്ഞുകിടക്കുന്ന മലപ്പുറം ജില്ലയിൽത്തന്നെയുള്ള എടരിക്കോട് സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിപ്പിക്കാനുമുള്ള സാഹചര്യമുണ്ടാക്കേണ്ടതുണ്ടെന്ന വിഷയം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. പി. രാജീവ്: സർ, ശ്രീ. കുറുക്കോളി മൊയ്തീൻ സന്തോഷകരമായെന്ന് പറഞ്ഞത് ശമ്പളം കൊടുത്തതാണോ കൊടുക്കാത്തതാണോ എന്നുമാത്രം മനസ്സിലായില്ല. കുടിശ്ശിക സംബന്ധിച്ച് പറയുമ്പോൾ, കെ.എസ്.ഇ.ബി.എൽ. അവരുടെ ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ട പവർ ഡ്യൂട്ടിയുണ്ട്. ആ ഡ്യൂട്ടിക്ക് against ആയി പി.എസ്.യു.-വിന്റെ കുടിശ്ശിക എഴുതി തള്ളാമെന്നുള്ള ഒരു ഉത്തരവ് ഇറങ്ങി. അതിനെ കെ.എസ്.ഇ.ബി.എൽ.-ൽനിന്നും റിട്ടയർ ചെയ്ത പഴയ ആളുകൾ കോടതിയിൽ ചലഞ്ച് ചെയ്തതുകൊണ്ടാണ് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കാത്തത്. എങ്കിലും ആ രൂപത്തിലേയ്ക്ക് അത് മാറ്റാൻവേണ്ടി തന്നെയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ യൂണിയനുകളെല്ലാം ആവശ്യപ്പെടുകയും അങ്ങ് നേരിൽ വരികയുമുണ്ടായി. അങ്ങയോട് പറഞ്ഞ വാക്ക്, ഓണത്തിന്

മുമ്പുതന്നെ അവരുടെ ഒരു മാസത്തെ ശമ്പളം നൽകാമെന്നാണെങ്കിലും രണ്ട് മാസത്തെ ശമ്പളം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ടെക്സ്റ്റൈൽ മേഖലയിൽ പൊതുവെ ഒരു പ്രതിസന്ധിയുണ്ട്. കോട്ടൺ-ന്റെ വില കൂടുകയും നൂലിന്റെ വില വല്ലാതെ കുറയുകയും ചെയ്യുന്നു. ഉൽപാദനം കൂടുന്നതനുസരിച്ച് നഷ്ടവും കൂടുന്നു. അതാണ് ഇപ്പോഴത്തെ പ്രശ്നം. അതുകൊണ്ടുതന്നെ തിരുപ്പൂരിലും ഗ്ലോബൽ മാർക്കറ്റിലും ഉൾപ്പെടെ എല്ലായിടത്തും ടെക്സ്റ്റൈൽസ് പ്രതിസന്ധി നിലനിൽക്കുന്നുണ്ട്. ഗവൺമെന്റ് ഇപ്പോൾ കോട്ടൺ ബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് ആദ്യത്തേത് ധനകാര്യ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. 70 കോടി രൂപയുടെ പദ്ധതിയാണിത്. അതിന്റെ ടെണ്ടർ വിളിച്ചിട്ടുണ്ട്. സീസണിൽ ക്വാളിറ്റിയുള്ള കോട്ടൺ വിലകുറച്ച് ലഭിക്കുമ്പോൾ അവ ഒന്നിച്ച് സംഭരിക്കുകയും പിന്നീട് ടെക്സ്റ്റൈൽ മില്ലുകൾക്ക് നൽകുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. കോട്ടൺ ബാങ്ക് രൂപീകരിക്കുന്നതിലൂടെ എത്രമാത്രം ഈ പ്രതിസന്ധി മറിക്കടക്കാൻ സാധിക്കുമെന്ന് അറിയില്ല. എങ്കിലും മറികടക്കാനുള്ള ശ്രമം ഗവൺമെന്റ്

നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതാണ് പൊതുവെ ഇവിടെ വന്നിട്ടുള്ള പ്രശ്നങ്ങൾ.

വ്യാവസായിക ക്ലസ്റ്റർ വികസനം വരുന്നു. വ്യവസായം വരുന്നില്ലെന്നും എന്നാൽ വ്യവസായം വരുമ്പോൾ അതിന് ചില നിയന്ത്രണം കൊണ്ടുവരണമെന്ന് അടുത്ത ശ്വാസത്തിൽതന്നെ പറയുകയും ചെയ്യും. നമ്മൾ പൊതുവെ പ്രോത്സാഹിപ്പിക്കുന്ന സംവിധാനമാണ് ക്ലസ്റ്റർ. നാഷണൽ ക്ലസ്റ്ററുണ്ട്, കേരളത്തിലും ക്ലസ്റ്റർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ക്ലസ്റ്റർ കോൺസെപ്റ്റ് എന്താണ്; വ്യവസായങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക്..... ഉദാഹരണത്തിന് Effluent Treatment പ്ലാന്റ്, raw material procurement ഒക്കെ പൊതുവായി ചെയ്താൽ മതിയാകും. അതുപോലെ മാർക്കറ്റിംഗ് ഒരുപോലെ കൊണ്ടുപോകാൻ കഴിയും, സ്കിൽഡ് ലേബർമാരുടെ availability ഒരേ സ്ഥലത്തുണ്ടാകും. ഇതാണ് ക്ലസ്റ്ററിന്റെ അടിസ്ഥാന ആശയം. അതിനെ പ്രോത്സാഹിപ്പിക്കുകയാണ് നമ്മൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ക്ലസ്റ്റർ വ്യവസായമല്ലെങ്കിലും ചില പ്ലൈവുഡ് കമ്പനികൾ അടുത്തടുത്ത് വരുന്നവെന്നുള്ളതാണ്. അത്തരത്തിൽ നല്ല കമ്പനികളുണ്ട്. ശ്രീ.

ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെയുണ്ട്. അദ്ദേഹം വിളിച്ചിട്ട് ഞാൻ ഒരു കമ്പനിയുടെ ഉദ്ഘാടനത്തിന് പോയി. എനിക്കന്ന് ചെറിയ ജലദോഷമൊക്കെ ഉള്ളതുകൊണ്ട് പൊടിയുണ്ടാകുമെന്ന് കരുതി ഒരു മാസ്ക്കൊക്കെ വച്ചാണ് ഞാനവിടേയ്ക്ക് പോയത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, (മൈക്ക് ഓഫ്)

ശ്രീ. പി. രാജീവ്: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ.-യുടെ സാക്ഷ്യം വന്നതുകൊണ്ട് ഞാനത് വിശദീകരിക്കേണ്ടതില്ല. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററും ഞാനുംകൂടി ചെല്ലുമ്പോൾ അവിടെ ഒരു പൊടിയുമില്ല. കംപ്ലീറ്റ് മോഡേൺ മെഷീനുകൾ ഉപയോഗിച്ച് സിസ്റ്റം വരയ്ക്കുന്നതിനനുസരിച്ചാണ് എല്ലാം കട്ട് ചെയ്തുപോകുന്നത്. ഞാനും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലുംകൂടി സ്റ്റീലിന്റെ ഒരു സ്ഥാപനത്തിന്റെ ചടങ്ങിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ നിയോജകമണ്ഡലം പ്ലൈവുഡ് കമ്പനികളുടെ കേന്ദ്രമാണ്. അവിടെ പഴയ രീതിയിലല്ല പുതിയ സംവിധാനങ്ങളാണ് ഉപയോഗിക്കുന്നത്. അത്തരത്തിൽ പൊതുവായ നയത്തിനകത്ത് നിന്നിട്ടാണ് നമ്മൾ മുന്നോട്ടുപോകുന്നത്. അതിൽ എവിടെയെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ

പരിഹരിക്കാൻ നടപടിയുണ്ടാകും. മൂന്ന് വർഷത്തിനുള്ളിൽ ലൈസൻസ് എന്നുപറഞ്ഞാൽ, അത് നിയമപരമായിരിക്കണം. നിയമപരമായിത്തന്നെയാണ് പോകേണ്ടത്. പുതിയപുതിയ സംരംഭങ്ങൾ വരുന്നതിനെ നമ്മളെല്ലാവരും പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. ചിലയിടങ്ങളിൽ ചില പ്രശ്നങ്ങൾ വരുന്നുണ്ട്. അതിൽ ന്യായമായതുമുണ്ട്, നമ്മുടെയെല്ലാം പൊതുവായ കാഴ്ചപ്പാടിനനുസരിച്ചല്ലാതെ പ്രാദേശിക പ്രാതിനിധ്യമുള്ള മെമ്പർമാരുടെയൊക്കെ സമീപനംമൂലവും ചിലയിടങ്ങളിൽ പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിതന്നെ കേരളത്തിൽ എല്ലാ ജില്ലകളിലും അദാലത്ത് നടത്തി. അതിൽ നല്ലൊരു പങ്കും സംരംഭകരുടെ പരാതികളായിരുന്നു. എല്ലാത്തിനും തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞു. അതിൽ 92 ശതമാനം പരാതികളിലും അനുകൂലമായി തീരുമാനമെടുക്കാൻ കഴിഞ്ഞത് അദാലത്തുകളുടെ ചരിത്രത്തിൽ അപൂർവ സംഭവമായിരിക്കും. അതിൽ നിന്ന് പഠിച്ച പാഠങ്ങളുടെ അടിസ്ഥാനത്തിൽ നിരവധി ചട്ടങ്ങൾ ഭേദഗതി വരുത്തുകയാണ്. അതാണ് ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചത്. വീട്ടിൽ സംരംഭം തുടങ്ങുന്നതിന് ലൈസൻസ്

കൊടുക്കാം. ഒരു സ്ഥാപനം നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിനുശേഷം പുതിയ നിയമമോ ചട്ടമോ വരികയാണെങ്കിൽ ആ ചട്ടത്തിനനുസരിച്ചല്ല, പഴയ ചട്ടത്തിനനുസരിച്ച് അവർക്കവിടെ മെയിന്റനൻസ് ചെയ്യാം അങ്ങനെ കുറേയേറെ മാറ്റങ്ങൾക്ക് അവർ തുടക്കംകുറിക്കുന്നുണ്ട്. അങ്ങനെ ഇതിനകത്ത് നല്ല മാറ്റം വരുന്നുണ്ട്.

KSIE (Kerala State Industrial Enterprises Limited)യുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. അവിടെ ശമ്പളം ഉയർത്തിയിട്ടില്ലെന്ന് പറഞ്ഞു. ഇപ്പോഴത് 16,000/- രൂപയിൽനിന്നും 19,500/- ആയി ഉയർത്തിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, KSIE-യുടെ സ്ഥലം പരമാവധി ഉപയോഗിക്കുന്ന കാര്യം പറഞ്ഞു. തിരുവനന്തപുരത്ത് അദാനി ഗ്രൂപ്പിന്റെ സ്ഥലം ലഭിക്കാനായി അവരുമായി നമ്മൾ ഇടപെട്ടതിന്റെ ഭാഗമായി കുറച്ച് സ്ഥലം കിട്ടിയിട്ടുണ്ട്. അങ്ങനെ KSIE-യുടെ കോഴിക്കോട്ടും ആ രൂപത്തിൽ പരമാവധി സ്ഥലം വിനിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. പൊതുചർച്ചയിൽനിന്ന് ഞാൻ അധികം വിട്ടുനിൽക്കുന്നില്ല. എന്നാൽ, വസ്തുതയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ സഭാ

രേഖയിലുണ്ടാകാൻ ഇടയുണ്ട് എന്നതുകൊണ്ട് അതിലൊരു വ്യക്തത വരുത്തേണ്ടതുണ്ട്. നമ്മൾ പ്രത്യയശാസ്ത്ര പിടിവാശിയുടെ കാര്യമാണ് പറഞ്ഞുവന്നത്. നമ്മളെല്ലാം കാണേണ്ടത്, ഞാനും ഇവിടെയിരിക്കുന്ന പലരും പാർലമെന്റിൽ പ്രവർത്തിച്ചവരാണ്. നിങ്ങളിൽ പലരും എത്രയോ കാലത്തെ അനുഭവ സമ്പത്തുള്ളവരാണ്. എന്നാൽ ശ്രദ്ധ പിടിച്ചുപറ്റാൻ സഭയ്ക്കകത്ത് എന്തും പറയാമെന്ന അവസ്ഥയിലേയ്ക്ക് നമ്മൾ മാറാൻ പാടില്ല. ചിലർ തലക്കെട്ടുകൾക്കുവേണ്ടി ഓരോന്നും പറയുകയാണ്. അങ്ങനെയാണെങ്കിൽ ഇവിടെ നമുക്ക് എന്തൊക്കെ കാര്യങ്ങൾ പറയാൻ സാധിക്കും; വസ്തുതയുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് പ്രകോപനത്തിലേയ്ക്ക് എത്തിക്കുകയാണ്. എന്തായിരുന്നു കൂത്തുപറമ്പ് സമരം; ബഹുമാനപ്പെട്ട അംഗം പറഞ്ഞതായിരുന്നില്ല മുദ്രാവാക്യം. ഇക്കാര്യത്തിൽ അന്ന് എറണാകുളത്ത് നിങ്ങളുടെ പോലീസിന്റെ അടികൊണ്ട ആളല്ലേ ഞാൻ; ഞാൻ വിശദീകരിക്കുന്നില്ല. അന്നത്തെ സമരമെന്ന് പറഞ്ഞാൽ, എം. വി. രാഘവൻ അധ്യക്ഷനായ ടി.ബി. സാനിറ്റോറിയത്തിന്റെ ഭൂമി ഒരു പുതിയ സൊസൈറ്റിക്ക് കൈമാറുകയാണ്. ആ സൊസൈറ്റിയുടെ പ്രസിഡന്റ് കെ.

കരുണാകരനും അടുത്തയാൾ എം. വി. രാഘവനുമാണ്. ചീഫ് മിനിസ്റ്റർ കെ. കരുണാകരനും മന്ത്രി എം. വി. രാഘവനും എന്ന രീതിയിൽ ഒഫീഷ്യൽ കപ്പാസിറ്റിയിലല്ല ആ സൊസൈറ്റി രജിസ്റ്റർ ചെയ്തത്. Individual capacity-യിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് ആ സൊസൈറ്റിയിലേയ്ക്ക് ഗവൺമെന്റിന്റെ ഭൂമി കൈമാറുകയും ആ ഭൂമി ഉപയോഗിച്ചുകൊണ്ട് ഒരു മെഡിക്കൽ കോളേജിന് അനുമതി നൽകുകയുമാണ് ചെയ്തത്. മെഡിക്കൽ കോളേജിന് അനുമതി നൽകിയതിന്റെ പേരിൽ ആ കടലാസ് സംഘടനയ്ക്കെതിരെ സമരം നടത്തിയപ്പോൾ അവിടേയ്ക്ക് അന്നത്തെ സഹകരണ വകുപ്പുമന്ത്രി വന്നഘട്ടത്തിലാണ് ഈ പ്രക്ഷോഭം നടക്കുന്നത്. അതാണ് സമരം, ചരിത്രം പഠിക്കണം. വാട്സ്ആപ്പ് യൂണിവേഴ്സിറ്റിയിൽനിന്നുമാത്രം ചരിത്രം പഠിച്ചിട്ട് കാര്യമില്ല. ഞങ്ങൾ പറയുന്നത്, ഡോ. മാത്യു കുഴൽനാടനെ പോലൊരു വ്യക്തിക്ക് പുഷ്പനെന്നുപറയുന്ന രക്തസാക്ഷിയുടെ പേര് ഉച്ചരിക്കാൻ അവകാശമില്ല. അതുകൊണ്ടാണ് ബഹളം വന്നത്. ഒരു അർഹതയുമില്ല നിങ്ങൾക്ക്. രണ്ടുവരി മൂളുമ്പോൾ അത് മാധ്യമങ്ങൾക്ക് ഒരു ദിവസത്തേയ്ക്കുള്ള വാർത്തയാകാം, നാളെ

നിങ്ങളുടെ ചിത്രമോ അല്ലെങ്കിൽ നിങ്ങളുടെ രണ്ട് ക്വാട്ടിംഗോ നിങ്ങൾക്ക് കിട്ടുന്ന മാധ്യമ പരിലാളനയിൽ ഉണ്ടായെന്നുവരാം. പക്ഷേ രക്ഷസാക്ഷികളുടെ പേരിനെയും പോരാട്ടത്തെയും ആ രൂപത്തിൽ നിങ്ങൾ അധിക്ഷേപിക്കാൻ ശ്രമിക്കുന്നത് അങ്ങേയറ്റം തെറ്റാണ്. ഒരുതരത്തിലും അംഗീകരിച്ചുതരാൻ കഴിയാത്ത കാര്യമാണ്. അത് സഭയുടെ രേഖയിലുണ്ടാകും എന്നുള്ളത് വസ്തുതാവിരുദ്ധവും ചരിത്ര നിഷേധവും ഒരു പോരാട്ടത്തെയാകെ റദ്ദാക്കാനുള്ള പ്രഖ്യാപനവുമായതുകൊണ്ടാണ് ഞാൻ അവസാനമായി ഇതുകൂടി സൂചിപ്പിച്ചത്.

ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. മുരളി പെരുനെല്ലി, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ, 2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2024-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീ. മോൻസ് ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്, 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

**ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.**

ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഒക്ടോബർ മാസം 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.49-ന് പിരിഞ്ഞു.)

* * * * *